KNANAYADEEPAM

# ക്നാനായ ദീപം

SINCE 1989

Vol: 31 / Issue: 6 June 2020 ₹ :15/-



## ക്നാനായ സമുദായത്തിന്റെ പ്രഥമ മേലദ്ധ്യക്ഷൻ

## പുണ്യശ്ലോകനായ ഗീവറുഗീസ് മോർ സേവേറിയോസ് മെത്രാപ്പോലീത്താ

# 5 – ാം ചരമ വാർഷികം

15-05-2020



## ഇടവഴിക്കൽ കുഞ്ഞവറാച്ചൻ (ഇ. കെ. ഏബ്രഹാം)

ചിങ്ങവനം

"നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവൻ വലഭാഗത്തിൽ"

# ക്നാനായ ദീപം

SINCE 1989

2020 ജൂൺ    പുസ്തകം 31    ലക്കം 6

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം

## ഉള്ളടക്കം

എഡിറ്റോറിയൽ 04

സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം 05

സമുദായ വാർത്തകൾ 06
റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ

നഷ്ടം 08
പുളിങ്കുന്ന് ലൂക്കാ

MBA യ്ക്കു എങ്ങനെയാ സ്കോപ്പ് ഉണ്ടോ? 09
ഡോ. സുനിൽ ഡി. കുരുവിള

“എവിടെ നിന്റെ മാതാവും പിതാവും” 10
റ്റി.കെ. തോമസ് തൈകുറിഞ്ഞിയിൽ

മാതൃകാ കുടുംബജീവിതം 15
ഫാ. ഡോ. ജെയിംസ് തോടത്തിൽ

തലമുറയെ ശക്തരാക്കിടുവിൻ 17
ജെയിനമ്മ മർക്കോസ്

ക്നാനായ കുടിയേറ്റവും മലങ്കര സഭാ ചരിത്രത്തിലെ നിർണ്ണായക സ്വാധീനങ്ങളും 18
ഡോ. കുറിയാക്കോസ് കോർ എപ്പിസ്കോപ്പാ മൂലയിൽ

നോവൽ കൊറോണ വൈറസ് 21
റവ. പി. ജോൺ ഫിലിപ്പ്

24 സങ്കേത നഗരങ്ങൾ
ജേക്കബ് ജോസ് മണിമലേത്ത്

25 ആരാധനാലയങ്ങൾ തുറക്കുന്നത് സംബന്ധിച്ചുള്ള കേന്ദ്രസർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ

26 മലർവാടിക്കൂട്ടം

26 ബാലദീപം ക്വിസ്

39 ആത്മസ്നേഹം
ഡോ. ഐബി ജോസഫ്, റാന്നി

41 ‘ഞങ്ങൾക്ക് ശ്വാസം മുട്ടുന്നു’
ഫാ. ബോബി ജോസ് കട്ടികാട്

42 കാൽപ്പാടുകൾ
എബി

43 പഠനം എന്ന ജീവചൈതന്യം
മീരാകൃഷ്ണ

44 ദിവ്യ ചൈതന്യം
ശോശാമ്മ ജോസഫ്

45 മാട്രിമോണിയൽ

ക്നാനായദീപം വരിസംഖ്യ കുടിശ്ശിഖയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം

മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.

**Chief Patron**
**H.E. Mor Severios Kuriakose**
Samudaya Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**

**Chief Editor**
**V. Rev. Roy Mathew Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
T. S. Mathukutty Thekkeparambil
E. P. Kuriakose, Edavazhikkal
K. A. Thomas Komarathumparambil
Sibi Mathew Thondukuzhiyil
Anu Kurian Padakasseril

**Press Manager**
**Fr. Sherin C. Kollamparambil**

**Press Managing Committee**
Abraham Kurian Kaipuzha
Benny Mathew Kariyil
P. A. Joseph Puthenpurackal
A. U. Kuriakose Ayikkara
Shino Joseph Kalloorthundiyil
Sibi Baby Thoppil

**Ex-officio Members**
Scaria Thomas (Ex. M.P.)
(Lay Trustee)
T. O. Abraham Thottathil
(Samudaya Secretary)

**Visit www. knanayadeepam.com**

**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com

**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Phone: 0481-2430176
Mob. 7034400176
E-mail:
**kna.deepam@gmail.com**

ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക

# editorial



## എഡിറ്റോറിയൽ

കർത്താവിൽ പ്രിയരെ,

ഹൃദയഭേദകമായ നിരവധി ദുരിതങ്ങളുടെയും ദുരന്തങ്ങളുടെയും "കോവിഡ്-19 മൂലമുള്ള മരണങ്ങളുടെയും" കൊറോണയുടെ വർദ്ധനവിന്റെയും വാർത്തകളുമായിട്ടാണ് വാർത്താ മാധ്യമങ്ങൾ നമ്മുടെ മുമ്പിൽ എത്തുന്നത്. പലപ്പോഴും അവ യാഥാർത്ഥ്യമല്ലാതിരുന്നെങ്കിൽ എന്ന് ആശിച്ചു പോകാവുന്ന നിലയിൽ കഠോരമായിരിക്കും. സാമ്പത്തിക പ്രതിസന്ധി എല്ലാ രാജ്യങ്ങളേയും ഗ്രസിച്ചിരിക്കുന്നു. കോവിഡ് എന്ന ഒരു ചെറിയ വിഷാണുവിനെ നിയന്ത്രിക്കുവാനോ നശിപ്പിക്കുവാനോ കഴിയാതെവണ്ണം ശാസ്ത്രലോകം പരാജയം സമ്മതിച്ചിരിക്കുകയാണ്. ഏറ്റവും ഒടുവിലായി ലോകവ്യാപകമായിത്തന്നെ ഭക്ഷ്യധാന്യങ്ങളുടെ ദൗർലഭ്യം അനുഭവപ്പെട്ടേക്കുമോ എന്ന ഭയവും ഉണ്ട്. ഇതൊക്കെയും ലൗകിക രംഗത്തെ പ്രതിഭാസമാണ്. എന്നാൽ ആത്മീകഗോളത്തിലെ സ്ഥിതി എന്ത്? അന്ത്യകാല ലക്ഷണങ്ങൾ ലോകരംഗങ്ങളിൽ അക്ഷരം പ്രതി വെളിപ്പെട്ടുവരുന്നതു കണ്ടുകൊണ്ട് സ്വയം ക്രമീകരിച്ച് ഉണർന്നെഴുന്നേല്ക്കുന്നതിനു പകരം കൂടുതൽ സങ്കുചിതമായി മാറിക്കൊണ്ടിരിക്കുകയല്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ചേരിപ്പോരും, ചാക്കിട്ടുപിടിക്കലും കാലുമാറ്റവും രാഷ്ട്രീയത്തിലെ തന്നെ മൂന്നാംതരം മുറകളായി ഗണിക്കപ്പെട്ടിരിക്കെ സഭാതലത്തിൽ ഇതു മാന്യമോ? ഏതു വിധേനയും ദൈവനാമം മഹത്വപ്പെടുകയും നശിച്ചുപോകുന്ന ആത്മാക്കൾ രക്ഷിക്കപ്പെടുകയും ചെയ്യണമെന്ന ഭാവത്തോടെ പ്രവർത്തിക്കേണ്ടതിനുപകരം "ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും" എന്നതിനു സമാനമായി, ആത്മീക മരണത്തിന്റെ വക്കിലെത്തിയ ആളുകളുടെ ഒരു കൂട്ടം മാത്രമായി മാറിയിരിക്കുന്നതിലേറെ കഷ്ടം വേറെ എന്തുണ്ട്? പൊതുവേ പറഞ്ഞാൽ സഭകൾക്ക് ഉണ്ടായിരുന്ന ദർശനം നഷ്ടപ്പെട്ടിരിക്കുന്നു. നഷ്ടപ്പെട്ടതല്ല നഷ്ടപ്പെടുത്തിയതാണെന്നു തന്നെ പറയാം. ദൈവത്തെ ഭയവും മനുഷ്യനെ ശങ്കയും ഇല്ലാത്ത ന്യായാധിപന്മാർ വർദ്ധിച്ചിരിക്കുന്നു. ഇവരിൽ പലരും നേതൃസ്ഥാനത്തു തന്നെയാണെന്നതുകൊണ്ട് ശുദ്ധീകരണം വളരെ പ്രയാസമുള്ള കാര്യമാണ്. ഈ പ്രശ്നങ്ങൾക്കെല്ലാം തന്നെ ഏക പോംവഴി തുറന്ന ഹൃദയത്തോടെ ഒരു സ്വയം പരിശോധനയ്ക്കു സഭാനേതൃത്വം തയ്യാറാകുക. സഭയിലെ ചില വൈദികരും ഇന്നത്തെ ഏതെങ്കിലും ഉൾപ്പോരിൽ കരുവായി മാറ്റപ്പെടുന്നില്ലേ എന്നു സംശയിച്ചു പോകുകയാണ്. അതിൽ നിന്നും മാറി ഒറ്റക്കെട്ടായി പ്രവർത്തിച്ചാൽ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കും.

സഭാകലണ്ടർപ്രകാരം ഇപ്പോൾ (കൃംതാ) ഉയർപ്പിന്റെ നാളുകളാണല്ലോ. യേശുക്രിസ്തു മരിച്ചവരുടെ ഇടയിൽ നിന്നും ഉയർത്തെഴുന്നേറ്റ സംഭവത്തെ വർഷംതോറും ലോകമെമ്പാടും ആചരിക്കുകയാണ്. യേശുക്രിസ്തു ഈ ലോകത്ത് സഞ്ചരിച്ച കാലഘട്ടത്തിൽ വെളിപ്പെടുത്തിയ അത്ഭുതത്തിനും മഹത്വത്തിനും സ്നേഹത്തിനും മനസ്സലിവിനും ഒട്ടും മങ്ങലേൽക്കാത്ത വ്യക്തിയായി ഇന്നും ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നുവെന്നതനുഭവിച്ചറിഞ്ഞിട്ടാണോ ഈസ്റ്റർ ആചരിക്കുന്നതെന്ന കാര്യം ഈ സമയത്തെങ്കിലും ചിന്തിക്കുമോ. യേശുക്രിസ്തു ജീവിക്കുന്നുവെന്ന് അനുഭവിച്ചറിഞ്ഞു അക്കാര്യം മറ്റുള്ളവരോടു പറയൂ.

മരണകരമായ കാൻസർ രോഗം പിടിച്ച് വൈദ്യ ശാസ്ത്രത്തിനിനി ഒന്നും ചെയ്യാനില്ലെന്ന് പറയുകയും ബന്ധുക്കളെല്ലാം നിലവിളിക്കുകയും ചെയ്ത അവസ്ഥയിൽ കഴിഞ്ഞവർഷം മെയ് ജൂൺ മാസങ്ങളിൽ കിടന്ന എന്നെ സൗഖ്യം പ്രാപിച്ച് എഴുന്നേറ്റ് ആരോഗ്യവാനായി ഒരു വർഷക്കാലം പ്രവർത്തിക്കുവാൻ അനുവദിച്ച യേശുക്രിസ്തു ഇന്നും ജീവിക്കുന്നു എന്ന സത്യം ഒരിക്കൽ കൂടി പ്രസ്താവിക്കട്ടെ. കടബാധ്യത കൊണ്ട് അപമാനവും ദാരിദ്ര്യവും പട്ടിണിയും അനുഭവിച്ച് ആരിൽ നിന്നും ഒരു സഹായവും കിട്ടാതെ നിരാശനായി ആത്മഹത്യയെക്കുറിച്ച് ചിന്തിച്ചവന്റെ ജീവിതത്തിൽ ഒരു പുതിയ വഴിയിലൂടെ നന്മയിലേയ്ക്ക് വളരാൻ സാധിച്ചത് യേശു ജീവിക്കുന്നതുകൊണ്ടാണ്. ഇത് അനുഭവിച്ചറിഞ്ഞവരും കണ്ട് ബോധ്യപ്പെട്ടവരും യേശുക്രിസ്തു ഇന്നും ജീവിക്കുന്നുവെന്ന് മറ്റുള്ളവരോട് പറയണം

എന്ന്

നിങ്ങളുടെ

**പ്രിയ റോയി അച്ചൻ**

# സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം



വലി. സുറിയാനിസഭ ശ്ലീഹാ നോമ്പ് ആചരിക്കുന്ന മാസമാണ് ജൂൺ. ജൂൺ 29 ശ്ലീഹാ നോമ്പുവീടലും പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ രക്തസാക്ഷി ദിനവും ജൂൺ 30 എല്ലാ ശ്ലീഹന്മാരുടെയും ഓർമ്മ ദിവസമായും പരി. സഭ ആചരിക്കുന്നു.

പരിശുദ്ധ പൗലോസ് ശ്ലീഹാ സ്നാനമേറ്റു ക്രിസ്ത്യാനിയാകുന്നതിനു മുമ്പ് ശൗൽ എന്ന പേരുള്ള ഒരു പരീശനായിരുന്നു. ഗമാലിയേൽ എന്ന ന്യായശാസ്ത്രിയുടെ കാൽക്കലിരുന്നു ന്യായപ്രമാണം സൂക്ഷ്മതയോടെ പഠിച്ചവനായിരുന്നു യഹൂദന്മാരുടെ സുപ്രീം കോർട്ടായ "സന്നീദ്രിം സംഘ"ത്തിലെ എഴുപതംഗ സംഘത്തിൽ ഒരാളായിരുന്നു. മരണശിക്ഷ ഒഴികെ എന്തുശിക്ഷയും യഹൂദസഭാംഗങ്ങൾക്കു നല്കുവാൻ അധികാരമുള്ളവനുമായിരുന്നു അദ്ദേഹം. ശ്ലീഹന്മാരാൽ തെരഞ്ഞെടുക്കപ്പെട്ടു ശെമ്മാശ്ശന്മാരായി പട്ടം കെട്ടപ്പെട്ടവരിൽ പ്രധാനിയായ സ്തേഫാനോസ് ശെമ്മാശ്ശൻ കല്ലെറിഞ്ഞു കൊല്ലപ്പെട്ടപ്പോൾ ആ കൊലയ്ക്കു പിൻതുണ പ്രഖ്യാപിച്ചു, കല്ലെറിയുന്നവരുടെ വസ്ത്രങ്ങൾക്കു കാവൽ നിന്ന യഹൂദമതഭ്രാന്തനായിരുന്നു ശൗൽ.

ഈ ശൗൽ ദമസ്ക്കോസിലുള്ള യഹൂദ ക്രിസ്ത്യാനികളെ പിടിച്ചു കെട്ടി യറുശലേമിൽ കൊണ്ടുവന്ന് ന്യായപ്രമാണ പ്രകാരം ശിക്ഷിപ്പാൻ തക്കവണ്ണം ദമസ്ക്കോസ് പട്ടണത്തിന്റെ പടിവാതിക്കൽ എത്തി. നട്ടുച്ചയുടെ സമയത്തു സൂര്യനെ വെല്ലുന്നോരുപ്രകാശം അവൻ കണ്ടു "ശൗലേ, ശൗലേ നീ എന്നെ ഉപദ്രവിക്കുന്നതെന്ത്?" എന്നൊരു ശബ്ദം അവൻ കേട്ടു. നീ ആരാകുന്നു കർത്താവേ എന്ന ചോദ്യത്തിന് "നീ ഉപദ്രവിക്കുന്ന നസ്രായനായ യേശുവാകുന്നു ഞാൻ' എന്നവൻ ഉത്തരം പറഞ്ഞു. കൂടെ ഉണ്ടായിരുന്നവരുടെ സഹായത്താൽ പട്ടണത്തിലുള്ള അനന്യാസ് എന്ന കർത്തൃദാസന്റെ ഭവനത്തിലേക്കു അവൻ നയിക്കപ്പെട്ടു. മൂന്നു ദിവസം ആഹാരം ഒന്നും കഴിക്കാതെ നോമ്പനുഷ്ഠിച്ച് അവിടെ കഴിഞ്ഞു. മൂന്നാം ദിവസം അനന്യാസ് എന്ന ദൈവദാസന്റെ ഉപദേശത്താൽ അവൻ സ്നാനം സ്വീകരിച്ചു. അവന്റെ പാപങ്ങളെ കഴുകിക്കളഞ്ഞു. (അപ്പോ.പ്ര.22:16). ശൗൽ എന്ന ക്രിസ്തു വിരോധി പൗലോസ് എന്ന ക്രിസ്തു സ്നേഹിയായിത്തീർന്നു.

എന്തുപദ്രവമാണ് ശൗൽ കർത്താവിനോടു ചെയ്തത്? ദൈവം മോശയിലൂടെ ജനത്തിനു നല്കിയ ന്യായപ്രമാണം ശാസ്ത്രിമാരിൽ നിന്നും ഔദ്യോഗികമായി പഠിച്ചു. ആ അറിവിനനുസരിച്ച് സഭയെ നയിച്ച ശൗലിന്റെ പ്രവർത്തനങ്ങൾ ക്രിസ്തുവിനു ദ്രോഹമായിരുന്നു. കാരണം, ന്യായപ്രമാണം വരുവാനുള്ള നന്മകളുടെ നിഴൽ മാത്രമായിരുന്നു! കർത്താവുതന്നെ പറഞ്ഞതുപോലെ താൻ ന്യായപ്രമാണത്തെ നീക്കാനല്ല നിവർത്തിപ്പാനാണു വന്നത്. മനുഷ്യവർഗ്ഗത്തിന്റെ പാപമോചനത്തിനുവേണ്ടി ദിവസംപ്രതി ദൈവാലയത്തിൽ നടത്തിയിരുന്ന ബലി പെസഹാകുഞ്ഞാടായ നമ്മുടെ കർത്താവ് ഒരിക്കലായിട്ടു ഗോഗുൽത്തായുടെ ഉയരങ്ങളിൽ സ്വയം നടത്തി എന്നേക്കുമുള്ള വീണ്ടെടുപ്പു കൈവരിച്ച് മനുഷ്യവർഗ്ഗത്തിനു നല്കിയിരിക്കയാണ്.

സ്വർഗ്ഗസ്ഥനായ നമ്മുടെ കർത്താവ് പെന്തിക്കോസ്തിയുടെ ദിവസം പിതാവിന്റെ സന്നിധിയിൽ നിന്നു അയച്ച പരിശുദ്ധ റൂഹായുടെ ആവാസത്താൽ ശ്ലീഹന്മാരെ പുതിയനിയമസഭയുടെ അമരക്കാരാക്കി അവകാശം നല്കി. അവൻ മൂലം വളർന്നുകൊണ്ടിരുന്ന പുതിയനിയമ സഭയെ പീഡിപ്പിച്ചു ഇല്ലായ്മ ചെയ്തുകൊണ്ടിരുന്ന പ്രവർത്തിയെയാണു "തന്നോടുള്ള ഉപദ്രവമായി" കർത്താവു വിശേഷിപ്പിക്കുന്നത്.

നമ്മുടെ ജീവിതത്തിലേക്കു നമുക്കൊന്നു തിരിഞ്ഞു നോക്കാം. ശ്ലീഹന്മാർ പകർന്നുതന്ന ശ്ലൈഹിക വിശ്വാസത്തിൽ തന്നെയോ നാം ജീവിക്കുന്നത്? ഭിന്നതകളും കലഹങ്ങളും നമ്മുടെ ഇടയിൽ ഉണ്ടോ? വിശ്വാസ ത്യാഗം നമ്മിൽ സംഭവിച്ചിട്ടുണ്ടോ? ഭാഗ്യവാനായ പൗലോസ് ശ്ലീഹാ ഒരിക്കൽ നമ്മോടു പറഞ്ഞു"ഞങ്ങൾ നിങ്ങളെ അറിയിച്ച സുവിശേഷത്തിനു വിരോധമായി ഞങ്ങൾ തന്നെയാകട്ടെ ഇനി സ്വർഗ്ഗത്തിൽ നിന്നൊരു ദൂതൻ തന്നെയാകട്ടെ അറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവനാകുന്നു (ഗലാ.1:8-9).

ആകയാൽ കാതോലികവും, ശ്ലൈഹികവും, ഏകവും, വിശുദ്ധവുമായ സഭയിൽ ഉറച്ചുനില്പാൻ ശ്രദ്ധിപ്പീൻ. നമുക്കുവേണ്ടി ജീവൻ തന്ന കർത്താവിനെ ഉപദ്രവിക്കരുത്.

കർത്തൃശുശ്രൂഷയിൽ നിങ്ങളുടെ
**സേവേറിയോസ് കുറിയാക്കോസ്**
**മെത്രാപ്പോലീത്താ**



റ്റി.ഒ. എബ്രഹാം തോട്ടത്തിൽ, ക്നാനായ സമുദായ സെക്രട്ടറി

# സമുദായ വാർത്തകൾ

പ്രിയപ്പെട്ട സമുദായാംഗങ്ങളെ,

ഇപ്പോഴത്തെ ക്നാനായ കമ്മറ്റി നിലവിൽ വന്നത് 2018 ആഗസ്റ്റ് 28-ാം തീയതിയാണ്. വലിയ പ്രതിസന്ധിയുടെ മദ്ധ്യത്തിലാണ് കമ്മറ്റി ചാർജ് എടുത്തത്. അന്നുമുതൽ സമുദായത്തിൽ ശാശ്വതസമാധാനം ഉണ്ടാകുന്നതിനുവേണ്ടി ഞങ്ങൾ ഞങ്ങളാലാകുന്നത്ര ശ്രമിച്ചു. ലെബനോൻ ചർച്ചയ്ക്കുശേഷം സമുദായ ട്രസ്റ്റി സ്കറിയ തോമസ് എക്സ്. എം.പി. യെ ചർച്ചകൾക്കു ചുമതലപ്പെടുത്തി. അദ്ദേഹം സഹായ മെത്രാപ്പോലീത്താമാരുമായി ബന്ധപ്പെട്ടു പലപ്രാവശ്യം ചർച്ചയ്ക്ക് ശ്രമിച്ചു എങ്കിലും ചർച്ചകൾ ഫലവത്തായില്ല. സമാധാനത്തിന്റെ ഭാഗമായി പരി. പാത്രിയർക്കീസ് ബാവ വൈദിക ജനറൽ ട്രാൻസ്ഫർ ഉൾപ്പെടെ 15 നിർദ്ദേശങ്ങൾ സമുദായ മെത്രാപ്പോലീത്തായ്ക്ക് അയച്ചുകൊടുത്തു. ഇതു ഭരണപരമായ കാര്യമായതിനാൽ അസ്സോസിയേഷനിൽ പാസ്സാക്കണമെന്നും ആ കല്പനയിൽ ഉണ്ടായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ആ കല്പന സമുദായ മെത്രാപ്പോലീത്താ ക്നാനായ കമ്മറ്റിയ്ക്ക് ഫോർവേഡ് ചെയ്തുതരുകയും കമ്മറ്റി ആ നിർദ്ദേശങ്ങൾ അസ്സോസിയേഷൻ അംഗങ്ങൾക്ക് അയച്ചുകൊടുക്കുകയും, ക്നാനായ അസ്സോസിയേഷൻ 2020 ജനുവരി 28-ാം തീയതി കൂടുകയും അസ്സോസിയേഷനിൽ കോടതി ഓബ്സേർവറുടെ സാന്നിദ്ധ്യത്തിൽ ചർച്ചചെയ്യുകയും ചർച്ചയ്ക്കുശേഷം വോട്ടെടുപ്പിലൂടെ ഭൂരിപക്ഷതീരുമാനപ്രകാരം ഏതാനും ചില ഭേദഗതികളോടെ അസ്സോസിയേഷൻ പാസ്സാക്കുകയും ആണ് ഉണ്ടായത്.

ഈ തീരുമാനം സമുദായമെത്രാപ്പോലീത്താ പരി. ബാവായെ രേഖാമൂലം അറിയിക്കുകയും ചെയ്തു. എന്നാൽ പരി. ബാവായുടെ മറുപടി കല്പനയിൽ അസ്സോസിയേഷൻ തീരുമാനം നടപ്പാക്കേണ്ടതില്ലായെന്നും, ബാവായുടെ കല്പനയിൽ പറഞ്ഞിരിക്കുന്നത് അനുസരിച്ച് വൈദികരുടെ ജനറൽ ട്രാൻസ്ഫർ അതാതു മേഖലകളിൽ സഹായമെത്രാന്മാർ നടത്തിയാൽ മതിയെന്നും അവർക്ക് വൈദികരുടെ ലിസ്റ്റ് കൊടുക്കുക എന്നതായിരുന്നു പരി. ബാവായുടെ കല്പനയുടെ ഉള്ളടക്കം. ഈ കല്പനപ്രകാരം സമുദായ മെത്രാപ്പോലീത്താ മേഖലാ സഹായമെത്രാൻമാർക്ക് മേഖലയിലേയ്ക്കുള്ള വൈദികരുടെ ലിസ്റ്റ് കൊടുക്കുകയും ചെയ്തു. ഈ സമയത്ത് രണ്ടു സമുദായാംഗങ്ങൾ ഈ തീരുമാനം ഭരണഘടനയ്ക്കും അസ്സോസിയേഷൻ തീരുമാനങ്ങൾക്കും വിരുദ്ധമാണെന്ന് പറഞ്ഞ് തിരുവല്ലാ കോടതിയിൽ കേസ് ഫയൽ ചെയ്യുകയും തുടർന്ന് കോടതി കല്പന സ്റ്റേ ചെയ്യുകയും ചെയ്തു.

അസ്സോസിയേഷൻ തീരുമാനത്തിനും കോടതി സ്റ്റേയ്ക്കും ഇടയിൽ ഞാൻ വളരെ ബുദ്ധിമുട്ടുകയാണ്. ഞാൻ എന്തു ചെയ്യണമെന്ന് കാണിച്ച് പരി. ബാവായ്ക്ക് സമുദായ മെത്രാപ്പോലീത്താ രണ്ടു മാസങ്ങൾക്കുമുമ്പ് എഴുത്തെഴുതുകയും ഉണ്ടായി. എന്നാൽ നാളിതുവരെ അതിന് മറുപടി ലഭിച്ചിട്ടില്ല, വൈദികരുടെ ജനറൽ ട്രാൻസ്ഫർ ഇതുവരെയും നടത്തിയിട്ടുമില്ല. ഇതിനിടയിൽ മാർച്ച് 24-ന് ഫാ. ജിബി ജോസഫ് പ്ലാന്തോട്ടം എന്ന വൈദികൻ മൂന്നു വർഷത്തിനു ശേഷം കാനഡായിൽ നിന്നും നാട്ടിൽ മടങ്ങിയെത്തുകയും അദ്ദേഹത്തിന് കോവിഡ് 19-മായി ബന്ധപ്പെട്ട നിരീക്ഷണ സമയം കഴിഞ്ഞതിനു ശേഷം സമുദായ ഓഫീസിൽ വന്ന് ശമ്പളം ആവശ്യപ്പെടുകയും ചെയ്തു. വി. കുർബ്ബാന ചൊല്ലുന്ന ദൈവാലയത്തിൽ നിന്നും ശമ്പളവിഹിതം അടയ്ക്കുന്നത് അനുസരിച്ചാണ് വൈദികർക്ക് ശമ്പളം നൽകുന്നത്. എന്നാൽ വൈദികന് ശമ്പളം കൊടുക്കണമെങ്കിൽ ഒരു പള്ളിയുടെ ചുമതല (വികാരി) സ്ഥാനം അനിവാര്യമാണ്. അതനുസരിച്ച് ഒരു നിയമനം നടത്തേണ്ടതായി വന്നു. സമുദായത്തിൽ കട്ടപ്പനപള്ളിയിൽ മാത്രമേ വൈദിക ഒഴിവ് ഉണ്ടായിരുന്നുള്ളൂ. ഈ ദൈവാലയത്തിൽ ഈ വൈദികൻ മുമ്പ് വികാരി ആയിരുന്നതിനാൽ വേറെ ഒരു ദൈവാലയം കൊടുക്കേണ്ടതായി വന്നു. സമുദായത്തിലെ ഏറ്റവും ജൂനിയറായ വേറെ ഒരു വൈദികനെ കട്ടപ്പനയിലേയ്ക്ക് വിടുന്നതിനു വേണ്ടി റാന്നി മേഖലയിൽ താൽക്കാലിക നിയമനം നടത്തേണ്ടതായി വന്നു. ഈ നിയമനങ്ങൾ നടത്തിയ ഒരു ദൈവാലയത്തിലും ഇപ്പോൾ വി. കുർബ്ബാന നടക്കുന്നില്ല എന്നു നാം മനസ്സിലാക്കണം.

ഇതേ തുടർന്ന് സമുദായ മെത്രാപ്പോലീത്തായ്ക്ക് റാന്നി മേഖല സഹായ മെത്രാപ്പോലീത്താ ഒരു കത്ത് അയയ്ക്കുകയുണ്ടായി. അതുപോലെ അദ്ദേഹം പരി. പാത്രിയർക്കീസ് ബാവായയ്ക്ക് നിവേദനം അയയ്ക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ പരി. ബാവാ സമുദായ മെത്രാപ്പോലീത്തായോട് എക്സ്പ്ലനേഷൻ ചോദിക്കുകയും ചെയ്തു. ഇക്കാര്യങ്ങൾ എല്ലാം വിശദമായി പരി.ബാവായോടു പറഞ്ഞു. ഇതു ജനറൽ ട്രാൻസ്ഫർ അല്ലാ എന്നും, ഒരു വൈദികന് ശമ്പളം ലഭിക്കുന്നതിനുവേണ്ടി താൽക്കാലിക അറേജ്മെന്റ് ആണെന്നും വി. ദൈവാലയങ്ങളിൽ വി. കുർബ്ബാന ഇല്ല എന്നും കാണിച്ച് മറുപടി അയയ്ക്കുകയും ഉണ്ടായി. അതേ തുടർന്നാണ് സമുദായ മെത്രാപ്പോലീത്തായുടെ വലിയമെത്രാപ്പോലീത്താ സ്ഥാനവും, ആർച്ച്ബിഷപ്പ്



സ്ഥാനവും പിൻവലിച്ചിരിക്കുന്നു എന്ന ഒരു കല്പന 14-05-2020-ൽ വന്നത്. പ്രിയരെ, ഇതിന് ഇടയാക്കിയത് ക്നാനായ അസ്സോസിയേഷനാൽ തെരഞ്ഞെടുക്കപ്പെട്ട സഹായമെത്രാപ്പോലീത്താ പരി. ബാവായെ തെറ്റിദ്ധരിപ്പിച്ചതാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ആയതിനാൽ ക്നാനായ കമ്മറ്റി ഭൂരിപക്ഷം അസ്സോസിയേഷൻ മെമ്പർമാരുമായി നടത്തിയ കോൺഫറൻസ് കോളിംഗിന്റെ അടിസ്ഥാനത്തിലാണ് കമ്മറ്റി ഐക്യകണ്ഠേന ഒരു തീരുമാനം കൈക്കൊണ്ടത്. 1882-മുതൽ 1912-വരെ ക്നാനായ കമ്മറ്റിയാണ് സമുദായ ഭരണകാര്യങ്ങൾ നടത്തിയിരുന്നത്. ഇപ്പോൾ കോവിഡ് ആയതിനാൽ അസ്സോസിയേഷൻ കൂടുവാൻ സാധിക്കാത്ത തിനാൽ കോവിഡ് നിബന്ധനകൾ മാറുമ്പോൾ അസ്സോസിയേഷൻ വിളിച്ചുകൂട്ടി ഭരണഘടന 125 ബി (2) വകുപ്പു പ്രകാരം തീരുമാനങ്ങൾ എടുത്ത് അസ്സോസിയേഷന്റെ അംഗീകാരം വാങ്ങുവാൻ സാധിക്കുന്നതാണ്.

ആഗോളമായി വ്യാപിച്ചുകിടക്കുന്ന ക്നാനായ സമുദായത്തിന്റെ ഭരണച്ചുമതല സമുദായമെത്രാപ്പോലീത്തായിൽ ഭരണഘടനപ്രകാരം നിക്ഷിപ്തമാണ്. ആകയാൽ 15-05-2020 ൽ കൂടിയ ക്നാനായ മാനേജിംഗ് കമ്മറ്റിയുടെ തീരുമാനമനുസരിച്ച് സമുദായത്തിലെ വൈദികരും സഭാമക്കളും പ്രാവർത്തികമാക്കണമെന്ന് ക്നാനായ സമുദായ മാനേജിംഗ് കമ്മറ്റി അഭ്യർത്ഥിക്കുന്നു.

ഈ മാസം ക്നാനായ സമുദായ മാനേജിംഗ് കമ്മിറ്റിയുടെ തീരുമാനപ്രകാരം സമുദായത്തിലെ ദേവാലയങ്ങളിൽ കോവിഡ് 19 മഹാമാരിയിൽ ദുരിതമനുഭവിക്കുന്ന സമുദായത്തിലെ ഇടവക അംഗങ്ങൾക്ക് ഇടവക തലത്തിൽ വിതരണം ചെയ്യുന്നതിന് വേണ്ടിയുള്ള അവശ്യ ഭക്ഷ്യധാന്യകിറ്റ് വിതരണ ഉദ്ഘാടനം സമുദായ മെത്രാപ്പോലീത്താ സേവേറിയോസ് വലിയ തിരുമേനി സമുദായട്രസ്റ്റി സ്കറിയാ തോമസ് എക്സ്. എം.പി. യെയും സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രഹാമിനെയും, ക്നാനായ കമ്മറ്റി അംഗം ആലിച്ചൻ ആറൊന്നിലിനേയും ഏല്പിച്ചുകൊണ്ട് മാനേജിംഗ് കമ്മറ്റി അംഗങ്ങളുടെ സാന്നിദ്ധ്യത്തിൽ വിതരണ ഉദ്ഘാടനം നിർവ്വഹിച്ചു. പരിമിതമായിട്ട് ആണെങ്കിലും ക്നാനായ സമുദായത്തിലെ ഒട്ടുമിക്ക ദൈവാലയങ്ങളിലും കിറ്റു വിതരണം ചെയ്യുവാൻ സാധിച്ചു. കുറച്ച് ആളുകൾക്ക് സാമ്പത്തിക സഹായവും ചെയ്യുവാൻ സാധിച്ചതിൽ ദൈവത്തെ സ്തുതിക്കുന്നു. ഇതിന് സഹകരിച്ച എല്ലാ സമുദായ അംഗങ്ങളോടുമുള്ള നന്ദിയും അറിയിക്കുന്നു

കോവിഡ്-19 എന്ന മഹാമാരി മൂലം ജോലി നഷ്ടമായും, മറ്റു പലവിധ കാരണങ്ങളാൽ ഗൾഫ് നാടുകളിൽ കുടുങ്ങി, തിരികെ വരാൻ സാധിക്കാതെ കഷ്ടത അനുഭവിച്ചുകൊണ്ടിരിക്കുന്ന വളരെയധികം സമുദായ അംഗങ്ങൾ ഉണ്ട്. അവരെ സഹായിക്കുന്നതിനുവേണ്ടി സമുദായ സെക്രട്ടറിയുടെ ഒരു പ്രസ്താവന സോഷ്യൽ മീഡിയയിൽ കൂടി പ്രസിദ്ധീകരിക്കുകയുണ്ടായി.

അവരെ എങ്ങനെ നാട്ടിൽ എത്തിക്കാൻ സാധിക്കും എന്ന് സമുദായ മെത്രാപ്പോലീത്തായുടെ നിർദ്ദേശപ്രകാരം സമുദായ ഭാരവാഹികളുടേയും ക്നാനായ കമ്മറ്റിയുടെയും ആലോചനയുടെ അടിസ്ഥാനത്തിൽ സമുദായ സെക്രട്ടറി റ്റി.ഒ. ഏബ്രഹാമിനെ അതിനു ചുമതലപ്പെടുത്തുകയുണ്ടായി. സമുദായ സെക്രട്ടറി ഈ കാര്യത്തിൽ ഇടപെടുകയും വളരെയധികം പ്രയാസമനുഭവിക്കുന്ന പ്രവാസികളായ മുപ്പതിൽപരം ക്നാനായ സമുദായ അംഗങ്ങളെ നാട്ടിൽ എത്തിക്കുവാൻ സാധിച്ചു. പ്രത്യേകിച്ചു ചിങ്ങവനം മേഖലയിലും റാന്നിമേഖയിലും കല്ലിശ്ശേരിമേഖലയിലും ബാഹ്യ കേരളത്തിലുമുള്ള സമുദായ അംഗങ്ങളുടെ നന്ദി അറിയിച്ചു കൊണ്ടുള്ള വോയിസ് ക്ലിപ്പിങ്ങ് മെസേജുകളിൽ ക്നാനായക്കാരനായി പിറന്നതിൽ അഭിമാനം കൊള്ളുന്ന നിമിഷമായിരുന്നു എംബസിയിൽ നിന്നും നാട്ടിൽ പോകുവാൻ ഉള്ള അറിയിപ്പ് കിട്ടിയ സമയം എന്ന് അവർ പറയുന്നു.

കൂടാതെ ആവശ്യപ്പെട്ട പല ഇതര മതസ്ഥരെയും നാട്ടിൽ എത്തിക്കുവാൻ സാധിച്ചു എന്നതിൽ അഭിമാനിക്കുന്നു.

ഇപ്പോഴും നൂറുകണക്കിന് സമുദായ അംഗങ്ങളുടെ മടങ്ങിവരവിനു വേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ സമുദായത്തിന്റ അഭിമാനമായ എൽദോസ് പുന്നൂസ് IFS നോടും ക്നാനായ സമൂഹത്തിന്റെ നന്ദിയും കടപ്പാടും അറിയിക്കുന്നു.

സമുദായത്തിൽ ശാശ്വത സമാധാനം ഉണ്ടാക്കുന്നതിനു വേണ്ടി വൈദിക കൗൺസിലും ക്നാനായ കമ്മറ്റിയും കൂടി 30-5-2020-ൽ മോർ അപ്രേം സെമിനാരിയിൽ യോഗം കൂടുകയുണ്ടായി. ഈ യോഗത്തിൽ എടുത്ത തീരുമാനപ്രകാരം 02-06-2020-ൽ മോർ അപ്രേം സെമിനാരിയിൽ വീണ്ടും യോഗം കൂടുകയുണ്ടായി. ഈ യോഗത്തിൽ കമ്മറ്റികളുടെ ക്ഷണപ്രകാരം സമുദായ മെത്രാപ്പോലീത്ത അഭിവന്ദ്യ സേവേറിയോസ് തിരുമേനിയും സഹായ മെത്രാപ്പോലീത്തമാരായ അഭിവന്ദ്യ ഗ്രീഗോറിയോസ് തിരുമേനിയും, അഭി. ഈവാനിയോസ് തിരുമേനിയും സംബന്ധിച്ചു. സമുദായ സെക്രട്ടറിയുടെ സ്വാഗത പ്രസംഗത്തിനുശേഷം വൈദിക കൗൺസിൽ സെക്രട്ടി ഫാ. മാത്യു കുരുവിള എരുത്തിപ്പാട്ട് ധ്യാനപ്രസംഗം നടത്തുകയും തുടർന്ന് സമുദായ മെത്രാപ്പോലീത്ത ഒരു ആമുഖ പ്രസംഗം നടത്തുകയുമുണ്ടായി.

പിന്നീട് വൈദിക കൗൺസിലും ക്നാനായ കമ്മറ്റിയും സംയുക്തമായി തയ്യാറാക്കിയ സമാധാന നിർദ്ദേശങ്ങൾ എല്ലാ തിരുമേനിമാർക്കും കൈമാറുകയും ചെയ്തു.

തുടർന്ന് അഭിവന്ദ്യ ഗ്രീഗോറിയോസ് തിരുമേനി ചർച്ചയ്ക്ക് തുടക്കം കുറിക്കുകയും പരി. പാത്രിയർക്കീസ് ബാവാ അയച്ചുതന്ന 15 നിർദ്ദേശങ്ങൾ ബാവായുടെ അനുവാദം ഇല്ലാതെ ഞങ്ങൾ ഒരു ചർച്ചയും ചെയ്യുവാൻ തയ്യാറല്ല എന്ന് അസന്നിഗ്ധമായി പറഞ്ഞു. കൊടുത്ത നിർദ്ദേശങ്ങൾ തുറന്നു നോക്കുവാൻ പോലും കൂട്ടാക്കാത്ത സാഹചര്യത്തിൽ ചർച്ചകൾ മുന്നോട്ടു കൊണ്ടുപോകുവാൻ സാധിക്കാതെ മീറ്റിംഗ് അവസാനിച്ചു എന്ന കാര്യം വളരെ ഖേദത്തോടെ അറിയിക്കുന്നു.

ചർച്ചയിൽ പങ്കെടുത്ത മുഴുവൻ വൈദികരും വളരെ വികാരാധീനരായി പറഞ്ഞു തിരുമേനിമാരേ, ഇവിടെ ചർച്ച് ചെയ്ത് നമ്മുടെ സമുദായത്തിലെ പ്രശ്നങ്ങൾ നമ്മൾ തന്നെ തീർക്കണം എന്ന്. എന്നാൽ അതിനൊന്നും ചെവികൊടുക്കാതെ സഹായ മെത്രാപ്പോലീത്തമാർ ചർച്ചയില്ല എന്നു പറഞ്ഞ് എഴുന്നേൽക്കുകയായിരുന്നു ഉണ്ടായത്.

തുടർന്ന് വൈദിക കൗൺസിലും, ക്നാനായ കമ്മറ്റിയും സംയുക്തമായി ചേർന്ന് സമുദായ നന്മയ്ക്ക് വേണ്ടിയുള്ള ഭാവികാര്യങ്ങൾ ചർച്ച ചെയ്ത് ക്നാനായ സമുദായ ഭരണഘടനയും, ക്നാനായ അസ്സോസിയേഷനും, ഉൾഭരണ സ്വാതന്ത്ര്യവും കാത്തു സൂക്ഷിക്കുവാൻ ആവശ്യമായ തീരുമാനങ്ങൾ എടുത്തു.

അമേരിക്കയിലെ ക്നാനായ സമുദായത്തിലെ ഒരു സീനിയർ വൈദികനും ഫിലാഡൽഫിയ പള്ളി

വികാരിയുമായ റവ. ഫാ. ചാക്കോ പുന്നൂസിന്റെ പേരിൽ ഉണ്ടായ നടപടിയിൽ പ്രതിഷേധം രേഖപ്പെടുത്തുകയും ചെയ്തു.

സഹായ മെത്രാൻമാർ സമുദായത്തിൽ സമാധാനം ഉണ്ടാക്കുന്നതിനുവേണ്ടി ഒരു ചർച്ചയ്ക്ക്പോലും തയ്യാറാകാത്ത സാഹചര്യത്തിൽ ക്നാനായ കമ്മറ്റിക്കും വൈദിക കൗൺസിലിനുമുള്ള ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയും കമ്മറ്റിയുടെ മുൻതീരുമാനങ്ങളിൽ ഉറച്ചു നിൽക്കാൻ തീരുമാനിക്കുകയും ചെയ്തു. എത്രയും പെട്ടെന്ന് ഗവൺമെന്റ് അനുവാദം കിട്ടുന്ന മുറയ്ക്ക് ഈ കാര്യങ്ങൾ ചർച്ചചെയ്യുന്നതിനുവേണ്ടി ക്നാനായ അസ്സോസിയേഷൻ വിളിച്ചു കൂട്ടുവാനും തീരുമാനിച്ചു.

വൈദിക കൗൺസിൽ അംഗങ്ങളായ റവ.ഫാ. മാത്യു കുരുവിള എരുത്തിപ്പാട്ട്, റവ.ഫാ. ജോസഫ് എം. കുരുവിള മാതാംപറമ്പിൽ, റവ. ഫാ. കെ. കെ. ഏബ്രഹാം കുറ്റിയിൽ, വൈദിക ട്രസ്റ്റി റവ.ഫാ. മോനായി കെ.ഫിലിപ്പ് കർക്കടകം പള്ളിയിൽ, വികാരി ജനറാൾ റവ.ഫാ. വി. എ. ഏബ്രഹാം ഇളയശ്ശേരിൽ, ഭദ്രാസന സെക്രട്ടറി റവ. ഫാ.പി.റ്റി മാത്യു പയ്യനാട്ട്, സമുദായ ട്രസ്റ്റി സ്കറിയ തോമസ് എക്സ്.എം.പി., സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ, കമ്മറ്റി അംഗങ്ങളായ ആലിച്ചൻ ആറൊന്നിൽ, തോമസ്കുട്ടി മറ്റക്കാട്ട്, തമ്പി ചേന്തിയിൽ, വില്ലി വടാമറ്റം, പ്രൊഫ. പി. കെ. സ്കറിയ കുന്നത്തിൽ, സാബു കണ്ണാറ്റിപുഴ, ജോസ് പള്ളിക്കുന്നേൽ, ടി. സി. തോമസ് തോപ്പിൽ, രാജു വള്ളപ്പുരയ്ക്കൽ എന്നിവർ പങ്കെടുത്തു. സമുദായത്തിന്റെ നിലനിൽപ്പിനുവേണ്ടി എല്ലാവരും പ്രാർത്ഥിക്കണം എന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

എന്ന്
**റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ**
**സമുദായ സെക്രട്ടറി**

പ്രിയരെ,

ക്നാനായദീപം പ്രിന്റു ചെയ്യുന്ന ദൈനംദിന ചിലവുകൾ വർദ്ധിക്കുന്നതിനാൽ 2020 ജനുവരി ഒന്നുമുതൽ ക്നാനായ ദീപത്തിന്റെ വരിസംഖ്യയും, പരസ്യചാർജുകളും ചെറിയതോതിൽ വർദ്ധിപ്പിക്കുകയാണ്. പുതുക്കിയ പരസ്യനിരക്കുകൾ ചുവടെ ചേർക്കുന്നു.

## ക്നാനായദീപം വരിസംഖ്യ

| | |
|---|---|
| ഒരുവർഷം | Rs. 150/- |
| പത്തുവർഷം | Rs. 1500/ |
| വിദേശത്തേയ്ക്ക് (ഒരു വർഷം) | Rs. 3000/ |
| **പരസ്യനിരക്ക്** | |
| ഉപകാരസ്മരണ | Rs. 350/ |
| പേര് മാത്രം | Rs. 200/ |
| മാട്രിമോണിയൽ | Rs. 600/ |
| **ബ്ലായ്ക്ക് & വൈറ്റ്** | |
| ചരമം (ചെറിയ കോളം) | Rs. 850/ |
| കാൽപേജ് | Rs. 1700/ |
| അരപേജ് | Rs. 3500/ |
| ഫുൾപേജ് | Rs. 5000/ |
| **കളർ പരസ്യനിരക്ക്** | |
| കാൽപേജ് | Rs. 4000/ |
| അരപേജ് | Rs. 6500/ |
| ഫുൾപേജ് | Rs. 10000/ |
| കവർ ഇൻസൈഡ് | Rs. 12500/ |
| ബായ്ക്ക് കവർ | Rs. 15000/ |

**മാനേജിംഗ് എഡിറ്റർ**

കവിത

## നഷ്ടം

**പുളിങ്കുന്ന് ലൂക്കാ**

നഷ്ടം, നഷ്ടം, സർവ്വവും നഷ്ടം
നഷ്ടമേ നിനക്കെന്റെ നഷ്ടപ്രമാണം
ജീവിച്ചതും നിന്നെ സ്നേഹിച്ചതും
പ്രേമിച്ചതും പിന്നെ മോഹിച്ചതും

പറയാത്ത ഏതോ നഷ്ടമെന്ന്
പറയുന്ന മാനസം എന്നോടിതാ
നഷ്ടങ്ങളല്ലാതെ ഒന്നുമില്ലയെന്റെ
ജീവന്റെ നിഘണ്ടുവാം ഏടുകളിൽ

നഷ്ടങ്ങൾതന്നുടെ ശിഷ്ടങ്ങൾ കാണാൻ
നഷ്ടവും പേറി ഞാനലഞ്ഞു
നഷ്ടമേ ചൊല്ല്, ശിഷ്ടമേ ചൊല്ല്
നഷ്ടത്തിനായിരം കഥകളും ചൊല്ല്

കഥകളുചൊല്ലുവാൻ കഴിയാതെ പോകുന്നു
കടംകഥ മാത്രമോയെന്നുമീജീവിതം
ആര് പറഞ്ഞാലും, ആരോട് പറഞ്ഞാലും
തീരാത്ത നഷ്ടത്തിൻ കഥ തന്നെ ജീവിതം

നഷ്ടങ്ങൾ പെരുകുന്നു ദുഃഖങ്ങൾ കേഴുന്നു
ആത്മാവ് കരയുന്നു നഷ്ടപ്രഭാവമായി
എങ്കിലും ചൊല്ല് എന്നോടു ചൊല്ല്
നഷ്ടമേ നിനക്കെത്രശിഷ്ടങ്ങൾ ഉണ്ടെന്ന്

ശിഷ്ടങ്ങൾ ഇല്ലാത്ത നഷ്ടപ്രവാഹമായി
കേഴുന്ന ഞാനിതാ എകാന്തമൂകനായി
എകാന്തമൂകത, ശോകാന്ത മൂകത
കേഴും വിഹായസ്സിൻ തെന്നൽപോലെ

തെന്നലായി വന്നെന്നെ തഴുകി ഉണർത്തുന്ന
ഓമൽക്കിനാക്കളെ സ്വപ്നങ്ങളേ,
വന്നിട്ടുപോകില്ലേ ഒന്ന് നിന്നിട്ടുപോകില്ലേ
എന്നിലെയെന്നേ പുൽകീടുവാൻ.



ഡോ. സുനിൽ ഡി. കുരുവിള

# MBA യ്ക്കു എങ്ങനെയാ സ്കോപ്പ് ഉണ്ടോ?

ധാരാളം വിദ്യാർത്ഥികൾ ഈ വർഷം MBA പഠിക്കാനായി താൽപര്യപ്പെടുന്നു. Campus placement ഒക്കെ കിട്ടിയ ഡിഗ്രി വിദ്യാർത്ഥികൾ കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ജോലിയിൽ പ്രവേശിക്കാൻ കഴിയുമോ എന്ന ആശങ്കയിലാണ്.

വിദേശത്ത് പഠിക്കാനും ജോലിക്കും ഒക്കെ പോകാനുള്ള അവസരങ്ങൾക്ക് കാലതാമസം നേരിടും. ഇത്തരമൊരു സാഹചര്യത്തിൽ MBA നാട്ടിൽ പഠിക്കാൻ തിരക്ക് കൂടിയേക്കാം. അവസരം മുതലെടുത്തുകൊണ്ടു institutions ഉം അവരുടെ ഏജന്റുമാരും ഒക്കെ വലവീശാൻ തുടങ്ങിക്കഴിഞ്ഞു.

ഇന്ത്യയിലെ top business സ്കൂളിൽ പഠിച്ചിറങ്ങുന്നവർക്ക് നല്ല placements ലഭിക്കുന്നുണ്ട്. Tier 2 business സ്കൂളും കുറെയൊക്കെ മെച്ചപ്പെട്ടരീതിയിൽ വിദ്യാർത്ഥികളുടെ തൊഴിൽ ഉറപ്പാക്കാൻ ശ്രമിക്കുന്നു. എന്നാൽ അതിലും താഴെയുള്ള business സ്കൂളുകളിലെ MBA പഠനം പലപ്പോഴും പണനഷ്ടവും സമയനഷ്ടവും ആവും സൃഷ്ടിക്കുക. മാസം പതിനയ്യായിരമോ ഇരുപതിനായിരമോ ശമ്പളം വാങ്ങാനായി ഒരു MBA ആവശ്യമുണ്ടോ?

കൂണുപോലെ എല്ലാ കോളേജുകളും യൂണിവേഴ്സിറ്റികളും MBA കോഴ്സ് തുടങ്ങിയിട്ടുണ്ട്. കച്ചവട താല്പര്യം മാത്രം നോക്കി പല പ്രൈവറ്റ് എഞ്ചിനീയറിംഗ് കോളേജുകളും MBA കോഴ്സ് നടത്തുന്നു. നല്ല അദ്ധ്യാപകരുടെ അഭാവമാണ് ഇത്തരം സെന്ററുകളുടെ പ്രധാന പ്രശ്നം. business/industry ലോകവുമായി ബഹുഭൂരിപക്ഷത്തിനും വലിയ ബന്ധമില്ല. റിയൽ ബിസിനസ് ലോകവുമായി കരിക്കുലം കണക്ട് ചെയ്യാൻ കഴിയുന്നില്ല. ആധുനിക ബിസിനസ് ലോകത്തെ മാറ്റങ്ങളോ സാങ്കേതിക രംഗത്തെ മാറ്റങ്ങളോ ഒന്നും സിലബസ്സിൽ പ്രതിഫലിക്കുന്നില്ല. ഇങ്ങനെ നേടുന്ന സർട്ടിഫിക്കറ്റിനു തൊഴിൽ രംഗത്ത് 'ടിഷ്യു' പേപ്പറിന്റെ വിലയെ ഉള്ളൂ എന്ന് ബിസിനസ് ലീഡേഴ്സ് അഭിപ്രായപ്പെടുന്നു.

**മികച്ച ബിസിനസ് സ്കൂൾ**

അഡ്മിഷൻ ലഭിക്കുന്നില്ല എങ്കിൽ MBA പഠനം പ്രയോജനം ആകില്ല എന്ന് സാരം. ഇനി കോഴ്സ് കഴിഞ്ഞു സ്വന്തമായി എന്തെങ്കിലും തുടങ്ങണമെങ്കിലും മികച്ച അറിവും കഴിവും നേതൃപാടവവും ഒക്കെ ഒരു MBA കോഴ്സിലൂടെ ലഭിക്കണം. നിലവാരമില്ലാത്ത MBA കോഴ്സുകളിൽ നിന്ന് ഇതൊന്നും പ്രതീക്ഷിക്കേണ്ട. നന്നായി ഇംഗ്ലീഷ് ആശയവിനിമയം നടത്താൻപോലുമുള്ള കഴിവ് കുട്ടികൾ ആർജ്ജിക്കുന്നില്ല. ഡിഗ്രി കഴിഞ്ഞു രണ്ടു വർഷം ജോലി ചെയ്തിട്ടു MBA ആവശ്യമെങ്കിൽ പഠിക്കുന്നത് അഭികാമ്യം. പ്രമുഖ business schools തൊഴിൽ പരിചയമുള്ളവർക്ക് പലപ്പോഴും മുൻഗണന നൽകുന്നു. തൊഴിൽ രംഗത്തെ അനുഭവം ഒരു MBA പ്രോഗ്രാമിനെ നന്നായി ഉപയോഗപ്പെടുത്താൻ സഹായിക്കും.

MBA കോഴ്സ് ഒരു ഡിഗ്രി അല്ല മറിച്ചു ഒരു value addition ആണ്. ഒരു സ്ഥാപനത്തിൽ നമ്മൾ നൽകേണ്ടതും ആ value ആണ്. പഠിക്കാൻ പോകുംമുമ്പ് സ്വയം വിലയിരുത്തുക. അടിസ്ഥാനപരമായി ഒരു MBA പഠിക്കാനും ആ രംഗത്ത് വിജയകരമായി പ്രവർത്തിക്കാനും വേണ്ട Potential ഉണ്ടോ?

ആത്മവിശ്വാസം, ആശയ വിനിമയപാടവം, leadership quality, quantitative skill, വിശകലന ബുദ്ധി, problem solving skill, decision making skill, വെല്ലുവിളികളെ നേരിടാനുള്ള കഴിവ്, വൈകാരിക ബുദ്ധിശക്തി, networking skill, ആധുനിക സാങ്കേതിക വിദ്യകൾ കൈകാര്യം ചെയ്യാനുള്ള കഴിവ്, people skill ഒക്കെ ഈ രംഗത്ത് വളരെ പ്രധാനം. കുറെ ഒക്കെ ഒരു കോഴ്സിലൂടെ ലഭിച്ചേക്കാം. രാഷ്ട്രീയ-സാമൂഹിക അറിവ് മനസ്സിലാക്കൽ ഒക്കെ വളരെ പ്രധാനം.

കോവിഡിന് ശേഷമുള്ള ലോകം അല്പം കഠിനമാകാം. വലിയ പരിശ്രമശാലികളെയും ഉയർന്ന മനോഭാവമുള്ളവരെയുമാണ് മാനേജ്മെന്റ് രംഗം കാത്തിരിക്കുന്നത്. Clock നോക്കി ജോലിചെയ്യുന്നവർക്കും സുഖം അന്വേഷിക്കുന്നവർക്കും തൽക്കാലം ഈ രംഗത്ത് ഇടം കിട്ടി എന്ന് വരില്ല. എഞ്ചിനിയറിംഗ് കഴിഞ്ഞു placement കിട്ടാത്തതിന്റെ കാരണം മനസ്സിലാക്കാൻ ശ്രമിക്കുക.

10-20 ലക്ഷം രൂപ മുടക്കുമ്പോൾ, രണ്ടുവർഷം പഠിക്കാനായി കളയുമ്പോൾ പ്രയോജനം ഉണ്ട് എന്ന് ഉറപ്പാക്കിയിട്ടു മാത്രം ഇറങ്ങിത്തിരിക്കുക. രണ്ടുകൊല്ലം ജോലി ചെയ്താൽ കിട്ടുന്ന എക്സ്പിരിയൻസും കിട്ടുമായിരുന്ന വേതനവും (opportunity cost) കൂടി തീരുമാന സമയത്തു ചിന്തയിൽ വരട്ടെ. കോവിഡ് ശേഷമുള്ള ലോകത്തു പണത്തിനു വലിയ വിലയായിരിക്കും.

B.Tech, MSW, MCA തുടങ്ങിയ പല കോഴ്സുകളും ഇന്ന് തൊഴിലില്ലായ്മ സൃഷ്ടിക്കുന്നു. ശരിയായ ഗൈഡൻസോടുകൂടി അല്ലെങ്കിൽ കാര്യങ്ങൾ നന്നായി തിരക്കി അറിഞ്ഞു മാത്രം ഉപരിപഠനം തിരഞ്ഞെടുക്കുക. B.Tech കഴിഞ്ഞു ജോലി കിട്ടാത്ത ഒരാൾക്ക് M.Tech പഠിച്ചതുകൊണ്ട് ജോലി കിട്ടണം എന്നില്ല. Graduation കഴിഞ്ഞു വിദ്യാഭ്യാസ-തൊഴിൽ മാർഗ്ഗനിർദ്ദേശം സ്വീകരിക്കുന്നത് അഭികാമ്യം. ഉന്നത പഠനത്തിന് പോകുന്നതിനു മുമ്പ് അതിന്റെ സാദ്ധ്യതകൾ, മികച്ച കോളേജുകൾ, സർവ്വകലാശാലകൾ, അതിലൂടെ ലഭിക്കാൻ സാധ്യതയുള്ള തൊഴിൽ മേഖലകൾ, ഓരോ മേഖലയുടെയും പ്രത്യേകതകൾ എല്ലാം മനസ്സിലാക്കണം. തൊഴിൽ രംഗത്തേക്ക് പ്രവേശിക്കാൻ വേണ്ട പ്രത്യേക കഴിവുകൾ, എഴുതേണ്ട പരീക്ഷകൾ ഉദാ. GATE, UGC-NET. വിദേശത്തു പഠിക്കാൻ പോകുന്നതും പ്രത്യേകം ശ്രദ്ധിക്കണം.

*ശേഷം 10 -ാം പേജിൽ*

# "എവിടെ നിന്റെ മാതാവും പിതാവും"

റ്റി.കെ. തോമസ് തൈകുറിഞ്ഞിയിൽ

വൃദ്ധ മാതാപിതാക്കളെ ആൾക്കൂട്ടത്തിലും, അമ്പലനടയിലും, വൃദ്ധസദനങ്ങളിലും ഉപേക്ഷിക്കുന്ന മക്കളെ ലജ്ജിപ്പിച്ചുകൊണ്ട് സൗദി അറേബ്യയിലെ റിയാദിൽ നിന്നും ഒരു വാർത്ത, ഹൃദയം ഉള്ളവരേയും, മനഃസാക്ഷി മരവിച്ചിട്ടില്ലാത്തവരേയും ഒരുപോലെ വേദനിപ്പിക്കുകയും, ചിന്തിപ്പിക്കുകയും ചെയ്ത ആ വാർത്തയുടെ വിശദാംശങ്ങളിലേയ്ക്ക് ഒരു എത്തിനോട്ടം. ഭാരതീയ സംസ്ക്കാരത്തിൽ മാതാ-പിതാ-ഗുരു-ദൈവം എന്നാണല്ലോ പറയുക. കാണപ്പെടുന്ന നിന്റെ മാതാവിനേയും, പിതാവിനെയും സ്നേഹിക്കാൻ കഴിയാത്ത നിനക്ക് കാണപ്പെടാത്ത ദൈവത്തെ എങ്ങനെ സ്നേഹിക്കാൻ കഴിയും? മാതാവിനേയും പിതാവിനേയും സ്നേഹിക്കുകയും സംരക്ഷിക്കുകയും ചെയ്തില്ലെങ്കിൽ തനിക്കു സ്വർഗ്ഗം നിഷേധിക്കപ്പെടും എന്ന് ഉറച്ചു വിശ്വസിച്ച ഒരു മനുഷ്യന്റെ തേങ്ങലുകളാണ് മുൻപറഞ്ഞ വാർത്തയിൽ നിന്നും പങ്കുവയ്ക്കാനുള്ളത്. നൂറുവയസ്സിനു മുകളിൽ പ്രായമുള്ള തന്റെ പിതാവിന്റെ സംരക്ഷണ ചുമതല എൺപതു വയസ്സുള്ള സഹോദരനിൽ നിന്നും മാറ്റി തനിക്കു നൽകണം എന്ന അപേക്ഷയുമായി എഴുപതുവയസ്സുള്ള മറ്റൊരു സഹോദരൻ, കോടതിയെ സമീപിച്ചു. അതായിരുന്നു വാർത്ത. പിതാവിന്റെ സംരക്ഷണ ചുമതല തന്നെ ഏല്പിക്കണം എന്ന് ആവശ്യപ്പെട്ട് ലോകചരിത്രത്തിൽ തന്നെ ഇദംപ്രഥമമായിട്ടായിരിക്കാം ഒരാൾ ഒരു കോടതിയെ സമീപിക്കുന്നത്. സംഭവം ഇങ്ങനെ! നൂറുവയസ്സിനു മേൽ പ്രായമുള്ള പിതാവ്, എൺപതുവയസ്സ് പ്രായമുള്ള തന്റെ മകനൊപ്പം നാല്പതു വർഷമായി ജീവിച്ചുവരുന്നു. പ്രസ്തുത പിതാവിന്റെ മറ്റൊരു മകൻ എഴുപതു വയസ്സ്പ്രായം; അയാൾ തന്റെ സഹോദരനോട്, പിതാവിനെ ശിഷ്ടകാലം സംരക്ഷിക്കാൻ തനിക്കു വിട്ടു നൽകാൻ ആവശ്യപ്പെടുന്നു. നാല്പതുവർഷമായി പിതാവിനെ സംരക്ഷിച്ചുപോന്ന സഹോദരൻ, തന്റെ പിതാവിനെ മറ്റാർക്കും വിട്ടുനൽകാൻ തയ്യാറായില്ല. തുടർന്ന് ഇളയസഹോദരൻ പിതാവിന്റെ സംരക്ഷണ ചുമതല തനിക്കു വിട്ടുകിട്ടുവാനുള്ള അപേക്ഷയുമായി കോടതിയെ സമീപിക്കുന്നു. വിചിത്രം എന്നു തോന്നിയേക്കാം എങ്കിലും പിതാവിനോടുള്ള തന്റെ മക്കളുടെ സീമാതീതമായ സ്നേഹം തിരിച്ചറിഞ്ഞ പിതാവിന്റെ നിസ്സഹായതയും ഏറെ ചർച്ച ചെയ്യപ്പെട്ടു. രണ്ടുമക്കളുടെയും വാദപ്രതിവാദങ്ങൾ കേട്ട ജഡ്ജി അമ്പരന്ന് പിതാവിനോട് ചോദിച്ചു, താങ്കൾ എന്തു പറയുന്നു? ആർക്കൊപ്പം പോകാൻ ആഗ്രഹിക്കുന്നു? രണ്ടുമക്കളും തനിക്കു തുല്യരാണെന്ന പിതാവിന്റെ മറുപടി ജഡ്ജിയെ ഏറെ വിഷമത്തിലാക്കി. എന്തിനേറെപ്പറയുന്നു അവസാനം ജഡ്ജി ഒരു തീരുമാനത്തിലെത്തി, ഇളയമകനൊപ്പം പിതാവിനെ അയയ്ക്കാൻ വിധി പ്രസ്ഥാവിച്ചു. ഇതു കേട്ട മൂത്തമകൻ അലറിക്കരഞ്ഞുകൊണ്ട് ജഡ്ജിയോടു പറഞ്ഞു, അങ്ങ് എനിക്ക് സ്വർഗ്ഗം നിഷേധിക്കുന്ന വിധി പുറപ്പെടുവിച്ചു. എന്റെ പിതാവിനെ സംരക്ഷിക്കുന്നതിലൂടെ സ്വർഗ്ഗം സ്വപ്നം കണ്ട എന്റെ സ്വപ്നത്തിന്മേൽ അവിടുന്നു കരിനിഴൽ വീഴ്ത്തിയല്ലോ? ജഡ്ജിയേപ്പോലും സ്തബ്ദനാക്കിക്കൊണ്ട് കോടതിമുറിയിൽ മുഴങ്ങിക്കേട്ട ആ മകന്റെ ദീനരോദനത്തിനു മുമ്പിൽ സ്വർഗ്ഗം തുറക്കാതിരിക്കുമോ? അല്ല സ്വർഗ്ഗം തുറക്കുകതന്നെ ചെയ്യും ഉറപ്പല്ലെ? മാതാപിതാക്കളെ



എങ്ങനെ സ്വന്തജീവിതത്തിൽ നിന്നും അകറ്റി നിർത്താം എന്നു ചിന്തിക്കുന്ന മക്കൾ ഉള്ള ഈ കാലഘട്ടത്തിൽ ഇത്തരം പ്രവർത്തികൾ അനുകരണീയവും ശ്ലാഘനീയവുമാണ് സംശയമില്ല.

## MBA യ്ക്കു എങ്ങനെയാ സ്കോപ്പ് ഉണ്ടോ?

*9 – ാം പേജ് തുടർച്ച*

വിദേശി എല്ലാം നിലവാരമുള്ളതല്ല. ഏജന്റുമാർ എല്ലാ സത്യങ്ങളും പറയണമെന്നില്ല. പഠിക്കാൻ പോകുന്ന രാജ്യം, പഠിക്കാൻ ഉദ്ദേശിക്കുന്ന College/University, ഉദ്ദേശിക്കുന്ന കോഴ്സ്, പഠന ചെലവ്, പഠനത്തിന് ശേഷം ജോലി ലഭിക്കാനുള്ള സാധ്യത, Political-social-climatic conditions ഒക്കെ നന്നായി മനസ്സിലാക്കി വേണം ഇറങ്ങിത്തിരിക്കാൻ.

അമിതമായി കടമെടുത്തു പഠിക്കാൻ പോകുന്നത് ബുദ്ധിയല്ല. സമർത്ഥരായ വിദ്യാർത്ഥികൾക്ക് free ആയോ Scholarship നേടിയോ വിദേശത്തു പഠിക്കാൻ സാധിക്കും. നമ്മുടെ ഭാവിയും സമയവും പണവും അമൂല്യമാണ്. ജ്ഞാനത്തോടെ ആവട്ടെ ഓരോ കാൽവെപ്പും.

# വിവാഹിതരായി



കല്ലിശ്ശേരി സെന്റ് മേരീസ് ക്നാനായ വലിയപള്ളി ഇടവകയിൽ മാളിയേക്കൽ ഷാജി എം. ഏബ്രഹാമിന്റെയും സാലമ്മ ഷാജിയുടേയും മകൻ **MANISH SHAJI** ഉം വാകത്താനം സെന്റ് സൈമൺസ് ക്നാനായപള്ളി ഇടവകയിൽ കുന്നുപുറത്ത് മാത്യു ഫിലിപ്പിന്റെയും അമ്മിണി ഫിലിപ്പിന്റെയും മകൾ **ALBY PHILIP** ഉം തമ്മിലുള്ള വിവാഹം 25-01-2020 ൽ കല്ലിശ്ശേരി സെന്റ് മേരീസ് ക്നാനായവലിയപള്ളിയിൽ അഭി. കുറിയാക്കോസ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

Advt -R

# വിവാഹിതരായി



Advt -O

വെള്ളുത്തുരുത്തി സെന്റ് മേരീസ് ക്നാനായ പള്ളിയിൽ ഇടവഴിക്കൽ ടോമി സഖറിയയുടെയും ലിസി ടോമിയുടെയും മകൾ **റ്റിനു ടോമിയും**, വെച്ചൂച്ചിറ സെന്റ് മേരീസ് ക്നാനായ പള്ളിയിൽ കാവനാൽ ജേക്കബ് എബ്രഹാമിന്റെയും എൽസി ജേക്കബിന്റെയും മകൻ **രൻജു കെ. ജേക്കബും** തമ്മിലുള്ള വിവാഹം 2020 ഫെബ്രുവരി 13-ാം തിയതി വെച്ചൂച്ചിറ പള്ളിയിൽ വെരി. റവ. കെ.പി. സഖറിയ കോർ-എപ്പിസ്കോപ്പായുടെ മഹനീയ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.



Happy 41 st Wedding Anniversary
to Our Dad & Mom
( 29 April 2020)
P.K.Kuruvilla &
Thankamma Kuruvilla
Pozhimannil, Thuruthicad

Advt -O



30-ാം വിവാഹ വാർഷികം
29-04-2020
ജേക്കബ്
സഖറിയ
&
അനില
ജേക്കബ്
ചിറയിൽ
മാക്കോന്ത്ര
ചിങ്ങവനം
ഇത്രത്തോളം
യഹോവ സഹായിച്ചു
ഇത്രത്തോളം ദൈവം
ഞങ്ങളെ നടത്തി
ആശംസകളോടെ
ജിതിൻ & നിമിഷ
ജിബിൻ

Advt -O

## 35 – ാം വിവാഹ വാർഷികം

**25-04-2020**



## പി.എ. മാത്യു & മിനി മാത്യു

**പടിഞ്ഞാറെകളീക്കൽ**

**കുറ്റൂർ, തിരുവല്ല**

മക്കൾ: നിത്യ, സൗമ്യ, സോണിയ
മരുമക്കൾ: പ്രമിൻ, ഗോണി
കൊച്ചുമക്കൾ: റയാൻ, നെഹമ്യ

Advt -O

## 50 – ാം വിവാഹ വാർഷികം

**12-04-2020**



## കെ.ജെ. തോമസ് & മോളി തോമസ്

**കൊടിഞ്ഞൂർ**

**തോട്ടപ്പുഴ, ഇരവിപേരൂർ**

ഇത്രത്തോളം യഹോവ സഹായിച്ചു
ഇത്രത്തോളം ദൈവം ഞങ്ങളെ നടത്തി

ആശംസകളോടെ, പ്രാർത്ഥനകളോടെ
മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ

Advt -S

## 50th Wedding Anniversary

**05-04-2020**



## C.C.Kuriakose & Sosamma Kuriakose

**Cherivuparampil (H), Thottamon, Ranny**

**Prayerfull greeting from**
**Jayamon & Nisha- Abel, Aleena**
**Jenymol & Prasad- Prejith, Prijin, Achasah**
**Jainymol & Saju- Albin, Aleeta**

Advt -O

## 25th Wedding Anniversary

**18 – 06 – 2020**



## Abraham K. I. (Sabu) & Mini Abraham

**Kuttiyil, Eraviperoor**

"ഇത്രത്തോളം യഹോവ സഹായിച്ചു
ഇത്രത്തോളം ദൈവം ഞങ്ങളെ നടത്തി"

With Warm Wishes
Steni, Sterly and Emmanuel

Advt -O

# ST. PAUL'S KNANAYA PRAYER GROUP
Riyadh Saudi Arabia



## MANAGING COMMITTEE 2020-2021

**PRESIDENT**

**VINOD ABRAHAM**
Karippal
St.Mary's Knanaya Church
Cherukulanji - Ranni
+966 56 732 8520

**SECRETARY**

**EBY T JOSE**
Thuruthekudiyil
St. Jacob's Knanaya Valiyapalli
Ramamangalam
+966 55 764 2912

**TRUSTEE**

**LIJU THOMAS KURUVILLA**
Pulimoottil
St.thomas Knanaya
Church - Mannamaruthy
+966 55 129 4322

**PRAYER LEADER**

**NIBIN BABU**
Aykkattu Maliakal
St. Mary's Knanaya Church
Cherukulanji - Ranni

**COMMITTEE MEMBER**

**BIJU ZACHARIYA**
Kannalil
St. Mary's Knanaya Church
Thengeli

**COMMITTEE MEMBER**

**MON PUNNOOSE**
Aykkattumannil
St. Thomas Knanaya
Valiyapalli - Ranni

**COMMITTEE MEMBER**

**SHIJU OOMMEN**
Thekkethil
St. Mary's Knanaya Church
Kattodu - Vallamkulam

**COMMITTEE MEMBER**

**MANEESH MATHEW**
Anickal
St. Mary's Knanaya
Salem Church Chingavanam

**COMMITTEE MEMBER**

**ALAN THOMAS**
Murikolipuzha
St.George Knanaya Church
Ozhuvanpara - Ranni

**AUDITOR**

**SHYNU JOY**
Nedungatathu
St.Mary's Knanaya Church
Mazhukeer

**SUNDAY SCHOOL HEADMISTRESS**

**ASHA SHIJU**
Thekkethil
St. Mary's Knanaya Church
Kattodu - Vallamkulam

**VANITHASAMAJAM COORDINATOR**

**JINCY EBY**
Thuruthekudiyil
St. Jacob's Knanaya Valiyapalli
Ramamangalam

Advt -O

**കഴിഞ്ഞ ലക്കം തുടർച്ച**



**ഫാ. ഡോ. ജയിംസ് തോടത്തിൽ**
(ഡയറക്ടർ, ക്നാനായ ഫാമിലി ഡയറക്ടറേറ്റ്)

# മാതൃകാ കുടുംബജീവിതം ദൈവശാസ്ത്ര-മനഃശാസ്ത്ര വീക്ഷണത്തിൽ

**പ്രാർത്ഥനയിൽ ഉൾപ്പെടേണ്ട നാല് ഘടകങ്ങളെക്കുറിച്ച് ചിന്തിക്കാം.**

(1) P for Praise and thanks giving
(2) R for Repentance
(3) A for Ask,
(4) Y for Yield **സമർപ്പണം**

**1. സ്തുതിയും സ്തോത്രവും (Praise and thanks giving)**

ദൈവമക്കൾക്ക് ദൈവത്തെ എത്ര സ്തുതിച്ചാലും മതി വരികയില്ല. നമ്മുടെ എല്ലാ പ്രാർത്ഥനയും ആരംഭിക്കുന്നതും അവസാനിക്കുന്നതും ദൈവത്തെ മഹത്വപ്പെടുത്തിക്കൊണ്ടാണ്. ദൈവപൈതലിന് ദൈവത്തെ സ്തുതിക്കുന്നത് ആനന്ദമാണ്. "എൻ മനമേ യഹോവയെ വാഴ്ത്തുക; എന്റെ സർവ്വാന്തരംഗവുമെ അവന്റെ വിശുദ്ധ നാമത്തെ വാഴ്ത്തുക; എൻ മനമേ യഹോവയെ വാഴ്ത്തുക" (സങ്കീ.103:1). അപ്രകാരം തന്നെ നന്ദി കരേറ്റുന്നവരുമായിരിക്കണം. ദൈവം ചെയ്ത ഉപകാരങ്ങളെ ഓർത്ത് നന്ദിയോടെ ദൈവത്തെ മഹത്വപ്പെടുത്തണം.

വി. കുർബ്ബാനയിലും നമസ്ക്കാരങ്ങളിലും സ്തുതിയും സ്തോത്രവും നിറഞ്ഞുനിൽക്കുന്നതായി കാണാം. നമ്മുടെ എല്ലാ പ്രാർത്ഥനകളിലും സ്തുതിപ്പ് നിറഞ്ഞു നിൽക്കുന്നു. സ്തുതിയും സ്തോത്രവും അടങ്ങിയിരിക്കുന്ന സങ്കീർത്തനങ്ങൾ നാം ആരാധനയിൽ ഉപയോഗിക്കുന്നതിനാൽ സ്തുതിക്കു യോഗ്യനായ കർത്താവിനെയാണ് നാം ആരാധിക്കുന്നത്. നമ്മുടെ പ്രാർത്ഥനകൾ സ്തുതിയിൽ ആരംഭിച്ച് സ്തുതിയിൽ അവസാനിക്കണം.

**2. Repentance (അനുതാപം)**

മാനസാന്തരവും പാപമോചനവും അടങ്ങിയിരിക്കുന്ന പ്രാർത്ഥനയാണ് ദൈവം കൈക്കൊള്ളുന്നത്. "തന്റെ ലംഘനങ്ങളെ മറച്ചുവയ്ക്കുന്നവന് ശുഭം വരികയില്ല. അവയെ ഏറ്റു പറഞ്ഞപേക്ഷിക്കുന്നവനോ കരുണയുണ്ടാകും" (സദൃ.28:13). നമ്മുടെ അകൃത്യങ്ങളെയും പാപങ്ങളെയും അവൻ അറിയുന്നതിനാൽ അവന്റെ മുൻപിൽ ഒന്നും മറവായിരിക്കുന്നില്ല. ഏറ്റു പറയുന്നുവെങ്കിൽ അവൻ ക്ഷമിക്കും; മറച്ചുവയ്ക്കുന്നുവെങ്കിൽ ശിക്ഷാർഹനായിത്തീരും. "വസ്ത്രങ്ങളെയല്ല ഹൃദയങ്ങളെ തന്നെ കീറി നിങ്ങളുടെ ദൈവമായ യഹോവയുടെ അടുക്കലേയ്ക്ക് തിരിവീൻ" (യോവേൽ 2:13). അനുതാപ ഹൃദയത്തോടെയുള്ള പ്രാർത്ഥന ദൈവം കേട്ട് നമ്മുടെ തെറ്റുകളെ ക്ഷമിക്കും. വിശുദ്ധീകരിക്കപ്പെട്ട ഹൃദയത്തോടുകൂടിയുള്ള പ്രാർത്ഥനയാണ് ദൈവം സ്വീകരിക്കുന്നത്. ആ വിശുദ്ധി പ്രാപിക്കുവാൻ മാനസാന്തരം ആവശ്യമാണ്.

**3. Ask (Supplication, അപേക്ഷ)**

"യാചിപ്പീൻ നിങ്ങൾക്കു ലഭിക്കും; അന്വേഷിപ്പീൻ കണ്ടെത്തും; മുട്ടുവീൻ തുറക്കപ്പെടും" എന്ന് നമ്മുടെ കർത്താവ് പറഞ്ഞിരിക്കുന്നതിനാൽ പ്രാർത്ഥനയിൽ അപേക്ഷയും യാചനയും ഉണ്ടെന്ന് മനസ്സിലാക്കാം. "അബ്ബാ പിതാവെ" എന്നു വിളിക്കുവാനുള്ള പുത്രത്വത്തിന്റെ അധികാരം നൽകിയിരിക്കുന്ന പിതാവാണ് നമ്മുടെ ദൈവം. ദൈവത്തിന്റെ മക്കളായ നമുക്കു മക്കൾ അപ്പനോടു പറയുന്നതു പോലെ നമുക്കു ദൈവത്തോട് ആവശ്യങ്ങളെ ചോദിക്കുവാൻ അവകാശമുണ്ട്. എന്നാൽ എന്ത് അപേക്ഷിച്ചാലും ദൈവഹിതമെങ്കിൽ എന്ന് ചേർത്ത് പ്രാർത്ഥിക്കണം. നിങ്ങളുടെ ജീവിതത്തിൽ നിർണ്ണായകമായ തീരുമാനങ്ങൾ എടുക്കുമ്പോഴെല്ലാം ദൈവത്തോട് ചോദിച്ചിട്ട് മാത്രമെ അന്തിമ തീരുമാനത്തിൽ എത്താവൂ. എവിടെപ്പോയാലും പ്രാർത്ഥിച്ചിട്ടു പോകുന്ന ശീലം ജീവിതത്തിലുണ്ടായിരിക്കണം.

**4. Y - Yield (means surrender, സമർപ്പണം)**

യഥാർത്ഥ ദൈവപൈതൽ ദൈവതിരുമുമ്പാകെ തന്നെത്താൻ സമർപ്പിക്കും. പ്രാർത്ഥനയുടെ തീവ്രത നമ്മുടെ സമർപ്പണത്തിൽ ആശ്രയിച്ചിരിക്കും എന്തെല്ലാം സംഭവിച്ചാലും ഞാൻ ദൈവത്തെ വിട്ടുമാറുകയില്ലെന്നു ദൃഢപ്രതിജ്ഞയെടുക്കുന്നവരാകണം നാം. അതാണ് ദൈവത്തിനിഷ്ടം. അതിനാൽ നാം പ്രാർത്ഥിക്കേണ്ടത് അനുഗ്രഹങ്ങൾക്കുവേണ്ടിയല്ല അനുഗ്രഹദാതാവായ ദൈവത്തെ ലഭിക്കുവാനാണ്. ദൈവതിരുമുമ്പാകെ പൂർണ്ണമായി സമർപ്പിക്കുന്ന ഒരു വ്യക്തിക്കു മാത്രമെ ദൈവഹിതത്തിനായി ഏല്പിച്ചു കൊടുക്കുവാൻ കഴിയൂ.

"അച്ചോ, പ്രാർത്ഥിച്ചിട്ട് കാര്യം സംസാരിക്കാതെ വരുമ്പോൾ ഒരു തരം നിരാശ ബാധിക്കാറുണ്ട്. പ്രാർത്ഥിച്ചിട്ട് കാര്യമില്ലെന്നും, പ്രാർത്ഥന ദൈവം കൈക്കൊള്ളുന്നില്ലെന്നുമൊക്കെയുള്ള നിരാശാജനകമായ ചിന്തകൾ ഭരിക്കാറുണ്ട്. എന്തുകൊണ്ടാണച്ചോ അങ്ങനെയൊക്കെ സംഭവിക്കുന്നത്"? സുമ തന്റെ ബലഹീനത തുറന്നു പറഞ്ഞു.

സുമ മാത്രമല്ല ഞാനുൾപ്പെടെ അനേകം പേരുടെ ഹൃദയത്തിലുണ്ടാകുന്ന നിരാശയാണിത്. വിചാരിക്കുന്നതുപോലെ കാര്യങ്ങൾ നടക്കാതെ വരുമ്പോൾ ഉണ്ടാകുന്ന തെറ്റിദ്ധാരണയാണിത്. ദൈവം നമ്മുടെ പ്രാർത്ഥനയുടെ ആവശ്യകതയറിഞ്ഞാണ് മറുപടി നൽകുന്നത്. ലഭിക്കാതെ വരുമ്പോൾ നിരാശപ്പെടുന്നത് ദൈവവിശ്വാസത്തിലെ ആഴക്കുറവാണ്. ദൈവം ദോഷമായിട്ടൊന്നും ചെയ്കയില്ലെന്ന് ഉറച്ചു വിശ്വസിക്കണം. വിശ്വാസ ദൃഢതയുണ്ടെങ്കിൽ ഇത്തരം നിരാശകൾ നമ്മെ ബാധിക്കില്ല.

അച്ചന്റെ വാക്കുകൾ സുമയെയും കൂട്ടുകാരെയും ധൈര്യപ്പെടുത്തി. വിശ്വാസത്തിൽ ആഴപ്പെടുന്നിടത്ത് ദൈവതിരുഹിതം തിരിച്ചറിയുവാനുള്ള പ്രാപ്തി ലഭിക്കും.

"അച്ചോ, ഒരു ഇടവേള".

ലിസ്സിയുടെ സ്വരം കേട്ട് എല്ലാവരും പിന്നിലേക്കു തിരിഞ്ഞുനോക്കി. ലിസ്സിയും ജോസഫും കാപ്പിയും കേക്കുമായി നിൽക്കുന്നു.

"ശരി അങ്ങനെയാകട്ടെ".

രേഷ്മ പറയുന്നത് കേട്ട് എല്ലാവരും ചിരിച്ചു.

കാപ്പികുടികഴിഞ്ഞ് എല്ലാവരും തിരികെ എത്തി. "അച്ചോ യാമപ്രാർത്ഥനകൾ നിറവേറ്റണമെന്നാണല്ലോ സഭയുടെ പഠിപ്പിക്കൽ. എന്തൊക്കെയാണ് യാമപ്രാർത്ഥനകൾ". ജോജോയാണ് ചോദിക്കുന്നത്.

കാനോനിക നമസ്കാരങ്ങൾക്കാണ് യാമങ്ങളിൽ ചൊല്ലേണ്ടിയ പ്രാർത്ഥനകൾ എന്ന നിലയിൽ യാമപ്രാർത്ഥനകൾ എന്നു പറയുന്നത്. ഏഴ് യാമങ്ങളിലാണ് പ്രാർത്ഥിക്കേണ്ടത്. ദിവസം ആരംഭിക്കുന്നത് സന്ധ്യയ്ക്കാണെന്ന് യഹൂദാ പാരമ്പര്യത്തിലും തുടർന്ന് സുറിയാനിസഭാ പാരമ്പര്യത്തിലും പറയുന്നു. അതിനാൽ സന്ധ്യാനമസ്ക്കാരമാണ് ആദ്യം. യേശുക്രിസ്തുവിന്റെ കഷ്ടാനുഭവത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന എഴുയാമങ്ങളിലെ അനുഭവങ്ങളെ സ്മരിച്ചുകൊണ്ടാണ് ഈ പ്രാർത്ഥനകൾ നിറവേറ്റുന്നത്.

**1. സന്ധ്യാപ്രാർത്ഥന**

യിസ്രായേൽ പാരമ്പര്യത്തിൽ പെസഹാക്കുഞ്ഞാട് അറുക്കപ്പെടുന്നത് സന്ധ്യയിലാണ്. യേശുവിന്റെ അന്ത്യഅത്താഴസമയത്ത് താൻ ഏൽക്കുവാൻ പോകുന്ന കഷ്ടാനുഭവത്തിന്റെ മുന്നോടിയായി അപ്പം മുറിച്ചു നൽകികൊണ്ട് പറഞ്ഞു:

"ഇതെന്റെ ശരീരമാകുന്നു"

വീഞ്ഞു പകർന്നുനല്കികൊണ്ട് പറഞ്ഞു "ഇതെന്റെ രക്തമാകുന്നു"

ഇവ സ്മരിച്ചുകൊണ്ട് സന്ധ്യാപ്രാർത്ഥന നിർവ്വഹിക്കുന്നു. കഴിഞ്ഞ പകലിൽ ദൈവം കാത്തു സൂക്ഷിച്ചതിന് നന്ദി കരേറ്റുന്നു.

**2. സൂത്താറ പ്രാർത്ഥന**

ഉറങ്ങാൻ പോകുന്ന സമയത്താണ് ഈ പ്രാർത്ഥന. അതായത് രാത്രിയിൽ യേശുവിനെ പടയാളികൾ പിടികൂടി ഹന്നായുടെയും കയ്യാഫാവിന്റെയും അരമനയിൽ കൊണ്ടുപോയി ചോദ്യം ചെയ്തതിനെ ഈ അവസരത്തിൽ ഓർക്കുന്നു. ദൈവമക്കൾ നല്ലയുറക്കം നൽകുവാനായി പ്രാർത്ഥിക്കുന്നു മാത്രമല്ല പ്രഭാതത്തിൽ സന്തോഷത്തോടെ ഉണരുവാനുള്ള കൃപയ്ക്കായി പ്രാർത്ഥിച്ച് സമർപ്പിച്ചു കിടന്നുറങ്ങുന്നു.

**3. പാതിരാത്രിയുടെ പ്രാർത്ഥന**

എല്ലാവരും ഉറങ്ങുന്ന സമയത്ത് യഹൂദന്മാർ യേശുവിനെ മാനസ്സികമായും ശാരീരികമായും പീഡിപ്പിക്കുന്നു. കർത്താവിന്റെ കഷ്ടാനുഭവങ്ങളെ സ്മരിച്ചുകൊണ്ട് പാതിരാവിൽ പ്രാർത്ഥിക്കുന്നു.

**4. പ്രഭാത പ്രാർത്ഥന**

പ്രഭാതത്തിൽ ന്യായവിസ്താരത്തിനായി പീലാത്തോസിന്റെ അരമനയിൽ യേശുവിനെ കൊണ്ടുചെല്ലുന്നത് സ്മരിക്കുന്നു. ദൈവകരങ്ങളിൽ സമാധാനത്തോടെ ഉറങ്ങുവാൻ കഴിഞ്ഞതിന് നന്ദിപറയുന്ന പ്രാർത്ഥനയാണ് പ്രഭാത പ്രാർത്ഥന.

**5. മൂന്നാംമണി പ്രാർത്ഥന (രാവിലെ 9 മണി)**

ന്യായവിസ്താരത്തിനു ശേഷം യേശുവിനെ ക്രൂശ്മരണത്തിന് വിധിച്ച സമയമാണ് മൂന്നാം മണി.

**6. ആറാം മണി പ്രാർത്ഥന (ഉച്ചയ്ക്ക് 12 മണി)**

യേശുവിന്റെ ക്രൂശ്മരണത്തെ അനുസ്മരിക്കുന്നു. ആറാം മണിസമയത്താണ് (മദ്ധ്യാഹ്നം) യേശു കുരിശിൽ തറയ്ക്കപ്പെടുന്നത്.

**7. ഒൻപതാംമണി പ്രാർത്ഥന (വൈകുന്നേരം 3 മണി)**

മൂന്നുമണിക്കൂർ യേശു കുരിശിൽ കിടന്നു പിടഞ്ഞു. ഒൻപതാംമണിക്കാണ് ക്രൂശിൽ മരിക്കുന്നത്. നമ്മുടെ രക്ഷയ്ക്കായി ദൈവിക പദ്ധതിപ്രകാരം യേശു ക്രൂശിൽ മരിക്കുന്നു.



എന്നാൽ ഏഴ് യാമങ്ങളിലെ പ്രാർത്ഥന സൗകര്യാർത്ഥം രണ്ട് നേരമായി ചുരുക്കിയിരിക്കുന്നു. ഒൻപതാംമണി, സന്ധ്യ, സൂത്താറ പ്രാർത്ഥനകൾ ഒരുമിച്ച് സന്ധ്യാസമയത്ത് പ്രാർത്ഥിക്കുന്നു. പാതിരാത്രി, പ്രഭാതം, മൂന്നാംമണി, മദ്ധ്യാഹ്നം എന്നീ യാമങ്ങളിലെ പ്രാർത്ഥനകൾ പ്രഭാതത്തിൽ ഒരുമിച്ചു പ്രാർത്ഥിക്കുന്നു. ഇപ്രകാരം ഒരു സത്യവിശ്വാസി രണ്ടുനേരമായിട്ട് ഏഴ് യാമങ്ങളിലെയും പ്രാർത്ഥനകൾ ചൊല്ലുന്ന പാരമ്പര്യമാണ് സുറിയാനി സഭയിലുള്ളത്.

ദിവസം രണ്ടുനേരവും നിർബന്ധമായി പ്രാർത്ഥിക്കുവാൻ നിങ്ങളുടെ ഭവനങ്ങളിലും സൺഡേസ്കൂളിലും നിങ്ങൾ കണിശക്കാരാകണം. പ്രാർത്ഥനയുള്ള കുടുംബത്തിന്റെ കർതൃത്വം കർത്താവ് ഏറ്റെടുത്തു കൊള്ളും.

"അച്ചോ നവീകരണ സഭക്കാർ നമ്മുടെ പ്രാർത്ഥനകൾ എഴുതിവച്ചിരിക്കുന്ന പ്രാർത്ഥനകളാണെന്നും അർത്ഥമറിയാതെയാണ് ചൊല്ലുന്നതെന്നും അത് പ്രയോജനരഹിതമാണെന്നും വാദിക്കാറുണ്ടല്ലോ".

റോയിയാണ് ചോദിക്കുന്നത്.

"അത് ശരിയാണ് നമ്മുടെ സൺഡേസ്കൂളിലെ കുട്ടികളുടെ പ്രാർത്ഥന കേൾക്കുമ്പോൾ എനിക്കും ചിലപ്പോൾ അങ്ങനെ തോന്നാറുണ്ട്".

അച്ചൻ ചിരിച്ചുകൊണ്ടു പറഞ്ഞു.

ഒരു കൂട്ടച്ചിരി ഉയർന്നു.

"റോയി, നവീകരണസഭക്കാർ അപ്പസ്തോലിക സഭയെ കുറ്റം പറയുന്നതിൽ ഒന്നാണ് ഇപ്പറഞ്ഞ പ്രാർത്ഥനയെക്കുറിച്ചുള്ള ആരോപണം. പിതാക്കന്മാർ പ്രാർത്ഥിച്ച് പരിശുദ്ധാത്മാഭിഷേകം പ്രാപിച്ച് എഴുതിയിട്ടുള്ളതാണ് ഈ പ്രാർത്ഥനകൾ. അവയെ നിസ്സാരമായി കാണരുത്. എന്നാൽ നാം പ്രാത്ഥിക്കുമ്പോൾ ശ്രദ്ധയോടുകൂടി അർത്ഥം മനസ്സിലാക്കി സമർപ്പണത്തോടെ പ്രാർത്ഥിക്കുന്നുവെങ്കിൽ നിശ്ചയമായും ദൈവം നമ്മുടെ പ്രാർത്ഥന കേൾക്കും".

(തുടരും)

കവിത

# തലമുറയെ ശക്തരാക്കിടുവിൻ

ജെയിനമ്മ മർക്കോസ്, നടുവിലേപറമ്പിൽ, കുഴിമറ്റം

മക്കളെ ചേർത്തു പിടിയ്ക്കുന്ന ഭവനത്തിൽ
'വാ' മൊഴിയായ് വരം കിട്ടിടുന്നു
മാതാവിൽ നിന്നും കിട്ടുന്ന 'വാ' മൊഴി
കുഞ്ഞിന് നേർവഴി നൽകിടുന്നു.
തല്ലിക്കൊടുത്തും ചൊല്ലിക്കൊടുത്തും
മക്കളെ ഒക്കെ വളർത്തീടേണം
ചിട്ടയായി വളരുന്ന മക്കളെല്ലാം
സ്വർഗ്ഗരാജ്യത്തിൻ ശില്പികളല്ലോ
'വാ' മൊഴി, കിട്ടുന്ന മക്കളൊക്കെ
'വര', മൊഴി, സമ്പത്തായി നേടിടുന്നു
ഇഹത്തിലും പരത്തിലും മാന്യരായിക്കൊണ്ട്
കർത്തന്റെ കൈയ്യിൽ കഴിഞ്ഞിടുന്നു
മക്കളെ അന്യരെ ഏല്പിച്ചിട്ട്,
പണം തേടിപ്പോകുന്ന സോദരരേ
കാലം നിങ്ങളെ തള്ളിപ്പറയും
മക്കളെ നിങ്ങൾക്കു നഷ്ടമാകും
വാർദ്ധക്യം നിങ്ങളെ കെട്ടിപ്പിടിക്കുമ്പോൾ
ദേഹത്തിൻ താളം തെറ്റിടുമ്പോൾ
സാന്ത്വനത്തിൻ സ്വരം കൊതിച്ചിടുമ്പോൾ
വൃദ്ധസദനത്തിൽ ആക്കിടുന്നു
മനുഷ്യരെ ദൈവങ്ങളാക്കിടല്ലേ
നിയമങ്ങളൊക്കെ പാലിച്ചുകൊണ്ട്
ദൈവത്തിൻ കാവലിൽ നിന്നിടുമ്പോൾ
ദുഷ്ടൻ ലജ്ജിച്ചു ഓടുമല്ലോ (2)
ലോകത്തിനിമ്പങ്ങൾ കാട്ടിക്കൊണ്ട്
ദുഷ്ടൻ തന്ത്രം മെനഞ്ഞിടുമ്പോൾ
അവ,നിന്റെ, നാശം തന്നെയല്ലോ
കർത്തന്റെ മാറിൽ ഒളിച്ചിടുക
അണു, കുടുബം നേട്ടമുണ്ടാക്കിലും കൂട്ടരേ
കൂട്ടുകുടുംബം മേത്തരമല്ലോ
മുത്തച്ഛൻ മടിയിൽ വളരുന്ന മക്കൾ
കുടുംബത്തിൽ കെട്ടുറപ്പായിടുന്നു.
ദൈവത്തിൽ നിന്നു, അകന്നിടുമ്പോൾ
കുടുംബത്തിൽ ദുഷ്ടൻ കയറിപ്പറ്റും
ബലഹീന പാത്രത്തെ തേടിപ്പിടിച്ച്
കലഹത്തിൻ വിത്തു വിതച്ചീടുമേ
ഡിവോഴ്സിൽ വക്കിൽ നില്ക്കുന്നോരേ
'തലയ്ക്ക്' തീ, പിടിച്ചോടരുതേ
ഒരപ്പനും, 'അമ്മ' ആകില്ലല്ലോ
ഒരമ്മയും 'അപ്പൻ' ആകില്ലല്ലോ (2)
ഭാര്യയും ഭർത്താവും ഒത്തുവസിക്കണം
തെറ്റു കുറ്റങ്ങൾ ഒത്തുപൊറുക്കണം
ദൈവത്തിൽ ചേർന്നു നിന്നുകൊണ്ട്
തലമുറയെ ശക്തരാക്കിടുവിൻ
ധീരതയോടെ വളർന്നിടുവാൻ
അപ്പന്റെ കൈയ്യിൽ വളർന്നീടേണം
ദൈവ വചനം കേട്ടുകൊണ്ട്
അമ്മയുടെ മടിയിൽ ഉറങ്ങിടേണം
സ്വാർത്ഥതയൊക്കെ വെടിഞ്ഞുകൊണ്ട്
നല്ലൊരു നാളെയ്ക്കായി കാത്തിരിയ്ക്കാൻ
സ്വന്തബന്ധങ്ങളെ ചേർത്തു പിടിച്ച്
തലമുറയെ ഒക്കെ ധന്യമാക്കൂ
മാതാപിതാക്കളെ ഒന്നു നിൽക്കൂ
കർത്തനിൽ തന്നെ ഉറച്ചുകൊണ്ട്
ജീവിതം ശോഭനമാക്കിടുവാൻ
മാതൃക ജീവിതം പാലിക്കുക
കുടുംബം ഭദ്രമാക്കിടുവാൻ
അന്യോന്യം പാദം കഴുകികൊണ്ട്
താഴ്മയുടെ ഭാവം ധരിച്ചിടുവാൻ
ഈശന്റെ ഭാവം വന്നിടട്ടെ.

# ക്നാനായ കുടിയേറ്റവും മലങ്കര സഭാചരിത്രത്തിലെ നിർണ്ണായക സ്വാധീനങ്ങളും – (തുടർച്ച)

ഡോ. കുറിയാക്കോസ് കോർ എപ്പിസ്കോപ്പാ മൂലയിൽ

### വി. ക്നായിതൊമ്മന്റെ മഹത്തായ സഭാസമർപ്പണം

എ.ഡി. 345-ൽ മലങ്കരയിൽ കുടിയേറിവന്ന എഡേസായിലെ സുറിയാനി സഭാസംഘത്തിന് നേതൃത്വം നൽകിയ വി.ക്നായിത്തോമയുടെ സേവനം ഒന്നുകൊണ്ട് മാത്രമാണ് മലങ്കര സുറിയാനി സഭ ഇന്ന് നിലനിൽക്കുന്നത്. മലങ്കര സഭയുടെ ആരാധന, സുറിയാനി പൈതൃകം, അപ്പോസ്തോലിക പൗരോഹിത്യം എന്നിവയെല്ലാം അനുഗ്രഹകരമായി ലഭ്യമായത് വി. ക്നായിത്തോമയുടെ നേതൃത്വത്തിലുള്ള സുറിയാനിക്കാരുടെ കുടിയേറ്റത്തിലൂടെയാണ്. സുറിയാനി കുടിയേറ്റം പേർഷ്യയിലെ പൗരസ്ത്യ സുറിയാനി സഭയിൽ നിന്നായിരുന്നു എന്നു വരുത്തിത്തീർക്കുവാൻ ഒരു പരിശ്രമവും ഇന്ന് നടക്കുന്നുണ്ട്. എന്നാൽ സുറിയാനിക്കാർ പുറപ്പെട്ടുപോന്ന എഡേസ അക്കാലത്ത് പൂർണ്ണമായും റോമാ സാമ്രാജ്യത്തിലായിരുന്നു. പേർഷ്യൻ സഭയും റോമിലെ സഭയും അന്ന് വിശ്വാസപരമായി വേർപിരിഞ്ഞിരുന്നില്ല. അതുകൊണ്ട് സിറിയൻ കുടിയേറ്റം പൂർണ്ണമായും പരി. അന്ത്യോഖ്യാസിംഹാസനത്തോടുള്ള ബന്ധത്തിൽ കിഴക്കിന്റെ കാതോലിക്കേറ്റുമായി ബന്ധപ്പെട്ടു മാത്രമാണ് സംഭവിച്ചത്. ക്നാനായ പാരമ്പര്യം എന്നും പറയുന്നത് മലങ്കര സഭയിലെ ക്നാനായക്കാരൻ എന്നു പറയുന്ന ഒരു പ്രത്യേക സമുദായത്തിന്റേത് മാത്രമാണ് എന്നു തെറ്റിദ്ധരിച്ചിരിക്കുന്ന മലങ്കര സഭാംഗങ്ങൾ തന്നെയുണ്ട്. ഇന്നത്തെ ക്നാനായക്കാർ അവരുടെ ഉറഹാ പാരമ്പര്യം വംശീയമായി നിലനിർത്തുന്നത് മാത്രമാണ് അവരുടെ പ്രത്യേകത. ബാക്കിയെല്ലാ വിശ്വാസ-പൗരോഹിത്യ പാരമ്പര്യങ്ങളും, മലങ്കര സഭയുടേത് തന്നെയാണ്. ക്നാനായക്കാർ വന്നപ്പോൾ ലഭിച്ച പദവികൾ കേരളത്തിലെ ക്രിസ്ത്യാനികൾ പൊതുവായിട്ടാണ് അനുഭവിച്ചുകൊണ്ടിരുന്നത്. ഇതിലൊന്നും വിഭാഗീയത ഇല്ല. 1910-ൽ ക്നാനായ ഭദ്രാസനം സ്ഥാപിതമാകുന്നതുവരെ ക്നാനായക്കാർ പൂർണ്ണമായും മലങ്കരസഭയിലെ അവിഭാജ്യഘടകവും ഭദ്രാസനങ്ങളിലും ഇടവകകളിലും ഒന്നുചേർന്ന് പൊയ്ക്കൊണ്ടിരുന്നവരും ആണ്. പ്രത്യേക ഭദ്രാസനം ഉണ്ടായപ്പോൾ ഭരണപരമായി ഭൂമിശാസ്ത്രപരിധി കൂടാതെ ഒരു ഭദ്രാസനമാക്കി വേർതിരിച്ചു എന്നു മാത്രം. അതിനുശേഷവും സഭാപരമായി ക്നാനായക്കാർ മലങ്കര സഭയുടെ ഭാഗവും അതിലെ പിതാക്കന്മാർ ഏകസഭയെക്കുറിച്ച് ദർശനമുള്ളവരുമായിരുന്നു.



താഴെക്കാണും പ്രകാരം സഭയുടെ പ്രതിസന്ധികളിലൊക്കെ നേതൃത്വം നല്കിയവരിൽ ക്നാനായക്കാരുടെ പങ്ക് വളരെ വലുതാണ്. മഹാനായ ഇ.എം. ഫിലിപ്പിനെപ്പോലെയുള്ളവർ മലങ്കര സഭയ്ക്കുവേണ്ടി അനുഷ്ഠിച്ചിട്ടുള്ള സേവനങ്ങൾ വിസ്മരിക്കുന്നത് സ്വയഹത്യയ്ക്ക് തുല്യമാണ്. ക്നായി തോമായെ പരി. സഖാപ്രഥമൻ പാത്രിയർക്കീസ് ബാവാ വിശുദ്ധനായി പ്രഖ്യാപിച്ച് വി. തുബ്ദേനിൽ അനുസ്മരിക്കുവാൻ കല്പനയായിട്ടുള്ളതാണ്. ഇത് അദ്ദേഹത്തിന്റെ മലങ്കര സഭാസേവനത്തിന്റെ കൂടെ അനുസ്മരണമാണ്. കച്ചവടക്കാരനായി വന്ന് ക്നായിതോമ്മാ വിശുദ്ധനാവുന്നത് എങ്ങനെ എന്ന് സംശയം പ്രകടിപ്പിക്കുന്നവരെ കണ്ടിട്ടുണ്ട്. വിശുദ്ധിയെക്കുറിച്ചുള്ള സർവത്രമായ ഒരു അബദ്ധമാണ് ഇത്. പഴയനിയമ പുതിയ നിയമ പരിശുദ്ധന്മാരെല്ലാം വൈവിധ്യങ്ങളായി തൊഴിലുകൾ ചെയ്തിട്ടുള്ളവരും അതിലേർപ്പെട്ട് നിന്നവരുമാണ്. തൊഴിലധിഷ്ഠിതമായിട്ടല്ല വിശുദ്ധിയുടെ മാനദണ്ഡം നിർണ്ണയിക്കപ്പെടുന്നത്. ശിഷ്യന്മാരെല്ലാം മീൻപിടുത്തക്കാരും പൗലോസിനെപ്പോലുള്ളവർ കൂടാര നിർമ്മിതിയിൽ ഏർപ്പെട്ടിരുന്നവരുമാണ്. വിശുദ്ധനായ അപ്രേം ഒരു വൈദികൻപോലുമായിരുന്നില്ല. അല്മായക്കാരായ എത്രയോ വിശുദ്ധന്മാർ ഈ സഭയിൽ ഉണ്ടായിട്ടുണ്ട്. അടുത്തകാലത്ത് വിശുദ്ധന്മാരായി പ്രഖ്യാപിച്ച സെയ്ഫോയിലെ രക്തസാക്ഷികൾ ഏതെല്ലാം നിലയിൽ പ്രവർത്തിച്ചവരായിരുന്നു. വിശുദ്ധന്മാരുടെ അടിസ്ഥാനപ്രമാണം അവർ വിശ്വാസത്തിനുവേണ്ടിയും സഭയ്ക്കുവേണ്ടിയും അനുഷ്ഠിച്ചിട്ടുള്ള സേവനസമർപ്പണങ്ങളാണ്. അല്ലാതെ ഭൗതികമായ അവരുടെ തൊഴിലോ പദവിയോ സ്ഥാനമോ ഒന്നുമല്ല. ഈ നിലയിൽ വി. ക്നായി തോമ്മാ മലങ്കര സഭയ്ക്ക് കടപ്പെട്ട ഒരു വലിയ വിശുദ്ധൻ തന്നെയാണ്. പരി.സഖാ പ്രഥമൻ ബാവാ അത് തിരിച്ചറിഞ്ഞാണ് ഈ പ്രഖ്യാപനം നടത്തിയിട്ടുള്ളതും.

### ഇട്ടിത്തൊമ്മൻ കത്തനാരും കൂനൻ കുരിശു സത്യവും

1910 ചിങ്ങം 15 ന് (ഓഗസ്റ്റ് 28) ക്നാനായ ഭദ്രാസനം രൂപീകരിക്കുമ്പോൾ 14 പള്ളികളാണ് ഈ ഭദ്രാസനത്തിലുണ്ടായിരുന്നത്. 1653-ൽ കൂനൻ കുരിശു സത്യവും അതിന്റെ പിന്നിലുള്ള സാഹസിക പ്രശ്നങ്ങളും ഉണ്ടായപ്പോൾ ഈ സമൂഹം അതിലും എത്രയോ ചെറിയ ഒരു സമൂഹമായിരുന്നു എന്നതു ചിന്തിക്കുമ്പോഴാണ് ഇത്ര വലിയ ജനകീയ മുന്നേറ്റത്തിനു നേതൃത്വം നല്കിയ ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ കത്തനാർ എന്ന അസാമാന്യവ്യക്തിയുടെ പൊതു സ്വീകാര്യതയും നേതൃവൈഭവവും അതിലുപരി വിശ്വാസപരിരക്ഷണത്തിന്റെ പോരാട്ടത്തിലുള്ള ഐക്യവീക്ഷണവും വെളിവാകുന്നത്. ഇട്ടൂപ്പ് റൈട്ടർ എഴുതിയ "മലയാളത്തുള്ള സുറിയാനി ക്രിസ്ത്യാനികളുടെ സഭാചരിത്രം" എന്ന കൃതിയിൽ സഭയ്ക്കുവേണ്ടി അദ്ദേഹം സഹിച്ചത്യാഗവും സഹനവും വിവരിക്കുന്നുണ്ട്. മലങ്കര സഭയുടെ മഹാനായ ഈ പുത്രന്റെ മഹത്തായ സഭാസേവന മാതൃക മനസ്സിലാക്കുവാൻ ആധു



നിക തലമുറ ചരിത്രകൃതികൾ മനസ്സുതുറന്നു വായിച്ചിരിക്കണം. 25000 സുറിയാനിക്കാരെ മട്ടാഞ്ചേരിയിൽ വിളിച്ചുകൂട്ടുവാനും പ്രതിഷേധ ശബ്ദത്തിന്റെ മാറ്റൊലി പോർട്ടുഗീസ് ഭരണതന്ത്രത്തിനും റോമൻ ഭരണശൈലിക്കു മുന്നിലും നിസ്സഹായ രാജസദസ്സുകളിലും എത്തിക്കുവാൻ കഴിഞ്ഞ ഈ മഹാനായ സഭാ തനയൻ ഈ തലമുറയ്ക്കും വിശ്വാസതീക്ഷ്ണതയും സഭയ്ക്കുവേണ്ടി നേതൃനിരയിലേക്കു വരുവാനുമുള്ള പ്രചോദനവും നല്കണം എന്നാണെന്റെ പ്രാർത്ഥന.

**ഇടവഴിക്കൽ പീലിപ്പോസ് കശ്ശീശാ**

മലങ്കര സഭയ്ക്ക് നേതൃത്വം നല്കിയ അസാധാരണ വ്യക്തികൾക്കു ജന്മം നല്കിയ ഒരു കുടുംബമാണ് കോട്ടയം ഇടവഴിക്കൽ പീലിപ്പോസ് കശ്ശീശായുടെ മൂന്നുതലമുറയും അടങ്ങുന്ന ധീര സഭാസ്നേഹികൾ. നവീകരണകക്ഷിയെന്ന് അറിയപ്പെട്ടിരുന്ന പ്രൊട്ടസ്റ്റന്റ് വിശ്വാസാനുകൂലികൾ 19-ാം നൂറ്റാണ്ടിൽ മലങ്കരസഭയെ ഒന്നിച്ചു വിഴുങ്ങുവാൻ മിഷനറിമാരുടെയും ഭരണാധികാരികളുടെയും പിൻതുണയോടെ പരിശ്രമിച്ചപ്പോൾ ജയിൽ വാസവും ശാരീരിക പീഡനങ്ങളും സഹിക്കേണ്ടി വന്ന ധീരയോദ്ധാവായിരുന്നു ആ മഹാനായ സഭാസന്താനം. ഇദ്ദേഹത്തിന്റെ മക്കളാണ് ഇടവഴിക്കൽ മോർ സേവേറിയോസ് ഗീവർഗീസ് മെത്രാപ്പോലീത്തായും ഇടവഴിക്കൽ പീലിപ്പോസ് കോർ എപ്പിസ്കോപ്പായും. ഇദ്ദേഹത്തിന്റെ കൊച്ചുമകനാണ് മലങ്കരയുടെ സിംഹം എന്നറിയപ്പെട്ടിരുന്ന ചരിത്രകാരനായ ഇ. എം. ഫിലിപ്പ്. 19-ാം നൂറ്റാണ്ടിൽ ബ്രിട്ടീഷ് മിഷനറി സംഘത്തോടും അവരുടെ പിന്നണികളോടും അവർക്കു നേതൃത്വം നല്കിയ പാലക്കുന്നത്ത് മല്പാനോടും മാത്യൂസ് അത്താനാസിയോസിനോടും എതിർത്തു നിന്ന് സഭാവിശ്വാസ പരിപാലനത്തിനായി ത്യാഗപൂർവ്വം സേവനം അർപ്പിച്ച മൂന്നു തലമുറകൾ ഈ വന്ദ്യപിതാവിന്റെ പരമ്പരകളാണ്. അന്ത്യോഖ്യാ പ്രതിനിധിയായി മലങ്കരയിൽ വന്നിരുന്ന യൂയാക്കീം മോർ കൂറിലോസിന്റെ വാർദ്ധക്യബലഹീനതയെയും സഹായിയായി വന്ന മോർ അത്താനാസിയോസിനെ പ്രതിരോധിച്ചവർക്കെതിരെ പോരാടിയും മാത്യൂസ് മോർ അത്താനാസിയോസിനുപകരം തദ്ദേശീയ മെത്രാനെ വാഴിക്കുവാനും പരി. പാത്രിയർക്കീസ് ബാവായുമായി എഴുത്തുകുത്തുകൾ നടത്തിയതും ഒക്കെ ഈ പീലിപ്പോസ് കശ്ശീശയാണ്. 19-ാം നൂറ്റാണ്ടിലെ ഇട്ടിത്തൊമ്മൻ കത്തനാരാണ് ഇടവഴിക്കൽ പീലിപ്പോസ് കശ്ശീശ. പിന്നീട് മലങ്കരസഭയ്ക്ക് നേതൃത്വം നൽകിയ പുലിക്കോട്ടിൽ യൗസേഫ് മോർ ദീവന്നാസിയോസിനെ കണ്ടെത്തി അന്ത്യോഖ്യായിലേയ്ക്ക് അയച്ചത് ഇടവഴിക്കൽ പീലിപ്പോസച്ചനാണ്. അദ്ദേഹത്തിന്റെ  സ്വാധീനം എത്രമാത്രം എന്നറിയുവാനായി യൗസേഫ് മോർ ദീവന്നാസിയോസിന്റെ മർദ്ദീൻ യാത്രാവിവരണത്തിൽ നിന്നും ചെറിയ ഒരു ഉദ്ധരണി ഇവിടെ കൊടുക്കുന്നു. "മോർ കൂറിലോസ് (യൂയാക്കീം) കല്പന അയച്ചതനുസരിച്ച് യൗസേഫ് കത്തനാർ കൊച്ചിയിലെത്തി ബാവായോടൊത്ത് താമസിക്കുമ്പോൾ കോട്ടയത്ത് ഇടവഴിക്കൽ വലിയച്ചന്റെ ഒരു എഴുത്ത് അദ്ദേഹത്തിനു കിട്ടി. എഴുത്തിലെ താൽപര്യം യൗസേഫ് കത്തനാരെ ഒന്നു കാണുന്നതിനു തനിക്കു കലശലായ ആഗ്രഹമുണ്ടെന്നും വാർദ്ധക്യം നിമിത്തം കൊച്ചിയിൽ എത്തി ആഗ്രഹം സാധിക്കാൻ നിവൃത്തിയില്ലാത്തതിനാൽ കോട്ടയത്തോളം ഒന്നുവന്നു പോകണമെന്നും സ്നേഹബുദ്ധ്യ നിർബന്ധിക്കുന്നു" എന്നുമാണ് ഇടവഴിക്കലച്ചന്റെ കത്ത്. ഇവർ തമ്മിലുള്ള കൂടിക്കാഴ്ചയുടെ ആത്മാർത്ഥതയും സഭാസ്നേഹ തീവ്രതയും തുടർന്നുവരുന്ന ഭാഗത്തുണ്ട്. ഇപ്രകാരമുള്ള ഒരെഴുത്ത് എന്തെല്ലാം കൃത്യാന്തരങ്ങൾ ഉണ്ടായിരുന്നാലും ധിക്കരിക്കാൻ മനസ്സുവരാത്ത യൗസേഫ് കത്തനാർ കോട്ടയത്തേയ്ക്കു പുറപ്പെടുകയാണുണ്ടായത്. യൗസേഫ് കത്തനാരെ കണ്ടതിൽ വലിയച്ചനു വലിയ സന്തോഷവും തൃപ്തിയുമായി. മൂന്നുനാലു ദിവസം വരെ വിളിച്ചകാര്യം പറയാതെ നാട്ടുവർത്തമാനങ്ങൾ കൊണ്ടു കഴിച്ചുകൂട്ടുകയാണു ചെയ്തത്. യൗസേഫ് കത്തനാർ കോട്ടയത്തെത്തിയതിന്റെ നാലാം ദിവസം രാത്രി അദ്ദേഹം പള്ളിയിൽ സ്വസ്ഥമായി ഉറങ്ങിക്കിടക്കുകയായിരുന്നു. പന്ത്രണ്ട് മണി കഴിഞ്ഞപ്പോൾ ഒരാൾ എത്തി വിളിച്ച് വലിയച്ചൻ അടിയന്തിരമായി കാണുവാൻ ആവശ്യപ്പെടുന്നു എന്നു പറഞ്ഞു. അർദ്ധരാത്രിയിൽ നിദ്രാഭംഗം വരുന്ന ഈ വിളിയനുസരിച്ച് പോകുവാൻ യൗസേഫ് കത്തനാർ മടി കാണിച്ചു. എങ്കിലും വളരെ പ്രത്യേകമായ ഒരു സംഗതി പറയാനാകകൊണ്ട് മടി പറയരുതെന്ന് സന്ദേശവാഹകൻ നിർബന്ധിച്ചതിനാൽ യൗസേഫ് കത്തനാർ വലിയച്ചന്റെ അടുക്കലേക്കുപോയി. യൗസേഫ് കത്തനാരെ അടുക്കെ വിളിച്ചിരുത്തിക്കൊണ്ട് വലിയച്ചൻ പുത്രനിർവിശേഷമായ വാത്സല്യ

ത്തോടും സുറിയാനി സഭയുടെ കഷ്ടസ്ഥിതിയെ ഓർത്തുണ്ടായ അസഹ്യമായ വ്യസനത്തോടും അശ്രുധാരയോടും കൂടി സംസാരിക്കുവാൻ തുടങ്ങി. യൗസേഫ് കത്തനാർ ഉടനെ അന്ത്യോഖ്യായിലേക്ക് പുറപ്പെട്ട് മെത്രാൻ സ്ഥാനം ഏറ്റുവരണം എന്നു വലിയച്ചൻ സഹിച്ചുകൂടാത്ത മനോവേദനയോടും നിർബന്ധത്തോടും കൂടെ അപേക്ഷിച്ചു. വിസ്താരഭയത്താൽ കൂടുതൽ വിശദാംശങ്ങൾ ഒഴിവാക്കുന്നു. പാലക്കുന്നത്ത് മെത്രാച്ചന്റെയും അനുകൂലികളുടെയും അപ്രതിരോധ്യ നവീകരണങ്ങൾക്ക് തടയിടുവാൻ പുലിക്കോട്ടിൽ മെത്രാച്ചനെ വിളിച്ചാക്കിയതും അന്ത്യോഖ്യായിലേക്കയച്ചതും എല്ലാം ഈ വന്ദ്യ വൈദികനായിരുന്നു. ഭാവിഭാഗധേയം നിർണ്ണയിച്ച മഹാനുഭാവനാണിദ്ദേഹം. ഇദ്ദേഹത്തിന്റെ മകൻ പീലിപ്പോസ് കോർ എപ്പിസ്ക്കോപ്പായും സഭാസേവനരംഗത്ത് അദ്വിതീയനായിരുന്നു. ഇംഗ്ലണ്ടിലുള്ള സുഹൃത്തുക്കൾ വഴി സുറിയാനി സഭയുടെ വിശ്വാസാചാരങ്ങൾ പാശ്ചാത്യരാജ്യങ്ങളിൽ ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ചിരുന്നു. The Syrian Christian of Malabar പുസ്തകം 1869 –ൽ അദ്ദേഹം പ്രസിദ്ധം ചെയ്തു. 'യാക്കോബായ സുറിയാനി സഭയുടെ സ്വരൂപം' എന്ന പേരിലും അദ്ദേഹം മറ്റൊരു പുസ്തകം എഴുതിയിരുന്നു. വി. സഭയുടെ പൊതുവായ വിശ്വാസ പൈതൃകങ്ങൾക്കു വേണ്ടി പോരാടിയ മഹത്തുക്കളിൽ ഒരാളാണ് ഇടവഴിക്കൽ പീലിപ്പോസ് കോർ എപ്പിസ്ക്കോപ്പാ മുൻ പറഞ്ഞ പീലിപ്പോസ് കശ്ശീശായുടെയും പീലിപ്പോസ് കോർ എപ്പിസ്ക്കോപ്പായുടെയും സഭാജീവിതത്തിന്റെ സാക്ഷ്യവും മാതൃകയുമാണ് അദ്ദേഹത്തിന്റെ മകൻ പുണ്യശ്ലോകനായ ഇടവഴിക്കൽ ഗീവർഗീസ് മോർ സേവേറിയോസ് ക്നാനായ ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് വിളിക്കപ്പെട്ടത്. അടുത്ത തലമുറയിൽ ക്നാനായ സമുദായത്തിൽ നിന്നും എഴുന്നേറ്റുവന്ന അതിപ്രധാന വ്യക്തിത്വത്തിനുടമയാണ് നസ്രാണി സിംഹം ഇ.എം. ഫിലിപ്പ്.

### ഇ.എം. ഫിലിപ്പോസിന്റെ അനന്യമഹത്വം

ക്നാനായ സമുദായം മലങ്കരസഭയും എത്രമാത്രം ഇഴുകിച്ചേർന്ന് ഒന്നായി വർത്തിച്ചിരുന്നു എന്നതിന്റെ ഉത്തമ ഉദാഹരണമാണ് ഇ.എം.ഫിലിപ്പിന്റെ ജീവിതവും സഭാസേവനവും. അദ്ദേഹം ചരിത്രകാരനും എഴുത്തുകാരനും എന്ന നിലയിൽ മാത്രമാണ് ഇന്നറിയപ്പെടുന്നത്. എന്നാൽ അതോടൊപ്പം അദ്ദേഹം അന്നത്തെ സഭയുടെ ദൈനംദിന പ്രവർത്തനങ്ങളിൽ പൂർണ്ണമായി ഉൾപ്പെട്ടുനിന്നിരുന്ന മുന്നണിപ്പോരാളി കൂടിയായിരുന്നു. തന്റെ പിതാമഹൻ ഇടവഴിക്കൽ പീലിപ്പോസ് കശ്ശീശാ വിളിച്ചുണർത്തി മെത്രാൻ പദവിയിലേക്കു ഉയർത്തുവാൻ വേണ്ടതെല്ലാം ചെയ്ത് അന്ത്യോഖ്യായിലേക്കയച്ച പുലിക്കോട്ടിൽ യൗസേഫ് മോർ ദീവന്നാസിയോസിന്റെ സെക്രട്ടറിയും ഉപദേഷ്ടാവും സന്തത സഹചാരിയും പിൻതുണക്കാരനുമായിരുന്നു ഇ.എം. ഫിലിപ്പ്, അദ്ദേഹം മലങ്കര സഭാമാനേജിംഗ് കമ്മറ്റിയുടെ ദീർഘകാല സെക്രട്ടറി കൂടിയായിരുന്നു. മാർത്തോമ്മക്കാരുമായുള്ള ദീർഘകാലത്തെ കേസിന്റെ മുഖ്യനടത്തിപ്പുകാരനായിരുന്നു അദ്ദേഹം. പട്ടിണി കിടന്നും പ്രാർത്ഥിച്ചും പ്രവർത്തിച്ച ഇ.എം.ഫിലിപ്പിന്റെ ചിത്രം പുലിക്കോട്ടിൽ തിരുമേനിയോടൊപ്പം നിൽക്കുന്നത് കമ്മറ്റി ഹാളിൽ പ്രതിഷ്ഠിച്ചിരിക്കുന്നതു തന്നെ ആ മഹാത്മാവിന്റെ സേവന ശ്രേഷ്ഠതയ്ക്കുള്ള ചിരസ്മരണീയ സാക്ഷ്യമാണ്. വിശ്വാസ വിരുദ്ധതയെ ചെറുത്തു തോല്പിക്കുവാനും സത്യവിശ്വാസത്തെ പരിപോഷിപ്പിക്കുവാനുമായി ചരിത്രത്തിലാദ്യമായി ഒരു മാസിക ആരംഭിച്ചത് ശ്രീമാൻ ഇ. എം. ഫിലിപ്പിന്റെ നേതൃത്വത്തിലായിരുന്നു. പ്രസ്തുത മാസികയുടെ ലക്കങ്ങൾ പരിശോധിക്കുന്നവർക്ക് അദ്ദേഹത്തിന്റെ ധിഷണാവൈഭവം തിരിച്ചറിയുവാൻ കഴിയും. ഇരുപതുവർഷത്തോളം സഭയിൽ ആകമാനം പ്രഭചൊരിഞ്ഞുനിന്ന "മലങ്കര ഇടവകപത്രിക" അദ്ദേഹം സഭാപ്രവർത്തനത്തിൽ നിന്നും പിൻവാങ്ങിയപ്പോൾ നിന്നുപോയി എന്നു കാണുമ്പോഴാണ് അദ്ദേഹത്തിന്റെ സമർപ്പണഭാവം വ്യക്തമാകുന്നത്. ഗ്രന്ഥകാരൻ എന്ന നിലയിൽ അദ്ദേഹത്തിന്റെ സംഭാവന മലങ്കര സഭ എന്നും സ്മരിക്കും. 'മോർ തോമ്മാശ്ലീഹായുടെ ഇന്ത്യൻ സഭ' എന്ന അദ്ദേഹത്തിന്റെ ഇംഗ്ലീഷ് കൃതി 1907 ൽ പൂർത്തീകരിച്ചു എങ്കിലും ഇംഗ്ലണ്ടിൽ നിന്നും അത് പ്രസിദ്ധീകരിക്കണം എന്ന തന്റെ അഭിലാഷം സാധ്യമായില്ല. 1929 ൽ അദ്ദേഹത്തിന്റെ പുത്രൻ അഡ്വ. ഇ.പി. മാത്യു പ്രസ്തുത കൃതിയുടെ മലയാള പരിഭാഷ പ്രസിദ്ധീകരിച്ചതിനു ശേഷമാണ് ഇംഗ്ലീഷ് പതിപ്പ് പുറത്തു വന്നത്. ഇന്നും മലങ്കര സഭാചരിത്രം അറിയുവാൻ പണ്ഡിതന്മാർ അന്വേഷിക്കുന്ന പ്രഥമ കൃതി ഇതുതന്നെയാണ്. ഇതുകൂടാതെ 'മതോപദേശ പാലനങ്ങൾ' എന്ന വിശ്വാസ സംബന്ധമായ മറ്റൊരു കൃതിയും പ്രസിദ്ധീകൃതമായിട്ടുണ്ട്. ഇടവക പത്രികയിൽ എഴുതിയിട്ടുള്ള അനേകം പേരില്ലാത്ത ലേഖനങ്ങളും കുറിപ്പുകളും തരം തിരിച്ചെടുക്കുക ശ്രമകരമാണ്. 20–ാം നൂറ്റാണ്ടിന്റെ ആദ്യദശകം വരെയുള്ള ഏതാനും പതിറ്റാണ്ടുകളിൽ സഭയിൽ നിറഞ്ഞു ശോഭിച്ച ഒരു ധ്രുവനക്ഷത്രമാണദ്ദേഹം. മലങ്കര സഭാചരിത്രത്തിലെ തുല്യതയില്ലാത്ത മഹാനുഭാവനാണദ്ദേഹം. പരി. പരുമലതിരുമേനി അദ്ദേഹത്തെക്കുറിച്ചു പറഞ്ഞിട്ടുള്ളത് ഉദ്ധരിച്ചുകൊണ്ട് ഈ ഭാഗം അവസാനിപ്പിക്കട്ടെ. ഇടവക പത്രികയുടെ എഡിറ്ററും എഴുത്തുകാരനും കോട്ടയത്തെ (ഇടവഴിക്കൽ) പീലിപ്പോസ് കശ്ശീശായുടെ കൊച്ചുമകൻ ഫിലിപ്പോസാണ്. അയാളും തന്റെ പിതാവിനെപ്പോലെ സമർത്ഥനും ബുദ്ധിമാനുമാണ്. എല്ലാവരും അയാളെക്കുറിച്ചു സന്തോഷിക്കുകയും അയാളുടെ വാക്കുകളിൽ ആനന്ദിക്കുകയും ചെയ്യുന്നു. വിശ്വാസപിളർപ്പിൽ നിന്നുള്ള അപവാദങ്ങളും കലഹകാരികളും ഒട്ടും ജയിക്കുന്നില്ല. പിന്നെയോ അയാളുടെ യുക്തി നിറഞ്ഞ വചനങ്ങളിൽ തോറ്റു ലജ്ജിക്കുന്നു.

### ഉപസംഹാരം

ക്നാനായ സമുദായം അതിന്റെ നായകരും മലങ്കരസഭയിൽ നിറഞ്ഞു നിന്ന് സഭയുടെ ശ്രേയസ്സിനായി പ്രവർത്തിച്ച പാരമ്പര്യം 20–ാം നൂറ്റാണ്ടിലും തുടരുകയാണ്. ആലുവായിലെ വലിയ മോർ അത്താനാസിയോസ് തിരുമേനിക്കു ശേഷം മലങ്കര മെത്രാപ്പോലീത്ത സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ട സമർത്ഥനായ സാരഥി ഏബ്രഹാം മോർ ക്ലീമ്മീസ് തിരുമേനി മുതൽ ഈ ശ്രേണിയിൽ ഉൾപ്പെടുന്ന അനേകരുണ്ട്. ഈ മാതൃകകളിൽ ക്നാനായ ഭദ്രാസനത്തിനും അതിന്റെ നേതൃത്വ സ്ഥാനികൾക്കും സുറിയാനിസഭ ശ്രേയസ്സിനായി അനേക കാര്യങ്ങൾ ചെയ്യാനുണ്ട്. തനിമയും സ്വർഗ്ഗീയ സ്വത്വങ്ങളും ഉൾക്കൊള്ളുന്ന ഒരു വിഭാഗമാണെങ്കിലും ക്നാനായ സമുദായവും മലങ്കരസഭയും ഊടും പാവും പോലെ ഒത്തിണങ്ങിപ്പോകേണ്ടതാണ്. ഈ സഹകരണവും സഹവർത്തിത്വവും ബലഹീനമാകുന്നിടത്ത് സുറിയാനിസഭ ബലഹീനമാകും.

# നോവൽ കൊറോണ വൈറസ് ആശങ്കകളും അതിജീവനവും

റവ. പി. ജോൺ ഫിലിപ്പ്, വികാർ, ശാലേം മാർത്തോമ്മ ചർച്ച്, കുമ്പനാട്
(ഡയറക്ടർ, ഫാമിലി എൻറിച്ച് സെന്റർ, കുമ്പനാട്)


ലോകമെമ്പാടും ജനങ്ങളിന്ന് ആശങ്കയിലും ഭീതിയിലും കഴിയുന്നു. കോവിഡ്-19, നോവൽ കൊറോണ വൈറസ്, ലോക്ഡൗൺ, ക്വാറന്റീൻ തുടങ്ങിയ വാക്കുകൾ നമുക്കിന്ന് ഏറെ പരിചിതവും ഭീതിയും ഉളവാക്കുന്നതാണ്. ദിനംതോറുമുള്ള ടെലിവിഷൻ വാർത്തയും ദിനപത്രങ്ങളിലൂടെയും കോവിഡ്-19 രോഗികളുടെ എണ്ണവും അതുമൂലം ലോകത്തോടു വിടപറഞ്ഞവരുടെ എണ്ണവും ശ്രദ്ധയോടെ നാം മനസ്സിലാക്കുന്നു. ഈയൊരു പശ്ചാത്തലത്തിൽ രോഗാവസ്ഥയുടെ ചരിത്രപശ്ചാത്തലവും അത് ഇന്നുണ്ടാക്കുന്ന പ്രതിസന്ധിയും അവയിൽ നിന്ന് എങ്ങനെ കരകയറാം എന്നുള്ള അന്വേഷണവുമാണ് താഴെ കുറിക്കുന്നത്.

**കൊറോണാ വൈറസിന്റെ ചരിത്ര പശ്ചാത്തലം**

കൊറോണ വൈറസ് എന്ന രോഗം ആദ്യം പക്ഷികളിലും സസ്തന ജീവികളിലും പടർന്നു പിടിച്ചു എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. കോഴികളിൽ ശ്വാസതടസ്സം ഉണ്ടാക്കുന്ന ഒരു തരം വൈറസിനെ കണ്ടെത്തി എന്ന് 1930 ലെ പഠനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 1960-ൽ ഇത്തരം കൊറോണ വൈറസ് മനുഷ്യരെയും രോഗാവസ്ഥയിലാക്കി എന്ന് പറയപ്പെടുന്നു. ഇന്നു കാണുന്ന നോവൽ കൊറോണ വൈറസ് ശ്വാസകോശത്തെ സാരമായി ബാധിക്കുന്നു. നിമോണിയ പോലെ മാരകമായ ശ്വാസതടസ്സം ഉണ്ടാക്കുന്നു. ചൈനയിലെ വുഹാനിൽ ഇത്തരത്തിലുള്ള രോഗം പടർന്നു പിടിക്കുന്നു എന്ന് 2019 ഡിസംബർ 31 WHO യോട് ചൈന റിപ്പോർട്ടു ചെയ്തു. 2020 മാർച്ച് 11 ന് കൊറോണ വൈറസ് 110 രാജ്യങ്ങളിലധികം വ്യാപിച്ചിരിക്കുന്ന സാംക്രമികരോഗം (Pandemic) എന്ന് WHO പ്രഖ്യാപിച്ചു.

എന്തുകൊണ്ട് കൊറോണ വൈറസ് എന്ന രോഗം ഉത്ഭവിച്ചു എന്നതിനൊരു വ്യക്തതയില്ല. വുഹാനിലെ Market place ലെ മലിനമായ സാഹചര്യങ്ങളിൽ വവ്വാലിൽ നിന്ന് രോഗം പടരുന്നു എന്ന് തിരിച്ചറിഞ്ഞു. എന്നാൽ മറ്റൊരു വെളിപ്പെടുത്തൽ, Wuhan Institute of Virology യിൽ നിന്നും യാദൃശ്ച്യാ ഉണ്ടായ ചോർച്ചയാണ് ഈ വൈറസ് പടർന്നു പിടിക്കുന്നതിന് അടിസ്ഥാന കാരണം എന്ന് മനസ്സിലാക്കുന്നു. പാശ്ചാത്യ ലോകത്തിലെ സാമ്പത്തിക വളർച്ചയെ തകർക്കുവാൻ കമ്യൂണിസ്റ്റ് ചൈന ഉണ്ടാക്കിയ Bio-weapon ആണ് കൊറോണ വൈറസ് എന്ന് സമർത്ഥിക്കുന്നവരും ഉണ്ട്. മറ്റൊരു വ്യാഖ്യാനം ആശയവിനിമയ രംഗത്തെ വിസ്ഫോടനമായ 5G യിലെ Electro Magnetic Radiation ൽ നിന്നും കൊറോണ വൈറസ് പൊട്ടിപ്പുറപ്പെട്ടു എന്നും വ്യാഖ്യാനിക്കുന്നു. ഇവയിൽ ഏതെങ്കിലും കാരണത്താലോ, മറ്റേതെങ്കിലും കാരണം കൊണ്ടോ ആണ് കൊറോണ വൈറസ് പൊട്ടിപ്പുറപ്പെട്ടതെന്നു വ്യക്തതയില്ല.

എന്നാൽ കോവിഡ്-19 അഥവാ കൊറോണ വൈറസ് ഒരു യാഥാർത്ഥ്യമാണ്. അതു മനുഷ്യരെ തമ്മിൽ തമ്മിൽ അകറ്റുന്നു. (Social distance), Lock down ലൂടെ സ്വയം ഏകാ



ന്തത (Self -isolation) യും മനുഷ്യൻ അനുഭവിക്കുന്നു. എന്തായാലും ലോകം ഇന്ന് ഏറെ മാറിയിരിക്കുന്നു. ലോക്ഡൗൺ പിൻവലിക്കുമ്പോഴേക്കും നാമൊരു പുതിയ ലോകക്രമത്തിലായിക്കഴിഞ്ഞു. അതുകൊണ്ടു തന്നെ നാം വളരെയേറെ ഉണർന്നു ചിന്തിച്ചു പ്രവർത്തിക്കേണ്ട സമയമാണ്. ഈ നവലോക ക്രമത്തിൽ നാം നമ്മെ കണ്ടെത്തി കാര്യക്ഷമതയോടെ ജീവിപ്പാൻ കഴിയേണ്ടതുണ്ട്. അതിനായുള്ള ചില പാഠങ്ങളാണ് താഴെ കുറിക്കുന്നത്.

**1. മനുഷ്യന്റെ ആരോഗ്യം പരസ്പര ബന്ധിതമായിട്ടുള്ളതാണ്.**

ഒരാളുടെ രോഗം അദ്ദേഹത്തിന്റെ വ്യക്തിപരമായ പ്രശ്നമല്ല. അതിനൊരു വലിയ സാമൂഹ്യവശമുണ്ട്. എന്റെ ആരോഗ്യം മറ്റുള്ളവരുടെ ആരോഗ്യവുമായും ബന്ധപ്പെട്ടിരിക്കുന്നു. തിരിച്ചും അപ്രകാരം തന്നെ. സുരക്ഷിതമല്ലാത്ത ജീവിത സാഹചര്യങ്ങളും അലസമായ ജീവിതക്രമങ്ങളും ഉണ്ടാക്കുന്ന രോഗങ്ങൾ സമൂഹത്തെ സമൂലമായി ബാധിക്കുന്നു.രോഗിയുമായി യേശുവിന്റെ അരികിലേക്കു വന്ന ആളുകളോട് അവരുടെ സംശയ നിവാരണം വരുത്തിയിട്ട് പറയുന്ന മറുപടി ഇപ്രകാരമാണ്. ഇവന്റെയോ ഇവന്റെ അമ്മയപ്പന്മാരുടെയോ പാപം കൊണ്ടല്ല രോഗം വന്നത്. മറിച്ച് സമൂഹത്തിന്റെ മുഴുവൻ ഒരു പുനർചിന്തനത്തിന് ഇത് സഹായിക്കും എന്നതാണ് (യോഹ. 9:2-3). രോഗം മനുഷ്യനെ വല്ലാതെ ഭയപ്പെടുത്തുന്നു. അതു ചിലരിൽ വല്ലാത്ത വിഷാദവും ഉണ്ടാക്കുന്നു. ഈ സാഹചര്യത്തിൽ ഇയ്യോബിന്റെ ജീവിതം നമുക്കൊരു നല്ല പാഠമാണ്. രോഗത്തിന്റെ കാഠിന്യത്തിലായിരിക്കുമ്പോൾ സ്നേഹിതർ കുറ്റപ്പെടുത്തുകയും ചെയ്യുന്നു. എന്നാൽ ഈ വേദനയുടെ എല്ലാം മധ്യത്തിൽ അവൻ എന്നെ കൊന്നാലും അവനെത്തന്നെ




കാത്തിരിക്കും. എന്റെ ജീവിതത്തിന്റെ വേദനയിൽ ദൈവം നിശബ്ദനായിരിക്കുന്നു എന്ന് എല്ലാവർക്കും തോന്നിയേക്കാം. എന്നാൽ ഞാൻ ഇന്നും എന്നും എന്റെ ദൈവത്തിന്റെ നിയന്ത്രണത്തിലാണ് (ഇയ്യോബ്.124:13).

**2. ഒരു നവ സോഷ്യലിസം രൂപപ്പെട്ടിരിക്കുന്നു**

ആഗോളവത്ക്കരണത്തിന്റെ ലോകത്തിൽ പരസ്പര മത്സരവും സാതന്ത്ര്യവും മൂലം വലിയ നേട്ടങ്ങൾ കൊയ്യാൻ ലോകം ശ്രമിച്ചിട്ടുണ്ട്. ഇതു ലോകത്തെ വിവിധ രീതിയിൽ വിഭജിച്ചു എന്നാൽ കൊറോണ സകല വിഭജനവും ഇല്ലാതെയാക്കി. വടക്കെന്നും തെക്കെന്നുമില്ല. വികസിത രാജ്യമെന്നോ വികസ്വര രാജ്യമെന്നോ ഇല്ല. ധനികൻ ദരിദ്രൻ എന്നുമില്ല. എല്ലാ സ്ഥലങ്ങളിലേക്കും എല്ലാ മനുഷ്യരിലേക്കും കൊറോണ വ്യാപിക്കുന്നു. അതുകൊണ്ടുതന്നെ പുതിയ തരത്തിലുള്ള ഒരു സോഷ്യലിസം ഈ വൈറസ് കൊണ്ടുവന്നിരിക്കുന്നു. ആഗോള സമൂഹത്തിനാണിവിടെ പ്രാധാന്യം. ഏറ്റവും നിസ്സാരനും ദരിദ്രനുമെല്ലാം ഏറ്റവും പ്രധാനപ്പെട്ടവനായി മാറിയിരിക്കുന്നു. കാരണം കൊറോണ വൈറസ് ഏറ്റവും അവസാനത്തെ ആളിൽ നിലനില്ക്കുന്നിടത്തോളം കാലം എന്റെ ജീവിതവും സുരക്ഷിതമല്ല. സ്വന്തം ജീവിതത്തിന്റെ സുരക്ഷിതത്വം മാത്രം നോക്കി നിത്യജീവൻ അവകാശമാക്കുവാൻ എത്തിച്ചേർന്ന യുവാവിനോടുള്ള യേശുവിന്റെ മറുപടി. നിന്റെ ധനം വിറ്റ് മറ്റുള്ളവർക്കു കൊടുക്കുക.(ലൂക്കോ. 18:18-24). ധനസമൃദ്ധി കൂടിയപ്പോൾ ആർക്കുമൊന്നും കൊടുക്കാതെ കളപ്പുരകളെ പൊളിച്ചു പണിയുവാൻ ആഗ്രഹിച്ച ധനവാനോട് യേശു ചോദിക്കുന്നു. 'നീ കൂട്ടിവെച്ചതൊക്കെ ആർക്ക് ആകുന്നു (യോഹ. 12:13-21). പടിവാതിൽക്കൽ കിടക്കുന്ന ലാസറിനെ അവഗണിച്ചിട്ട് സുരക്ഷിതമായി ജീവിക്കാൻ കഴിയുകയില്ല എന്ന് ധനവാന്റെയും ദരിദ്രന്റെയും ഉപമ നമ്മ പഠിപ്പിക്കുന്നു (ലൂക്കോ. 16:19-31).

**3. കരുതലാണ് ജീവിതത്തിന്റെ സമ്പന്നത**

ലോക്ഡൗൺ മനുഷ്യനെ ഇന്ന് വീട്ടിനുള്ളിൽ അടച്ചിരുത്തിയിരിക്കുന്നു. ചില ആളുകൾ വീട്ടിലിരുന്ന് ജോലിചെയ്യുന്നു. പഠനം ഓൺലൈനിലേക്ക് മാറിക്കൊണ്ടിരിക്കുന്നു. നേതൃത്വവും ഓൺലൈനിലൂടെ നിർവ്വഹിക്കുവാൻ നാം ഏറെ പരിഗണിക്കേണ്ടിയിരിക്കുന്നു. കുടുംബാംഗങ്ങളോടൊപ്പം ഭവനത്തിനുള്ളിൽ ആയിരിക്കുന്നത് തമ്മിൽ തമ്മിലുള്ള ബന്ധങ്ങൾ ആഴമുള്ളതാകുന്നതിനും ബന്ധങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിനും മുഖാന്തരമാകും. പരസ്പരം മനസ്സിലാക്കലിലും കരുതലിലുമാണ് ബന്ധങ്ങൾ കൂടുതൽ ദൃഢമുള്ളതാകുന്നത്. നിന്നെപ്പോലെ തന്നെ നിന്റെ അയൽക്കാരനെയും സ്നേഹിക്കണമെന്ന് യേശു ശക്തമായി പഠിപ്പിക്കുന്നു (യോഹ. 13:3). കൊറോണ വൈറസ് മനുഷ്യരെ പരസ്പരം കരുതുവാൻ പഠിപ്പിക്കുന്നു. സാമൂഹ്യ അടുക്കള ഇതിനൊരു നല്ല ഉദാഹരണമാണ്.

**4. ഫലപ്രദമായ സമയവിനിയോഗം**

രോഗത്തെക്കുറിച്ചും രോഗികളെക്കുറിച്ചും ചിന്തിച്ച് ആകുലതയിൽ ആകുന്നതുകൊണ്ടുതന്നെ ഇന്നത്തെ സമയം ഫലപ്രദമായി ഉപയോഗിക്കാൻ പലർക്കും കഴിയുന്നില്ല. വല്ലാത്ത വൈകാരിക സമ്മർദ്ദത്തിലൂടെ കഴിയുന്ന അനേകരുണ്ട്. ഇത്തരം വൈഷമ്യങ്ങളുടെ മദ്ധ്യത്തിൽ പ്രത്യാശയുടെ ഗോപുരം കണ്ടെത്തുവാൻ പ്രത്യേകമായി ശ്രദ്ധിക്കേണ്ടതുണ്ട്. Arther C Brooks എന്ന മനഃശാസ്ത്രജ്ഞൻ രേഖപ്പെടുത്തിയിരിക്കുന്നത് അനിശ്ചിതത്വവും ഏകാന്തതയുമാണ്. ഇന്നത്തെ വലിയ 2 പ്രതിസന്ധികൾ. ഇത് ആകുലതയ്ക്ക് ഏറെ കാരണമാകുന്നു. എന്റെ ഭാവി എന്തെന്ന് എനിക്കറിയില്ല. എന്നാൽ ഞാനിന്ന് ജീവിക്കുന്നു അതാണ് ഏറെ പ്രാധാന്യം. നവമാധ്യമങ്ങളിൽ അനേകം മണിക്കൂറുകൾ ചിലവഴിക്കുന്നവരുടെ എണ്ണവും വർദ്ധിക്കുന്നു. എന്നാൽ ഗുണപരമായ കാര്യങ്ങളിൽ സമയം വിനിയോഗിക്കാത്ത രീതിയിൽ സമയക്രമം ഉണ്ടാക്കുമ്പോഴാണ് ലക്ഷ്യബോധത്തോടെയും സമാധാനത്തോടെയും ജീവിക്കാനാവുന്നത് പ്രാർത്ഥനയ്ക്കും വായനയ്ക്കും ഗൃഹ ജോലികൾ ചെയ്യുന്നതിനും വ്യായാമം ചെയ്യുന്നതിനും ബന്ധുക്കളും സ്നേഹിതരുമായും ബന്ധം പുലർത്തുന്നതിനും ഫലപ്രദമായി സമയം വിനിയോഗിക്കേണ്ടതുണ്ട്. ജീവിതത്തിന്റെ ലോക്ഡൗണിൽ നിരാശയിൽക്കഴിഞ്ഞ തോമസ് അപ്പോസ്തോലനോട് ഉയിർത്തെഴുന്നേറ്റ യേശു പ്രത്യക്ഷനായി ഭാവിയെ പ്രതീക്ഷയോടെ കണ്ട് കരുത്തു നൽകുവാൻ ധൈര്യം പകർന്നു (യോഹ. 20:26-29).

**5. ഭവനം ഒരു ദേവാലയം**

ലോക്ഡൗണിൽ ദേവാലയങ്ങളുടെ വാതിൽ അടയ്ക്കപ്പെട്ടു എന്നാൽ ആ സ്ഥാനത്ത് പുതിയ ഭവനസഭ രൂപപ്പെട്ടു. മാതാപിതാക്കൾ ഭവനത്തിനുള്ളിൽ പട്ടക്കാരുടെ റോൾ ഏറ്റെടുത്ത് മക്കളെ രൂപപ്പെടുത്തുന്നതിന് അതീവ ശ്രദ്ധാലുക്കളായി വ്യക്തിപരമായ പ്രാർത്ഥനയും കുടുംബപ്രാർത്ഥനയും ഏറെ സജീവതയുള്ളതായി livestream യും Whats App, Youtube തുടങ്ങിയവയിലൂടെയുമുള്ള സന്ദേശങ്ങൾക്ക് പ്രാധാന്യം ഏറി. എന്നാൽ ഇവയുടെ തെരഞ്ഞെടുപ്പുകൾക്ക് ശ്രദ്ധയില്ലെങ്കിൽ തെറ്റായ ശിക്ഷണങ്ങൾക്കും മാതൃകകൾക്കും വശംവദരാകേണ്ടിവരും. ഭവനാംഗങ്ങൾ എല്ലാവരും ഒരുമിച്ചിരുന്ന് ആത്മാർത്ഥമായി ദൈവസന്നിധിയിൽ പാടുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നതിനോടൊപ്പം വ്യക്തിപരമായ തിരുവചന ധ്യാനവും മാനസികാരോഗ്യം നൽകുന്ന പുസ്തകങ്ങളും വായിക്കുന്നതിലൂടെയും ജീവിതത്തെ സുന്ദരമാക്കാൻ നമുക്കു കഴിയും.

**6. സന്തുലിതമായ മനുഷ്യപ്രകൃതിബന്ധം**

ലോക്ഡൗൺ പ്രകൃതിയെയൊക്കെ മാറ്റിമറിച്ചിരിക്കുന്നു. ആകാശത്തിന്റെ നീലിമ മടങ്ങിയെത്തി. നദികൾ ശുദ്ധമായി, പക്ഷികളുടെ കളകളാരവം വീണ്ടും കേൾക്കാറായി. ഓസോൺ പാളികളിലെ വിള്ളൽപോലും അടഞ്ഞുപോയി. മനുഷ്യർ മണ്ണിലേക്കിറങ്ങി. പച്ചക്കറികളും മറ്റുകൃഷികളും ചെയ്യുവാൻ സമയം കണ്ടെത്തി. ഇത് വിഷരഹിത ഭക്ഷണം ലഭ്യമാക്കുന്നതിനോടൊപ്പം ശാരീരിക മാനസിക ആരോഗ്യത്തിനു മുഖാന്തരമാക്കി. പ്രകൃതിയും മനുഷ്യനുമായുള്ള അഭേദ്യമായ ബന്ധമാണ് ഏദൻ തോട്ടത്തിൽ നാം കാണു



ന്നത്. പ്രകൃതിയുടെ മനോഹരാവസ്ഥയെ വർണ്ണിച്ചുകൊണ്ടാണ് ഗിരിപ്രഭാഷണം യേശു പഠിപ്പിക്കുന്നത് (മത്തായി 6:25).

**7. ദരിദ്രരുടെ സംരക്ഷണം**

ഭാരതത്തിലെ ലക്ഷക്കണക്കിനാളുകൾ ചേരിപ്രദേശങ്ങളിൽ കഴിയുന്നവരാണ്. സാമൂഹിക അകലം പാലിക്കുക, ശുചിത്വം പാലിക്കുക തുടങ്ങിയവയൊക്കെ ഇവിടെയുള്ളവരിൽ നിഷ്കർഷിക്കുക പ്രയാസകരമാണ്. കോവിഡ്-19 ലോകസാമ്പത്തികക്രമത്തെ വല്ലാതെ ബാധിക്കുന്നതിനാൽ അനേകം പേർ തൊഴിൽരഹിതരായി മാറി. സാമ്പത്തിക സ്രോതസ് അടയുകയും ചെയ്യും. അതിഥി തൊഴിലാളികൾ സ്വദേശത്തേക്കു മടങ്ങുമ്പോളുണ്ടാകുന്ന ദുരിതങ്ങളും നാം കാണുന്നു. ദുരിതത്തിന്റെ കയത്തിൽ കഴിയുന്ന ഇത്തരം ആളുകളോട് ഒരു പ്രത്യേക പരിഗണത പുലർത്തേണ്ടത് നിരാശരായി എമ്മാവൂസിലേക്കു മടങ്ങിപ്പോയ ശിഷ്യരെ യഥാസ്ഥാനപ്പെടുത്തിയ ഉയിർത്തെഴുന്നേറ്റ കർത്താവിന്റെ സാന്നിദ്ധ്യം ലോകത്തിനു നൽകുവാൻ സഭയ്ക്കു കഴിയേണ്ടത് (ലൂക്കോസ് 24:15) പീലാത്തോസിനെയും ബർണബാസിനെയും സുവിശേഷവേലയ്ക്കായി പ്രാർത്ഥിച്ച് അയയ്ക്കുമ്പോൾ യാക്കോബും പത്രോസും അവരോടു പറയുന്നു നിങ്ങൾ ദരിദ്രരെ ഓർക്കണം (ഗലാ. 2:10).

**8. വയോധികർക്കു മനോബലം**

മുതിർന്നവരുടെ ജീവിതം ഇന്ന് ഏറെ പ്രതിസന്ധിയിലാണ്. വീടിനു പുറത്തിറങ്ങുവാൻ നിവൃത്തിയില്ലാതെ ഭവനത്തിനുള്ളിൽത്തന്നെയാകുന്നത് ഏകാന്തത എന്ന മനോവിഷമം വർദ്ധിക്കുന്നു. ദേവാലയത്തിൽ പോയി ആരാധിക്കാൻ കഴിയുന്നില്ല, സന്ദർശകർ ആരും എത്തുന്നില്ല. ആരെയും സന്ദർശിക്കാനുമാകുന്നില്ല. മക്കൾ പലരും വിദേശത്തുമാണ്. അവർ ഇനി എന്നു നാട്ടിലെത്തും? എപ്പോൾ അവരെ കാണാനാവും എന്ന മനോഭാവം ഏറെയാണ്. ഈ പ്രത്യേക സാഹചര്യത്തിൽ സഹായിക്കാൻ ആരുമുണ്ടാകില്ല എന്ന ആശങ്ക. മരണം സംഭവിച്ചാൽ മാന്യമായി ലഭിക്കേണ്ട ഒരു ശവസംസ്ക്കാരംപോലും ലഭിക്കുകയില്ല എന്ന ഭീതിയും ഏറെ കൂടുതലാണ്. ചുറ്റുപാടും കൂരിരുട്ടിന്റെ ഭയാനകത പെരുകുമ്പോൾ പ്രത്യാശയുടെ ഒരു ചെറിയ നേർരേഖയെങ്കിലും കാണാൻ കഴിയുന്നത് ഉറച്ച ദൈവസാന്നിദ്ധ്യബോധത്തിലൂടെയാണ്. ദുരിതങ്ങൾ എല്ലാം വേഗം മാറി, നന്മയുടെ കാലം വൈകാതെ എത്തുമെന്നുള്ള പ്രത്യാശ ഓരോരുത്തർക്കും ലഭിക്കുന്നതിനാവശ്യമായ പ്രചോദനം നല്കും.

**9. സഭയിലൂടെയുള്ള ശുശ്രൂഷ**

പാരമ്പര്യമായി സഭ അനുവർത്തിച്ചുപോന്ന ശുശ്രൂഷാരീതികൾ വീണ്ടും അതേപോലെ പുനരാരംഭിക്കുവാൻ ഏറെ വൈകും. എന്നാൽ ഏവരേയും ദൈവസന്നിധിയിലേയ്ക്ക് അടുപ്പിക്കുന്ന ശുശ്രൂഷ സഭയ്ക്ക് ഇന്നും തുടരാൻ കഴിയും. മരുഭൂമിയിൽ ദീർഘസമയം യേശുവിൽ നിന്നും വചനം കേട്ടവർക്ക് ഭക്ഷണം കൊടുക്കുവാനുള്ള നിയോഗം ശിഷ്യന്മാരെ ഏല്പിക്കുന്നു. ഭീതിയിലും ആകുലതയിലും ലക്ഷ്യബോധം ഇല്ലാതെ കഴിയുന്ന ജനങ്ങൾക്ക് സ്നേഹവും കരുതലും നൽകുവാനുള്ള ശുശ്രൂഷകൾ നവക്രമങ്ങളിലൂടെ നിർവ്വഹിക്കുവാൻ പരിശീലനം നേടേണ്ടതുണ്ട്. സാമൂഹ്യഅകലം പാലിച്ചും മറ്റ് നിയന്ത്രണങ്ങൾക്ക് വിഘ്നം വരുത്താതെയുമുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം ഒരുങ്ങേണ്ടതായുണ്ട്. സഭയുടെ വരുമാന മാർഗ്ഗങ്ങൾ തുലോം കുറവാകുമ്പോൾ ഉള്ള സാഹചര്യത്തിൽ അലംഭാവത്തോടെ ജീവിക്കുവാൻ സഭാനേതൃത്വവും തയ്യാറാകേണ്ട സാഹചര്യമാണിന്നുള്ളത്.

**ഉപസംഹാരം**

കോവിഡ് 19 മനുഷ്യരിൽ ഭയവും ആകുലതയും വർദ്ധിപ്പിക്കുക മാത്രമല്ല, ജീവിതക്രമങ്ങളിൽ സാരമായ മാറ്റവും വരുത്തിയിരിക്കുന്നു. നാമാരും ജീവിതത്തിൽ ഒരിക്കൽപോലും അനുഭവിക്കുകയോ കേട്ടറിവുപോലുമില്ലാത്ത ഈ സാംക്രമിക രോഗത്തിന്റെ മുമ്പാകെ പകച്ചു നിൽക്കാതെ അതിജീവനത്തിനുള്ള ഉപാധി കണ്ടെത്തുകയാണ് സഭാ ശുശ്രൂഷയിലും ഉണ്ടാകേണ്ടത്. ഞാൻ നിനക്കു പുതിയൊരു പാത കാട്ടിത്തരുമെന്നു പറഞ്ഞ കർത്താവ് നവശൈലിയിൽ സഭാ ശുശ്രൂഷയെ മുമ്പോട്ടു നയിക്കും. ഈ മഹാരോഗത്തിന് ഔഷധം കണ്ടുപിടിക്കും. ഒരു പക്ഷേ ഇതിലും വലിയ രോഗം ഇനിയും വന്നുവെന്നു വരാം. എല്ലാറ്റിന്റെയും മധ്യത്തിൽ സൗഖ്യമാക്കുന്ന കർത്താവ് നമ്മോടൊപ്പമുണ്ട്. ഏതു ദുരിതത്തിലും നിരാശയിലും നമ്മോടൊപ്പം യാത്ര ചെയ്യുന്ന ഉയിർത്തെഴുന്നേറ്റ കർത്താവിന്റെ സാന്നിദ്ധ്യം നമുക്ക് അനുഭവിച്ച് യാത്രതുടരാം.


## ക്നാനായ ദീപം അറിയിപ്പുകൾ

നമ്മുടെ പള്ളികളിലെ പൊതു വാർത്തകളും,ഫോട്ടോകളും മറ്റും ദീപത്തിൽ പ്രസിദ്ധീകരിക്കുവാൻ കൊണ്ടു വരുമ്പോൾ ഇടവക വികാരിയുടെ ഒപ്പോടുകൂടി ലഭിക്കുന്നതു മാത്രമേ പ്രസിദ്ധീകരിക്കുകയുള്ളൂ. വരിസംഖ്യകളും പരസ്യ ചാർജുകളും ഓൺലൈനായും അടയ്ക്കാവുന്നതാണ്.

**Acc. No. 57004254154**, Knanaya Deepam, IFSC SBI N 0070128, SBI, Chingavanam

# സങ്കേത നഗരങ്ങൾ

ജേക്കബ് ജോസ് മണിമലേത്ത്

"പ്രാവിനുള്ളതുപോലെ എനിക്ക് ചിറകുണ്ടായിരുന്നെങ്കിൽ! എന്നാൽ ഞാൻ പറന്നുപോയി വിശ്രമിക്കുമായിരുന്നു എന്ന് ഞാൻ പറഞ്ഞു. അതേ ഞാൻ ദൂരത്തു സഞ്ചരിച്ചു മരുഭൂമിയിൽ പാർക്കുമായിരുന്നു. കൊടുങ്കാറ്റിൽ നിന്നും പെരുങ്കാറ്റിൽ നിന്നും ബദ്ധപ്പെട്ടു ഞാൻ ഒരു സങ്കേതത്തിലേക്ക് ഓടിപ്പോകുമായിരുന്നു" (സങ്കീ.55:6-8).

ദൈവപുരുഷനായ ദാവീദ് ഭാരത്തോടെ പ്രയാസത്തോടെ പാടുകയാണ്. യിസ്രായേലിന്റെ രാജാവ് സങ്കടത്തോടെ നെടുവീർപ്പിടുകയാണ്. ഒരു സങ്കേതത്തിലേയ്ക്ക് ഓടിപ്പോയി രക്ഷപ്പെട്ടിരുന്നെങ്കിൽ എന്ന് ആശിക്കുകയാണ്. നമ്മുടെ ചില അവസ്ഥകളിൽ നാം ഇങ്ങനെ വിചാരിച്ചിട്ടുണ്ട്. മനുഷ്യൻ സങ്കേതവും അഭയവും തേടുന്നവനാണ്. ഒരിക്കൽ ദാവീദ് രാജാവ് ഇങ്ങനെ പാടി

യഹോവ പീഡിതന് ഒരുഅഭയസ്ഥാനം കഷ്ടകാലത്ത് ഒരു അഭയസ്ഥാനം തന്നെ (സങ്കീ.9:9)

46-ാം സങ്കീർത്തനത്തിൽ കോരഹ് പുത്രന്മാർ ഇങ്ങനെ പാടി ദൈവം നമ്മുടെ സങ്കേതവും ബലവും ആകുന്നു. കഷ്ടങ്ങളിൽ അവൻ ഏറ്റവും അടുത്ത തുണയായിരിക്കുന്നു.

പഴയനിയമകാലത്ത് നിത്യനായ ദൈവം കുറ്റവാളികൾക്ക് ശിക്ഷയിൽ നിന്ന് രക്ഷപെടുന്നതിനായി സങ്കേത നഗരങ്ങൾ ഒരുക്കിയിരിക്കുന്നു.

വേദഭാഗങ്ങൾ പരിശോധിക്കുക

സംഖ്യാപുസ്തകം 35:9-28, ആവർത്തനം 4:41-43, ആവർത്തനം 19:1-13, യോശുവ 20:1-9.

പുതിയ നിയമത്തിൽ ഈ സങ്കേത നഗരങ്ങൾ യേശുക്രിസ്തുവിനെ വെളിപ്പെടുത്തുന്നു. രക്തപ്രതികാരകന്റെ കൈയ്യിൽ നിന്ന് രക്ഷപെടുവാനുള്ള സങ്കേതനഗരമാണ് ക്രിസ്തു. പഴയനിയമത്തിൽ 6 നഗരങ്ങളാണ് സങ്കേതപട്ടണങ്ങളായി ദൈവം തെരഞ്ഞെടുത്തിരിക്കുന്നത്. ഇതിന്റെ പ്രത്യേകതകൾ പുതിയനിയമത്തിൽ ക്രിസ്തുവുമായി എങ്ങനെ ഒത്തിരിക്കുന്നു എന്ന് നമുക്ക് പരിശോധിക്കാം. 6 പട്ടണങ്ങളാണ് സങ്കേതനഗരങ്ങൾ. യോർദ്ദാന്റെ ഇപ്പുറത്ത് 3 അപ്പുറത്ത് 3. മനസ്സറിയാതെ കൊല ചെയ്തവൻ രക്ഷ പ്രാപിക്കണം എന്നത് ദൈവത്തിന്റെ സ്നേഹം, എന്നാൽ കൊല ചെയ്തവർ ശിക്ഷ അനുവദിക്കണം എന്നത് ദൈവത്തിന്റെ നീതി. ദൈവനീതി ആവശ്യപ്പെടുന്നത് പാപി ശിക്ഷിക്കപ്പെടണം എന്നാണ്.



**1. കേദേശ്:** കേദേശ് എന്നാൽ വിശുദ്ധം എന്നർത്ഥം, നീതീകരണം എന്നും ഇതിന് അർത്ഥമുണ്ട്. ക്രിസ്തുവിൽ വിശ്വസിക്കുന്നവർക്കാണ് നീതീകരണം ലഭിക്കുന്നത് (റോമ. 3:23-25) വിശുദ്ധീകരണത്തിനായി ദൈവം ക്രമീകരിച്ചിരിക്കുന്ന മൂന്നു മാർഗ്ഗങ്ങളുണ്ട്.

(a) വചനത്താൽ വിശുദ്ധീകരിക്കപ്പെടുന്നു (യോഹ. 17:16-17)

(b) ക്രിസ്തുവിന്റെ തിരുരക്തത്താൽ വിശുദ്ധീകരിക്കപ്പെടുന്നു (1 യോഹ.1:7, എബ്രാ.10:10)

(c) പരിശുദ്ധാത്മാവിനാൽ വിശുദ്ധീകരിക്കപ്പെടുന്നു. (എഫേ. 5:26-27)

**2. ശേഖേം:** ശേഖം എന്ന വാക്കിന്റെ അർത്ഥം ഭുജം എന്നാണ്, ശക്തീകരണത്തേയും ഇത് കുറിക്കുന്നു. നീതീകരണം അനുഭവിച്ച ഓരോ വ്യക്തിയും ശക്തിപ്രാപിക്കണം. (ലൂക്കോ.15:5) ഇടയൻ ആടുകളെ തോളിലേറ്റുന്നു.

യെശയ്യാവ് 53:4-6 "സാക്ഷാൽ നമ്മുടെ രോഗങ്ങളെ അവൻ വഹിച്ചു. നമ്മുടെ വേദനകളെ അവൻ ചുമന്നു. നാമോ ദൈവം അവനെ ശിക്ഷിച്ചും അടിച്ചും ദണ്ഡിപ്പിച്ചും ഇരിക്കുന്നു എന്ന് വിചാരിച്ചു. എന്നാൽ അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റും നമ്മുടെ അതിക്രമങ്ങൾ നിമിത്തം തകർന്നും ഇരിക്കുന്നു. നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവന്റെ മേൽ ആയി അവന്റെ അടിപ്പിണരുകളാൽ നമുക്ക് സൗഖ്യം വന്നുമിരിക്കുന്നു.

**3. ഹെബ്രോൻ:** ഈ പദത്തിന്റെ അർത്ഥം കൂട്ടായ്മ (Fellowship) എന്നാണ്. എന്താണ് കൂട്ടായ്മ എന്ന് അപ്പസ്തോലനായ യോഹന്നാൻ പറയുന്നുണ്ട് (1 യോഹ.1:3).

ഞങ്ങൾ കണ്ടും കേട്ടുമുള്ളത് നിങ്ങൾക്ക് ഞങ്ങളോട് കൂട്ടായ്മ ഉണ്ടാകേണ്ടതിന് നിങ്ങളോടും അറിയിക്കുന്നു. ഞങ്ങളുടെ കൂട്ടായ്മയോ പിതാവിനോടും അവന്റെ പുത്രനായ യേശുക്രിസ്തുവിനോടും ആകുന്നു.

**4. ബേസർ:** ബേസർ എന്നതിന്റെ അർത്ഥം കോട്ട എന്നാണ്. നഹൂം പ്രവാചകൻ പറയുന്നു "2:1 സംഹാരകൻ നിനക്കെതിരായി കയറി വരുന്നു, കോട്ട കാത്തുകൊൾക, അരമുറുക്കുക, നിന്നെത്തന്നെ നല്ലവണ്ണം ശക്തികരിക്കുക" പഴയനിയമപുസ്തകമായ ഈയ്യോബിൽ ദൈവം ഈയ്യോബിനു ചുറ്റും വേലികെട്ടിയിരുന്നതായി കാണുന്നു. (1:10) പുതിയ നിയമത്തിൽ അപ്പോസ്തോലനായ പൗലോസ് പറയുന്നു എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിലും മതിയാകുന്നു (ഫിലിപ്പിയർ 4:13)

**5. രാമോത്ത്:** അഞ്ചാമത്തെ നഗരം രാമോത്ത് ആണ് രാമോത്ത് എന്നതിന്റെ അർത്ഥം ഉയർത്തുന്നത് എന്നാണ്. സകലനാമത്തിലും മേലായ നാമമാണ് ദൈവത്തിന്റെ നാമം (ഫിലി. 2:9-11) അത്യുന്നത സ്ഥാനത്തേക്ക് നമ്മെ ഉയർത്തുവാൻ കർത്താവ് വീണ്ടും വരും (1 തെസ്സലോ. 4:16-17).

**6. ഗോലാൻ:** ഗോലാൻ എന്ന വാക്കിന് happiness സന്തോഷപൂർണ്ണത എന്നാണ്. പുതിയനിയമവിശ്വാസിക്ക് ക്രിസ്തുവിൽ സന്തോഷപൂർണ്ണത ഉണ്ട്. ഈ ഭൂമിയിലും നിത്യതയിലും അവൻ ക്രിസ്തുവിനോട് ചേർന്ന് ഇരിക്കുന്നു.

സങ്കേത നഗരങ്ങൾ ആറെണ്ണവും വലിയ ആത്മീയ പാഠങ്ങളാണ് നൽകുന്നത്. ഒന്നാമത്തെ സങ്കേത നഗരമായ കേദേശിന്റെ അനുഭവമായ നീതീകരണം പ്രാപിക്കുന്ന ദൈവ പൈതൽ രണ്ടാമത്തെ സങ്കേതമായ ശേഖേമിന്റെ അനുഭവമായ തോളിലേറ്റുന്നവനെ കൈക്കൊള്ളുന്നു. ശക്തീകരണം അനുഭവിക്കുന്നു. ചുമടെല്ലാം യേശുനാഥന്റെ തോളിലേക്ക് ഏല്പിച്ചുകൊടുക്കുന്നു. അങ്ങനെ ദൈവ പൈതൽ ഹെബ്രോന്റെ അനുഭവമായ കൂട്ടായ്മയിലേക്ക് വരുന്നു-ദൈവത്തോടും ദൈവജനത്തോടുമുള്ള കൂട്ടായ്മ. അടുത്തതായി നാലാമത്തെ സങ്കേതനഗരമായ ബേസറിന്റെ അനുഭവമായ സംരക്ഷണത്തിന്റെ കോട്ടയുടെ-സുരക്ഷിതത്വം അനുഭവിക്കുന്നു. അപ്പോഴാണ് അഞ്ചാമത്തെ നഗരമായ രാമോത്തിന്റെ ഉയരങ്ങളിലെ അനുഭവത്തിൽ ഉല്ലസിക്കുന്നത്. ഒടുവിലായ ഗോലാന്റെ സന്തോഷത്തിലും സൗഭാഗ്യത്തിലും ലയിച്ച് നിത്യരാജാധിരാജനോട് കൂടെ സ്വർഗ്ഗമഹാതേജസ്സിൽ അലിഞ്ഞു ചേരുന്നു.

**"പുരാതനനായ ദൈവം നിന്റെ സങ്കേതം; കീഴെ ശാശ്വത ഭുജങ്ങൾ ഉണ്ട്" (ആവർ. 33:27)**

1 കേദേശ് - നീതീകരണം Justfication
2. ശേഖേം - ശക്തീകരണം Empowerment
3. ഹെബ്രോൻ - കൂട്ടായ്മ Fellowship
4. ബേസർ - കോട്ട Fortress
5. രാമോത്ത് - ഉന്നതങ്ങൾ - Heights
6. ഗോലാൻ - സന്തോഷപൂർണ്ണത - Happiness

COVID 19

# ആരാധനാലയങ്ങൾ തുറക്കുന്നത് സംബന്ധിച്ചുള്ള കേന്ദ്രസർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ

1. ആരാധനാലയത്തിലെ പരിശുദ്ധ ഗ്രന്ഥങ്ങളിലോ, കുരിശിലോ തൊടാൻ ഭക്തരെ അനുവദിക്കരുത്.
2. നേർച്ചകൾ ആരാധനാലയത്തിനുള്ളിൽ നൽകാൻ പാടില്ല.
3. സമൂഹ പ്രാർത്ഥനയ്ക്ക് സ്വന്തം പായ കൊണ്ടുവരണം. എല്ലാവർക്കുമായി ഒരു പായ അനുവദിക്കില്ല.
4. കോവിഡ് രോഗലക്ഷണം ഇല്ലാത്തവരെ മാത്രമേ ആരാധനാലയത്തിൽ പ്രവേശിക്കാൻ അനുവദിക്കൂ.
5. പ്രവേശന കവാടത്തിൽ താപനില പരിശോധിക്കാൻ സംവിധാനം ഉണ്ടാകണം.
6. മാസ്കുകൾ ഇല്ലാത്തവരെ പ്രവേശിപ്പിക്കരുത്.
7. ഒരുമിച്ച് ആൾക്കാരെ പ്രവേശിപ്പിക്കരുത്.
8. ആരാധനാലയത്തിൽ പ്രവേശിക്കുന്നതിന് മുൻപ് കൈയും കാലും സോപ്പും വെള്ളവും ഉപയോഗിച്ച് കഴുകണം.
9. പാദരക്ഷകൾ കഴിവതും വാഹനങ്ങളിൽ തന്നെ വയ്ക്കണം. അതിന് സാധിച്ചില്ലെങ്കിൽ പ്രത്യേകമായി വയ്ക്കണം. ഒരു കുടുംബത്തിലെ അംഗങ്ങൾക്ക് ഒരുമിച്ച് പാദരക്ഷകൾ വയ്ക്കാം.
10. ക്യൂവിൽ സാമൂഹിക അകലം ഉറപ്പാക്കണം. ആറടി അകലം ഉണ്ടാകണം.
11. ആരാധനാലയത്തിന് പുറത്തുള്ള കടകൾ, ഹോട്ടലുകൾ എന്നിവിടങ്ങളിലും സാമൂഹിക അകലം ഉറപ്പാക്കണം.
12. ആരാധനാലയത്തിന് പുറത്തേക്ക് പോകാൻ പ്രത്യേക വഴി ഉണ്ടാകണം.
13. വലിയ ആൾക്കൂട്ടം ഉണ്ടാകുന്ന ചടങ്ങുകൾ അനുവദിക്കരുത്.
14. പരമാവധി റെക്കോർഡ് ചെയ്ത ആത്മീയ ഗാനങ്ങളും, വാദ്യമേളങ്ങളും ആണ് ഉപയോഗിക്കേണ്ടത്. തത്സമയ ചടങ്ങുകൾ അനുവദിക്കരുത്.
15. ആരാധനാലയം കൃത്യമായ ഇടവേളകളിൽ കഴുകുകയും, അണുവിമുക്തമാക്കുകയും വേണം.
16. ആർക്കെങ്കിലും ആരാധനാലയത്തിൽ വച്ച് അസുഖ ബാധിതർ ആയാൽ അവരെ പെട്ടെന്ന് ഒരു മുറിയിലേക്ക് മാറ്റണം. ഡോക്ടറെ വിളിച്ച് വരുത്തി പരിശോധിപ്പിക്കണം. കൊവിഡ് സ്ഥിരീകരിച്ചാൽ ഉടൻ ആരാധനാലയം അണുവിമുക്തമാക്കണം.
17. 65 വയസ് കഴിഞ്ഞവരും, 10 വയസിന് താഴെ ഉള്ളവരും, ഗർഭിണികളും, മറ്റ് അസുഖങ്ങൾ ഉള്ളവരും വീടുകളിൽ തന്നെ കഴിയണം. ആരോഗ്യ സംബന്ധമായ അടിയന്തര ആവശ്യങ്ങൾ ഇല്ലെങ്കിൽ അവർ വീടുകളിൽ നിന്ന് പുറത്തേക്ക് വരരുത്.



# മലർവാടിക്കൂട്ടം

ഒരിക്കൽ ഒരു ഉറുമ്പിന് വല്ലാത്ത ദാഹം തോന്നി. അത് അടുത്തുള്ള നദിക്കരയിൽ ചെന്നു. ഒരു പുൽത്തുമ്പിലൂടെ നീങ്ങി ദാഹം തീർക്കുവാനുള്ള ശ്രമത്തിൽ ഉറുമ്പ് കാൽവഴുതി വെള്ളത്തിലായി. വെള്ളത്തിൽ കിടന്ന് അത് പിടഞ്ഞു തുടങ്ങി.

നേരെ മുകളിൽ മരക്കൊമ്പിൽ ഇരിക്കുകയായിരുന്ന ഒരു പ്രാവ് ഇതു കണ്ടു. അലിവുതോന്നിയ പ്രാവ് ഒരു ഇല കൊത്തിയിട്ടു. അത്രയുമല്ലേ അതിനു ചെയ്യാൻ പറ്റൂ. ഇല ഉറുമ്പിന്റെ അടുത്തായിരുന്നില്ല വീണത്. അതിനാൽ ഒരിലകൂടി കൊത്തിയിട്ടു. നദിയിൽ അധികം ഒഴുക്കുണ്ടായിരുന്നില്ല. അടുത്തു കിട്ടിയ ഇലയിൽ പിടിച്ചു കയറി ഉറുമ്പ് ഒരുവിധം കരപറ്റി. നന്ദിപറയാൻ വാക്കുകളില്ലായിരുന്നു. പ്രാവിനെ ഒന്നു നോക്കുക മാത്രം ചെയ്ത് ഉറുമ്പ് അതിന്റെ വഴിക്കുപോയി. കുറെ ദൂരം ചെന്നപ്പോൾ ഒരു വേടൻ അമ്പു കുലയ്ക്കുന്നത് കണ്ട് ശ്രദ്ധിച്ചപ്പോൾ തനിക്കു രക്ഷ നൽകിയ പ്രാവിന്റെ നേരെയായിരുന്നു.

ചതിച്ചോ ദൈവമേ ഉറുമ്പ് ഓടിക്കിതച്ച് വേടന്റെ അരികിലെത്തി കാലിൽ ശക്തിയായി കടിച്ചു. വേടൻ തൊടുത്ത ശരം ലക്ഷ്യം തെറ്റി എങ്ങോ പോയി. അതിൽ നിന്നു രക്ഷപ്രാപിച്ച പ്രാവും മരക്കൊമ്പ് വിട്ടു പറന്നുപോയി.

(താൻ ചെയ്ത നന്മ തന്റെ രക്ഷയ്ക്കെത്താതിരിക്കില്ല).

സസ്നേഹം

**കൊച്ചേട്ടൻ**



## ബാലദീപം ക്വിസ്

**റ്റി. ജെ. ജേക്കബ് തുണ്ടിയിൽ**

1.വിശ്വാസികളായി വാങ്ങിപ്പോയവർക്കായി ഏതെല്ലാം ദിവസങ്ങളിൽ വി.കുർബ്ബാനയും ധൂപാർപ്പണവും നടത്തപ്പെടുന്നു?
2. “പിതാവിനും പുത്രനും പരിശുദ്ധ റൂഹായുമായ സത്യ ഏകദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു” വിശ്വാസപ്രമാണത്തിന്റെ ഈ ചുരുങ്ങിയ രൂപം ചൊല്ലുന്നതാര്? ചൊല്ലേണ്ടതാര്?
3. വൈദികരുടെ ശവസംസ്ക്കാരത്തിനുള്ള ശുശ്രൂഷകൾ എത്ര?
4. ദൈവനാമം വിളിക്കപ്പെട്ട ദൈവാലയം ആദ്യം എവിടെയായിരുന്നു?
5. യഹോവ ത്യജിച്ചു കളഞ്ഞ ജനത്തിന്റെ പേരെന്തായിരുന്നു?
6. കൂദശ് ഈത്തോ ഞായർ കണ്ടുപിടിക്കുന്നതെങ്ങനെ?
7. പള്ളിയിൽവച്ച് യേശുവിനെ കണ്ട് നിലവിളിച്ചവൻ ആര്?
8. യേശു കൈപിടിച്ച് എഴുന്നേല്പിച്ച സ്ത്രീ ആരാകുന്നു?
9. കപടഭക്തിക്കാർക്കെതിരെ പ്രവചിച്ച പ്രവാചകൻ ആരായിരുന്നു?
10. അന്യായമായി ധനം സമ്പാദിക്കുന്നവൻ ഏതു പക്ഷിക്കു തുല്യം ആകുന്നു?

### May- ലെ ഉത്തരങ്ങൾ

1. അനുയാത്ര
2. ദുഃഖശനി
3. കുരുത്തോലവാഴ്വിന്റെ ശുശ്രൂഷ
4. തിമായി (മർക്കോ. 10:6)
5. മണൽ (യിരെ. 5:22)
6. പശ്ഹൂർ പുരോഹിതൻ (യിരെ. 20:2)
7. താമ്രവും, ഇരുമ്പും (യിരെ.15:12)
8. വിശ്വസ്തത (യിരെ.5:1-3)
9. യേശുക്രിസ്തു (മർക്കോ. 1:13)
10. ഗലീലായിൽ (മർക്കോ. 1:14)

# KNANAYA SENIORS SANGAMAM- UAE

**On 7 February 2020.Dubai**




Advt -O

## 6th Anniversary in Heaven

**27-4-2020**



## K. C. Thomas (Kunjomachen)

**Kallamparampil, Ranny**

"You will live forever in our hearts"
By Loving Family,
Management and Staff
Kallamparampil Hardwares, Ranny

Advt -S

## 1 –ാം ചരമ വാർഷികം

02–05–2020



## സാറാമ്മ ജേക്കബ് (മോളി)

മേലേത്ത് പേരൂത്തറ, വള്ളംകുളം, തിരുവല്ല


"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൾ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -S

## 3 –ാം ചരമ വാർഷികം

14–06–2020



## T. I. Thomas (Kunjachen)

**(Rtd. Asst. Engineer K.S.E.B)**

തോട്ടുപുറത്ത്, എം.എം. വില്ല
തോലശ്ശേരി, തിരുവല്ല – 1

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്തുകാണാമെന്നുള്ളപ്രത്യാശയോടെ"

സന്തപ്ത കുടുംബാംഗങ്ങൾ

## 8th Birthday in Heaven

**22-04-2020**



## Melvin Mohan K (19)

(S/o Mohan and Maymol)

കാവുങ്കൽ മെൽവിൻ വില്ല, തോലശ്ശേരി, തിരുവല്ല

We miss you Melvin

*നിത്യതയുടെ തീരത്തു വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ*

Beloved Family

Advt - S

## 9 – ാം ചരമവാർഷികം

19 – 06 – 2020



**Aleyamma Mathunni**

**Mulamoottil**

**Kuttoor**

## 9 – ാം ചരമവാർഷികം

26 – 06 – 2020



**അഡ്വ. ജൂലി സുനിൽ**

**കല്ലുവെട്ടാംകുഴിയിൽ,**

**താഴത്തങ്ങാടി, കോട്ടയം**

Advt -R

## 1 – ാം ചരമവാർഷികം

15-05-2020



**സൂസന്നാ സജി (കുഞ്ഞുമോൾ)**

**വല്ലേലിൽ, വള്ളംകുളം, തിരുവല്ല.**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യത യുടെ തീരത്ത് കാണാമെന്നുള്ള പ്രത്യാശയോടെ.

സന്തപ്ത കുടുംബാംഗങ്ങൾ

Advt - S

## 1 – ാം ചരമവാർഷികം

24-06-2020



**വൽസമ്മ സ്കറിയ**

കാക്കാംപറമ്പിൽ, വാകത്താനം

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായ് നിത്യതയുടെ തീരത്തു വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

## 2nd Death Anniversary

31-05-2020



# Abraham Mathew (Poppy)

**Komarathumparampil (H)**

**Chengalam**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -O



## 7-ാം ചരമവാർഷികം

29-04-2020



# ഉമ്മൻ മാത്യു (കുഞ്ഞൂഞ്ഞ്)

ഇരണയ്ക്കൽ പുത്തൻവീട്

പുതുശ്ശേരി, തുരുത്തിക്കാട്

"നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവൻ വലഭാഗത്തിൽ"

Mariamma Oommen,
Rani & Robin, Roy & Preena

Advt -S



## 18-ാം ചരമവാർഷികം

02-05-2020



# ഈശ്വരൻപറമ്പിൽ അച്ചൻ

കുറിച്ചി

സന്തപ്ത കുടുംബാംഗങ്ങൾ

## 5-ാം ചരമവാർഷികം

23-05-2020



# റീവ് മാത്യു

ഒറ്റപ്ലാമൂട്ടിൽ

ചിക്കാഗോ, യു.എസ്.എ

Advt -R

## 1st death anniversary

07-June-2020



## Sosamma Abraham (Kunjumol James)

**Moozhiparampil H**
**Chingavanam.**

Sorrowing family

Advt -O

## വേർപാടിന്റെ 7-ാം വാർഷികം

20-05-2020



## V. T. Kuriakose

**പഴയപീടികയിൽ, തുരുത്തിക്കാട്**

**"നിന്റെ മഹത്വമുദിക്കും നാൾ**
**നിൽക്കണമിവൻ വലഭാഗത്തിൽ"**

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

## 23-ാം ചരമവാർഷികം

27-06-2020



## ലീലാമ്മ ബേബി

**മേപ്രത്ത്, അഞ്ചാനി, റാന്നി**

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -

## 29-ാം ചരമവാർഷികം

20-06-2020

## 3-ാം ചരമവാർഷികം

13-05-2020





**കെ. റ്റി. ആൻഡ്രൂസ്**

**ശോശാമ്മ ആൻഡ്രൂസ്**

**നെടുഞ്ചിറ കൊമറത്തുംപറമ്പിൽ**
**ചെങ്ങളം**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്തു വീണ്ടും കാണാമെന്നുള്ള
പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -

# ഒന്നാം ചരമ വാർഷികം

06–05–2020



## K. U. MATHEWKUTTY
## (KUNJUMON)

**Pazhayakalam, Neysseril**
**Kurichy**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് കാണാമെന്നുള്ള
പ്രത്യാശയോടെ, പ്രാർത്ഥനകളോടുകൂടി

ഭാര്യ– ജയിനമ്മ മാത്യു
മക്കൾ – പ്രവീൺ മാത്യു, പ്രദീഷ് മാത്യു
മരുമക്കൾ – ഷൈനി പ്രവീൺ, ഹണി പ്രദീഷ്
കൊച്ചുമക്കൾ – ജെസ്‌ലിൻ, ജെറിൻ, ജെനീസ്

Advt - R

17–ാം ചരമ വാർഷികം
04-12-2020

38–ാം ചരമ വാർഷികം
23-11-2020

43–ാം ചരമ വാർഷികം
10-10-2020

43–ാം ചരമ വാർഷികം
12-05-2020





## Achamma Abraham

## Abraham

**Thyparampil**
**Chingavanam**

മരണം: 04–12–2003

മരണം: 23–11–1982

## Mathew

## Pennamma Mathew

**Konamala**
**Aythala, Ranni**

മരണം: 10–10–1977

മരണം: 12–05–1977

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O

# Ist Birthday In Heaven

**04-04-2020**



## C.M. MARKOSE

**(Kunjoojukutty) (Rtd. Subiadar)**
**Kallolickal (H), Chelchira**
**S. Puram P.O., Kurichy**

Jesus Said, I am the resurrection and the life: he that be liveth in me, though he were dead, yet shall he live. Who sever liveth and believeth in me shall never die (St.John 11:25,26)

Wife: Mrs. Aleyamma Markose (Akkutty)
Son: Rev. Fr. Mathew, Kallolickal (Santhosh Achen)
Sam Joseph, Bengeluru
Daughter: Sherly Jacob, Faridabad
Son in law: Jacob (Mon)
Daughter in law: Jessina Sam Joseph
Grand Children: Stanly Jacob (Doney) & Sharu
Blesson Jacob, Minnu, Mithu

Advt -G

## 4 – ാം ചരമവാർഷികം

**27 – 06 – 2020**



## ശോശാമ്മ തോമസ്

**പഴയകളം നെയ്ശ്ശേരിൽ, കുറിച്ചി**

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൾ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -R

## 10–ാം ചരമ വാർഷികം

**03-07-2020**



## വാവച്ചൻ

**കറുകേലിൽ**
**തിരുവൻവണ്ടൂർ**

ശരണത്താലെ നിൻ കൃപയിൽ
മരണമടഞ്ഞൊരു ദാസനെ നിൻ
ജീവസ്വരമുണർത്തണമേ
കബറിന്നുദ്ധാനത്തിന്നായ്


10th Death Anniversary
(08 June 2020)
K. P. Mathew (പാപ്പച്ചൻ)
Kurukathadathil House
Time flies fast.
Life goes on at its own pace.
But some Memories can never be
forgotten or erased from the mind of
the dearest ones. You will always
remain in our thoughts.
Sorrowing Family
P. K. Amminikutty
Benny, Seno, Susanna, Elizabeth, Jessica (California)
Jacob, Beena, Dilan, Sneha (Mysore)
Deepu, Leena, Sarah (Bangalore)
Advt -O

## വേർപാടിന്റെ 7 – ാം വാർഷികം

**05-07-2020**



## Er. James K. Jacob (Vinumon)

B.Tech, M.S.

DOB : 27-04-1987

## 10 – ാം ചരമ വാർഷികം

**09-06-2020**



## മറിയാമ്മ ചാക്കോ

DOB : 21-04-1933

### Kandathil Kaleeckal, Thiruvanvandoor

കണ്ടുകൊതിതീരുംമുമ്പേ സ്നേഹിച്ചുമതിവരുംമുമ്പേ
ഞങ്ങളിൽനിന്നു വേർപെട്ടുപോയ പ്രിയപ്പെട്ട വിനുക്കുട്ടനെ
ഇനി നിത്യതയുടെ തീരത്തു കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

മറക്കാത്ത ഓർമ്മകളുമായി

Principal, Staff and Students
J.H.Lab, Kuttoor, Chengannoor
U.P.R. Institute, Angamaly

Advt - O

## 1 – ാം ചരമവാർഷികം

**03 – 06 – 2020**



## ജയിനമ്മ സ്കറിയ

നെടുംപറമ്പിൽ (ചക്കാലയിൽ)
കുറിച്ചി

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള
പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -R

## 13 – ാം ചരമ വാർഷികം

**23 – 06 – 2020**



## വി. ഇ. ഉതുപ്പാൻ (തങ്കച്ചൻ)

ഒറ്റത്തൈയ്ക്കൽ, റാന്നി

സന്തപ്ത കുടുംബാംഗങ്ങൾ

Advt - S

# 5th Birthday in Heaven

23-05-2020



# REEVE MATHEW

**OTTAPLAMMOOTTIL, CHICAGO**

**We miss you Reeve / Achacha until we meet again**

Advt - R

**Date of Birth 08-02-2005** **Died on 23-05-2015**

**Appa, Amma, Abigail, Ivanka and Ethan**

## 10 – ാം ചരമ വാർഷികം

09 – 05 – 2020



### ലീലാമ്മ കുരുവിള

ചിറ്റേട്ട്, ഐത്തല പി. ഒ, റാന്നി

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൾ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O

## വേർപാടിന്റെ 12 – ാം വാർഷികം

26 – 05 – 2020



### Lidiya Elvis Nellickal

Nellickal House
Vallamkulam, Thiruvalla

Appa & Amma (Elvis&Binu)
Acha & Vava (Lesly, Leen)

(The pain of losing you is immeasurable. I know the biggest star in the sky that is shinning the most is you. I hope you are living well in the world of the creator)

Advt - O

## 40 – ാം ചരമദിനം

19 – 04 – 2020



### പി. റ്റി. എബ്രഹാം (78)

പാലന്തറ കുന്നത്തുമണ്ണിൽ, വള്ളംകുളം

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - R

## ആദരാഞ്ജലികൾ



### മോൻസി ഇടിക്കുള

കുളമടയിൽ, റാന്നി

DOB : 21-02-1971 Died on : 21-3-2020

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -A

## 2nd Death Anniversary

26–05–2020



# Baiju Mathew

**Toronto, Canada**

**(Kanapuzha, Ranny)**

"You will live in our hearts forever"

Sorrowing Family

**Sheeba (Wife), Lianna (Daughter) and Reuben (Son)**

Advt -S

## 10 –ാം ചരമവാർഷികം

28- 06-2020 (3651 –ാം ചരമദിനം)



# ജോമോൻ ജേക്കബ്

**കുന്നുംപുറത്ത്, ചിങ്ങവനം**

*ഒരിക്കലും മറക്കാത്ത ഓർമ്മകളുമായി*

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

## 14th Birthday in Heaven

**26-04-2020**



# Prince Thomas Chacko

**Elmont, Newyork, U.S.A.**

**(Ammanathu, Kattode)**

**ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി**

**YOUR LOVING FAMILY & FRIENDS**

Advt - S

## 3rd Death Anniversary

28–06–2020



# MARY STEPHEN (Ammini)

**PANARKUNNIL, RANNY, (Edmonton - Canada)**

*With lots of love & Prayers*

Husband - Cherian Stephen (Babu)
Children - Asha and Anish
Son in law - Joe
Daughter in law - Carly
Grand Children - Samara, Sean, Sasha, Nixon, Nyla and
Sorrowing Family

Advt -O

# ആത്മസ്നേഹം

ഡോ. ഐബി ജോസഫ്, റാന്നി

ആദ്യം അവനവനെത്തന്നെ സ്നേഹിക്കുക അംഗീകരിക്കുക. അതോടുകൂടെ വ്യക്തിപരമായതും, പൊതുവായതും, ലോകവിഷയമായതുമായ സകല പ്രശ്നങ്ങളും അവസാനിക്കും. സ്വയം സ്നേഹിക്കുന്നതു സ്വാർത്ഥതയല്ല. അവനവനെ മനസ്സിലാക്കി സഹായിച്ച് സമ്പുഷ്ടമാക്കുന്നത് ആഡംബരമല്ല. അവനവന്റെ അന്തരംഗത്തെ നനയ്ക്കുന്നതും വളമിട്ടു വളർത്തുന്നതും ആർഭാടമല്ല. സ്വയം സ്നേഹിക്കുന്നയൊരാൾക്കു മാത്രമെ മറ്റൊരാളെ സ്നേഹിക്കാനാകുകയുള്ളൂ. പരിപൂർണ്ണമായി ഉള്ളു തുറന്നു സ്നേഹിച്ചു തുടങ്ങേണ്ടത് അവനവനെ തന്നെയാണ്. അവനു മാത്രമെ സമസ്ത ലോകത്തെയും ദൈവത്തെയുമൊരുപോലെ പൂർണ്ണ സമർപ്പണത്തോടെ ആത്മാർത്ഥമായി സ്നേഹിക്കുവാൻ കഴിയൂ. അയൽക്കാരനെ തന്നെപോലെ തന്നെ സ്നേഹിക്കുന്നത് സത്യമാണെങ്കിൽ ആദ്യം തന്നെത്തന്നെയും തന്റെ ഉള്ളിൽ വസിക്കുന്ന ദൈവത്തെയും പൂർണ്ണ ഹൃദയത്തോടും, പൂർണ്ണ മനസ്സോടും, പൂർണ്ണ ആത്മാവോടും പൂർണ്ണ ശുദ്ധിയോടും സ്നേഹിക്കണം. മാനവസേവ മാധവസേവ. മനുഷ്യനെ സേവിക്കുന്നത് ദൈവത്തെ സേവിക്കുന്നതിനു തുല്യമാണ്.

“ഞാൻ ആരാണ് എന്ന ചോദ്യത്തിനുത്തരം ആത്മാന്വേഷണങ്ങളിലും കണ്ടെത്തി അവനവനെ സ്വയം സ്നേഹിക്കുന്നവനും അംഗീകരിക്കുന്നവനുമൊരിക്കലും മറ്റുള്ളവരുടെ അംഗീകാരത്തിനായി ദാഹിച്ച് മുറവിളികൂട്ടി ജീവിതം സങ്കീർണ്ണമാക്കുകയില്ല. സ്വയം സ്നേഹിക്കുന്നവൻ മറ്റുള്ളവർക്കു തന്നോടുള്ള സ്നേഹക്കുറവിലോ, ശ്രദ്ധക്കുറവിലോ പരാതിയും, പരിഭ്രമവും ഉയർത്താറില്ല. തന്നെത്തന്നെ മനസ്സിലാക്കുന്നവൻ സംതൃപ്തനായിരിക്കും. അവനൊരിക്കലും മറ്റുള്ളവർ തന്നെ മനസ്സിലാക്കുന്നില്ലെന്നു പറഞ്ഞു അസ്വസ്ഥനാവുകയില്ല. ആരും മനസ്സിലാക്കുവാനില്ലെന്നോർത്ത് സമൂഹ പ്രശ്നങ്ങൾ സൃഷ്ടിക്കുകയില്ല. ഇംഗ്ലീഷിലുള്ള ഒരു പഴമൊഴി ഓർക്കുന്നു. **‘When I accept myself, I am freed from the burden of needing you to accept me’.**

മറ്റുള്ളവരുടെ സ്നേഹവും അംഗീകാരവും, കൈയ്യടിയും നേടിതന്നെത്തന്നെ ഉയർത്തി ആളാകാൻ ശ്രമിക്കുന്നതും, അതിൽ സന്തോഷം കണ്ടെത്തുന്നതും ഉള്ളിലെ അഹംബോധം (Ego) ആണ്. Ego ഒരു മാനസിക വൈകല്യമാണ്. ആത്മ വിശ്വാസവും ആത്മസ്നേഹവും നഷ്ടപ്പെട്ടവരാണ് മറ്റുള്ളവരുടെ ശ്രദ്ധതന്നിലേക്കാകർഷിച്ചെടുത്തു മിടുക്കരാകാൻ ശ്രമിക്കുന്നത്. Ego ഇല്ലാത്തവർ എളിമയോടെ തന്നെ തന്നെയും, തന്റെ ചുറ്റുപാടുകളെയും പരിമിതമായ സാഹചര്യങ്ങളെയും അംഗീകരിക്കുന്നതുകൊണ്ട് മറ്റുള്ളവരുടെ അംഗീകാരത്തിനായി പ്രശ്നങ്ങൾ സൃഷ്ടിച്ചു ഭാരപ്പെടുകയില്ല.

ജന്മംകൊണ്ടും, ബാല്യകാലത്തും ജീവിതത്തിലുടനീളവും അനുഭവിക്കേണ്ടിവന്ന ചെറുതും വലുതുമായ മാനസികാഘാതങ്ങൾ, വൈഷമ്യങ്ങൾ, തിക്താനുഭവങ്ങൾ, തിരസ്കരണങ്ങൾ, ദുരന്തങ്ങൾ, അരക്ഷിതത്വം, അരാജകത്വം, നിന്ദനങ്ങൾ വികലമായ ഒരു വ്യക്തിത്വം, self image രൂപപ്പെടുത്തുന്നു. പൂർവ്വികരിലെ പാപശാപരോഗബന്ധങ്ങൾ ജനിതകത്തിലൂടെ തലമുറകളെ പിന്തുടരുന്നു. പാരമ്പര്യ ബന്ധങ്ങൾ, പൂർവ്വകാല സഞ്ചിത പാപകർമ്മങ്ങൾ കൂച്ചു വിലങ്ങു പ്രദമാകു.

അവനവന്റെ പോരായ്മകളെ കൂടെ ഉൾക്കൊള്ളുവാനും അംഗീകരിക്കുവാനും സ്നേഹിക്കുവാനും കഴിയണം. എങ്കിലെ അതിജീവനത്തിന്റെയും പുതിയ തുടക്കത്തിന്റെയും മാറ്റത്തിന്റെയും ആത്മശക്തിയും ശുദ്ധബോധവും ഉണരുകയുള്ളു. ആത്മസ്നേഹം ആത്മപ്രഭയും ആത്മനേട്ടവും സ്വയം പ്രകാശനവുമാണ്. ആത്മസ്നേഹമുള്ളവർക്ക് ഓരോ നിമിഷവും കൂടുതൽ മെച്ചപ്പെട്ട് പരിപൂർണ്ണതയിലേക്ക് വളരുവാനുള്ള ഇച്ഛാശക്തിയും സുബോധവും പുതിയ ക്രിയാത്മകമായ അവസരങ്ങളുമായി ലക്ഷ്യത്തിലേക്ക് ആകർഷിക്കപ്പെടുകയാണ്.

അവനവനെ സ്നേഹിക്കുവാൻ കഴിയാത്തവനാണ് ലോകം തന്നെ സ്നേഹിക്കണം ശ്രദ്ധിക്കണം, ലോകപ്രകാരം ഉള്ള എല്ലാ സുഖസൗകര്യങ്ങളും നേടിയെടുക്കണമെന്നൊക്കെ ആഗ്രഹിച്ചാകുലപ്പെടുന്നത്. ആത്മസ്നേഹം ആത്മസംതൃപ്തിയാണ്.

പണവും, പ്രശസ്തിയും, സ്ഥാനമാനങ്ങളും, ആർഭാടങ്ങളും, ആഡംബരങ്ങളുമൊക്കെ നമ്മുടെ ആന്തരിക വളർച്ചയ്ക്കോ, യഥാർത്ഥ സംതൃപ്തിക്കോ, നേട്ടത്തിനോ കാരണമാകുന്നില്ല. മനസ്സ് ആഗ്രഹിക്കുന്ന മായാസുഖങ്ങളെയോ, ജഡമാഗ്രഹിക്കുന്ന നൈമിഷിക സുഖങ്ങളെയോ അല്ല നാം നേടേണ്ടത്. അതു ക്ഷണികമാണ്. നശ്വരമാണ് അതിനു സ്ഥിരമായ നിലനിൽപ്പില്ല. അതു തിരിച്ചറിയണമെങ്കിൽ ജീവിതത്തിന്റെ സുഗമമായ ഒഴുക്കിനെ തടഞ്ഞുനിർത്തുന്ന എന്തെങ്കിലും നിർണ്ണായക ഘട്ടങ്ങളിലൂടെ (turning point) കടന്നു പോകണം. അപകടം, രോഗം, വാർദ്ധക്യ പ്രശ്നങ്ങൾ, മരണം തുടങ്ങിയവ നമ്മെ വലിയ ജീവിത പാഠങ്ങളും, ഈലോക സുഖജീവിത നശ്വരതയും പഠിപ്പിക്കുന്ന ഗുരുവാണ്. ജീവിതത്തിൽ എന്തൊക്കെ ഭൗതിക നേട്ടങ്ങൾ നേടിയാലും, ഈ ലോകം തന്നെ കാൽക്കീഴിലാക്കിയാലും ഒരിക്കൽ ഈ ലോകം വിട്ടു പോകേണ്ടതായി വരും. ജീവിതത്തിന്റെ ക്ഷണപ്രഭ, തിരിച്ചറിയുവാനും, അനശ്വരമായതൊന്നും സമ്പാദിക്കേണ്ടതിന്റെ ആവശ്യകത നമ്മെ ബോധ്യപ്പെടുത്തി പഠിപ്പിക്കുന്ന ഒരു ഗുരുവാണ് മരണം. ക്ഷണനേരത്തേക്കുള്ള ജീവിതം ക്ലേശകരമാക്കി ശത്രുക്കളെ സമ്പാദിക്കാതെ, ആനന്ദകരമാക്കി ധാരാളം മിത്രങ്ങളെ നേടി അർത്ഥസമ്പുഷ്ടമാക്കുക.

അഹങ്കാരബോധം (Ego) വൈറസിനെക്കാൾ മാരകമാണ്. അതില്ലാതായാൽ പരസ്പര സ്നേഹം, ക്ഷമ, ത്യാഗം, സഹനം, വിട്ടുവീഴ്ച മനോഭാവം, ശത്രുപക്ഷത്തുള്ളവരെ പോലും സുഹൃത്തുക്കളാക്കാൻ കഴിയുന്ന ഹൃദയവിശാലതയുണ്ടാകും. ഇങ്ങനെയുള്ള സത്ഗുണങ്ങൾ വികസിച്ചാൽ തീരാവുന്ന പ്രശ്നങ്ങളെ ഉള്ളു സഭയിലും, സമൂഹത്തിലും, രാഷ്ട്രീയത്തിലും കുടുംബത്തിലുമൊക്കെ എല്ലാവരെയുമുൾക്കൊള്ളുവാനുള്ള ഹൃദയവിശാലത വേണമെങ്കിൽ സ്നേഹം അത്യാവശ്യമാണ്. അതിന്

അവനവനെയും, അപരനെയും, ദൈവത്തെയുമൊരുപോലെ സ്നേഹിക്കുവാൻ കഴിയുന്ന പരിശുദ്ധാത്മ സ്നേഹശക്തി ബോധം (Agape) ഉള്ളിൽ നിന്നും വരണം.

അവനവന്റെ ഉള്ളിലെ വൈകൃതങ്ങളെയും വൈകല്യങ്ങളെയും വൈമുഖ്യങ്ങളെയും സ്വയം മടുത്തു, സ്വയം വെറുത്ത്, അവനവനെത്തന്നെ ഉപേക്ഷിച്ച് മറ്റുള്ളവരുടെ സ്നേഹവും സാമീപ്യവും, സാന്ത്വനവും, പ്രോത്സാഹനങ്ങളും വേണ്ടി വരുന്നു അവനവനോടുതന്നെയുള്ള അപകർഷതാബോധം മറികടന്ന് സ്വയം ചാർജു ചെയ്യുവാൻ അതിലൂടെ അവൻ ഉണ്ടാക്കിയെടുത്ത അഹം കേന്ദ്രീകൃത വ്യക്തിത്വത്തിന്റെ എല്ലാം തന്നിലേക്കാകർഷിക്കപ്പെടണമെന്ന അലച്ചിലുകളുടെ അഹങ്കാരങ്ങൾ (Ego satisfaction) ശക്തനായവൻ ഒറ്റയ്ക്കിരുന്നു നിശബ്ദതയിൽ ആത്മീയ ആനന്ദം അനുഭവിക്കുന്നു. ഭീരുവും ബലഹീനനുമായവൻ ആൾക്കൂട്ടത്തെ ഇഷ്ടപ്പെടുകയും ആൾക്കൂട്ടത്തിനു നടുവിൽ നൈമിഷികവും വ്യാജവുമായ സന്തോഷത്തിൽ ഒറ്റപ്പെട്ടയവസ്ഥയിലാകുകയും ചെയ്യും. അവന് സ്വന്തം മനസ്സിനും ചിന്തകൾക്കും വികാര വിചാരങ്ങൾക്കുമൊപ്പം സ്വൽപ്പനേരം മൗനമായിരുന്നു, അവനവനെ തന്നെയൊന്നു മനനം ചെയ്തു ധ്യാനിക്കുവാൻ കഴിയാതെ വരുന്നു. സ്വയം വെറുക്കുന്നവന്, സ്വയം അംഗീകരിക്കുവാനോ ഉൾക്കൊള്ളുവാനോ കഴിയാത്തവന് ഒറ്റയ്ക്കിരിക്കുമ്പോൾ ഉള്ളിൽ പരിശുദ്ധാത്മ സന്തോഷം അനുഭവിച്ച് ആത്മീയ ആനന്ദത്തിലാക്കുവാൻ സാധിക്കാതെ സ്വയം മടുത്ത്, വിരക്തി അനുഭവിച്ച് ബോറടി മാറ്റുവാൻ, ലൗകിക വിഷയങ്ങളിലേക്കും, ചുറ്റുപാടുകളിലേക്കും മറ്റുള്ളവരിലേക്കും ശ്രദ്ധ തിരിക്കുന്നു. സ്വൽപ്പനേരം വെറുതെയിരുന്നാലുടൻ ബോറടിച്ച് ഫോണിലേക്കും, വാട്സാപ്പിലേക്കും ഫേസ്ബുക്കിലേക്കും, കൂട്ടുകാരിലേക്കും, കലാകായിക വിഷയങ്ങളിലേക്കും തിരിയുന്നത് അവനവനെ മടുത്തിട്ടാണോ എന്നുകൂടെ ചിന്തിക്കണം. ഒന്നിലും മനസ്സ് സ്ഥിരമായി തൃപ്തിയടഞ്ഞു വിശ്രമിച്ച് സ്ഥിരപ്പെടാതെ, കൂടുതൽ പുതുമയുള്ള കാര്യങ്ങളിലേക്ക് ചാഞ്ചാടി സുഖം അന്വേഷിച്ചലയുന്നത് പഴയ കാര്യങ്ങൾ മടുത്ത് ബോറടിച്ച് വെറുക്കുമ്പോഴാണോ എന്നുകൂടി വിശകലനം ചെയ്യണം. ആത്മാവിലുള്ള സ്നേഹവും, വിശ്വാസവും, ഉറപ്പും സ്ഥിരതയുമില്ലാതെ ഓരോ കാര്യങ്ങൾ ചെയ്യുമ്പോഴാണ് മടുപ്പുള്ളവാകുന്നത് ഇംഗ്ലീഷിലുള്ള ഒരു ചൊല്ലുണ്ട്. 'people are not addicted to alcohol or drugs, they are addicted to escaping reality'.

നമുക്ക് സന്തോഷവും സംതൃപ്തിയും തരുന്നത് ഈ നശ്വരമായ ജീവിതത്തിലെ എന്തു തന്നെയായാലും (പണം, പ്രശസ്തി, സുഖസൗകര്യങ്ങൾ, സുഹൃത്തുക്കൾ, ബന്ധങ്ങൾ etc) അതു നമ്മിൽനിന്നും മാറ്റപ്പെടുമ്പോൾ ആ സന്തോഷവും സംതൃപ്തിയും അവിടെ അവസാനിക്കും. ഒരിക്കലും മാറ്റമില്ലാത്തത് ഒന്നേയുള്ളു ആത്മാവ്. അതു നമ്മിൽനിന്നും മാറ്റപ്പെടുകയില്ല. നമ്മുടെ ശരീരത്തെക്കാളും മനസ്സിനെക്കാളുമുപരിയായി നാം സ്നേഹിക്കേണ്ടതും, സംരക്ഷിക്കേണ്ടതും, പോഷിപ്പിക്കേണ്ടതും നമ്മുടെ ആത്മാവിനെയാണ്. അതോടു കൂടി സകലതും സംശുദ്ധമായി സുലഭമായി നിനക്കു ലഭിക്കും. ആത്മാവിനാൽ ശരീരത്തെയും മനസ്സിനെയും കീഴടക്കുക. ആത്മപോഷണം, ആത്മനേട്ടം ആത്മ സംതൃപ്തി ഈ ലോകത്തിൽ മാത്രമല്ല പരലോകത്തിലും നമുക്ക് നിത്യശാന്തിയിലും, ആനന്ദവും, ക്ഷേമവും സ്ഥിരമായി നിലനിൽക്കുന്നു. ആന്തരിക ലോകത്ത് സംതൃപ്തി അനുഭവിക്കുന്ന ഒരു വ്യക്തിക്ക് ഭൗതിക ആവശ്യങ്ങൾ വളരെ കുറവായിരിക്കും. ജീവിതം ലളിതവും, സുന്ദരവും, ആസ്വാദ്യകരവുമായിരിക്കും. ഭൗതിക നേട്ടങ്ങളോടും, ഭൗതിക സുഖസൗകര്യങ്ങളോടും താത്പര്യം ഇല്ലായിരിക്കും. കാരണം വേണ്ടത് എല്ലാംതന്നെ ഉള്ളിന്റെയുള്ളിൽ കണ്ടെത്തി സന്തോഷിച്ച് സംതൃപ്തിയടയുന്നു.

ആത്മ സ്നേഹത്തിന്റെയും ആത്മശുദ്ധിയുടെയും പരിപൂർണ്ണതയിൽ നിന്നൊഴുകുന്ന ജീവിത ശൈലികൾക്കും, ശീലങ്ങൾക്കും, കലാവാസനകൾക്കും. മനുഷ്യസ്നേഹത്തിനും സൗഹൃദങ്ങൾക്കും, ആസ്വാദനങ്ങൾക്കും (Entertainments) ഒരിക്കലും മടുപ്പുളവാകില്ല. സ്ഥിരമായി നിൽക്കുന്നയിടത്തു തന്നെ ഉറച്ചു നിൽക്കും. എന്തൊക്കെ, സാഹചര്യങ്ങൾ മാറിമറിഞ്ഞാലും, പുതുമകൾ വന്നാലും മനസ്സൊരിക്കലും ഉപരിപ്ലവതയിൽ ചാഞ്ചാടി നടക്കുകയില്ല. (Fluctating). ആത്മസ്നേഹപരിപൂർണ്ണതയിൽ ശുദ്ധബോധവും ഊർജ്ജവും തെളിഞ്ഞുവരും. അവിടെ സകല വിശുദ്ധിയും ജ്ഞാനവും, സംതൃപ്തിയും ആത്മനിറവും പരിപൂർണ്ണതയിൽ ആയിരിക്കും (Absolute). ഞാൻ ഞാൻ എന്ന ഭാവത്തിന്റെ (Ego) അഭാവത്തിൽ ആത്മാവിന്റെ വെട്ടം പരിപൂർണ്ണതയിലായിരിക്കും. അവിടെ സമ്പൂർണ്ണവും സ്നേഹമയവുമാണ് സകലതും. ഇവിടെയാണൊരുവൻ ശുദ്ധബോധത്തോടെ സ്വയം സ്നേഹിക്കുന്നത്. അങ്ങനെയുള്ളവൻ സ്വയം ചാർജു ചെയ്യാൻ, ഫ്രഷ് ആകാൻ ചുറ്റുപാടുകളിലേക്ക്, മറ്റുള്ളവരിലേക്ക്, മറ്റു സാഹചര്യങ്ങളിലേക്ക് തിരിയുകയില്ല. സ്വയം ആത്മാവിനാൽ ഉത്തേജിക്കപ്പെട്ടുണർന്ന് സദാ ഉന്മേഷത്തോടും 'ഫ്രഷ്' തെളിച്ചവും ശാന്തിയും സ്വയം പ്രാപിക്കുന്നു. ശരീരബോധത്തിന്റെ പരിധികൾക്കും, പരിമിതികൾക്കും, മനസ്സിന്റെ ലോകമായയ്ക്കുമപ്പുറം അവരുടെ പ്രതീക്ഷകളും സന്തോഷവും ഉള്ളിലെ പരിശുദ്ധാത്മാവിലുള്ള സ്ഥിരതയ്ക്കും, ആഴത്തിലുള്ള സ്വയം പര്യാപ്തതയ്ക്കും, സ്ഥിരതയുടെ നിലനിൽപ്പിന്റെ അനന്ത സാദ്ധ്യതകളിലുമായിരിക്കും. അവർ ഏതു പ്രതികൂല സാഹചര്യത്തെയും അതിജീവിക്കും. ജയിലിൽ കൊണ്ടിട്ടാലും കിണറ്റിൽ കൊണ്ടിട്ടാലും, മരുഭൂമിയിലോ, സുനാമിയിലോ, വരൾച്ചയിലോ, ചേറിലോ പഴി, ദുഷി, നിന്ദ, ഞെരുക്കങ്ങളിലോ പതറാതെ തളരാതെ ഇടറാതെ വിഷമിക്കാതെ, സാഹചര്യങ്ങളെയും, തന്നെത്തന്നെയും, മറ്റുള്ളവരെയും പഴിക്കാതെ, ശപിക്കാതെ പരിതപിക്കാതെ, അവർ ആയിരിക്കുന്നിടവും, കടന്നുപോകുന്ന സാഹചര്യവും സ്വർഗ്ഗതുല്യമാക്കി ആത്മധ്യാനത്തിലും, ആരാധനയിലും, സ്തുതിപ്പിലും ജീവിതം ഒരു ആത്മീയ ആഘോഷമാക്കി അനുഗ്രഹപ്രദമാക്കി ശുഭാപ്തി വിശ്വാസത്തോടും, യാതൊരു ടെൻഷനുമില്ലാതെ ക്ഷമയോടെ, ശ്രദ്ധയോടെ ദൈവം വിടുവിക്കുമെന്ന വിശ്വാസത്തിൽ കാത്തിരിക്കും. അപ്പോസ്തോലർ രാത്രി കാലത്തിൽ കാരാഗ്രഹത്തിൽ കിടന്ന് ആരാധിച്ചപ്പോൾ കാരാഗ്രഹവാതിൽ തനിയെ തുറന്ന് ചങ്ങല പൊട്ടി ബന്ധിതർ മോചിതരായതുപോലെ ദൈവമക്കൾ ഏതു പ്രതികൂല സാഹചര്യങ്ങളിലും വിജയം നേടും. അങ്ങനെയല്ലാത്തവർ സാഹചര്യങ്ങളെ പഴിച്ച് പ്രതികൂലങ്ങളെ ശപിച്ച് ഉത്കണ്ഠയും വിഷാദവും നിറഞ്ഞവരായി ജീവിതം നരക തുല്യമാക്കും.

സ്വന്തം കാര്യങ്ങൾ ശ്രദ്ധിക്കാതെ, സ്വയം മറന്നു മറ്റുള്ളവരെ സ്നേഹിക്കുവാനും ശുശ്രൂഷിക്കുവാനും ജീവിതം ബലിയാക്കി, വ്രതനിഷ്ഠയുമാക്കി ജീവിക്കുന്നവരുണ്ട്. മറ്റുള്ളവരുടെ കാര്യങ്ങൾ നോക്കി അവരുടെ

ക്ഷേമത്തിനും, നന്മയ്ക്കും, ഉയർച്ചയ്ക്കുമായി വിശ്രമമില്ലാതെ സേവനം ചെയ്തു തളരുമ്പോൾ ഒന്നോർക്കണം. ചുവരുണ്ടെങ്കിലെ ചിത്രം വരയ്ക്കുവാനാകൂ. 'ഞാൻ' എന്ന വ്യക്തി ആരോഗ്യത്തോടെ നിലനിന്നാലെ ലോകത്തിനു എന്നെ കൊണ്ട് എന്നും പ്രയോജനം ഉണ്ടാവുകയുള്ളൂ. സ്വയം സ്നേഹിക്കുന്നത് സ്വാർത്ഥതയോ ആഡംബരമോ ആർഭാടമോ അല്ല. ആത്മസ്നേഹവും ആരോഗ്യവുമുണ്ടെങ്കിലെ, ആരോഗ്യമുള്ള ഒരു സമൂഹത്തെ വാർത്തെടുക്കുവാൻ കഴിയുകയുള്ളൂ. ലോകം നന്നാക്കുവാനാഗ്രഹിക്കുന്നവർ ആദ്യം നന്നാക്കേണ്ടതും സംരക്ഷിക്കേണ്ടതും സ്വന്തം കുടുംബത്തെയും അവനവനെത്തന്നെയുമാണ്. എങ്കിലേ ലോകം ഒരു കുടുംബമായി മാറുകയുള്ളൂ.

മറ്റുള്ളവരെയും ദൈവത്തെയും സമസ്ത പ്രപഞ്ചത്തെയും തന്റെയുള്ളിൽ ഒന്നായി കണ്ട് ഏകാന്തമായി സ്ഥിരതയോടെ (നിശ്ചലം) മഹാ മൗനത്തിൽ സമസ്ത ലോകത്തിനും തനിക്കു തന്നെയും സുഖം ഭവിക്കട്ടെ എന്ന പ്രാർത്ഥനയുടെ ആത്മ തപസ്സിൽ സ്വയം വിശ്രമിച്ച് ഊർജ്ജം പാഴാക്കാതെ, സംഭരിച്ച്, 'സൗമ്യതയും സാവധാനതയുമുള്ള അക്ഷയ ഭൂഷണമായ മനസ്സിനെ' ആഭരണമാക്കി താനുൾപ്പെടുന്ന സകലത്തിനും സ്വസ്ഥതയനുഭവിച്ച് പോഷണവും, സേവനവും ചെയ്ത്, ചെയ്യുന്നു എന്ന ഭേദ ഭാരമില്ലാതെ, ഇടങ്കൈ ചെയ്യുന്നത് വലങ്കൈ അറിയാതെ (ആരുമറിയാതെ, അവനവൻ പോലുമറിയാതെ) ലാഘവമായി, സമാധാനപരമായി, ശാന്തമായി, നിഷ്കാമ കർമ്മ യോഗിയായി (പ്രതിഫലേച്ഛ കൂടാതെ കർമ്മം ചെയ്യുക) സ്വസ്ഥമായി 'ആത്മസ്നേഹി' വർത്തിക്കുന്നു.

ആത്മസ്നേഹം ആത്മ സംതൃപ്തിയാണ്, മഹാബോധമാണ്, ആത്മീയ ഊർജ്ജമാണ്, ആത്മ വിശ്വാസവുമാണ്. ●

# 'ഞങ്ങൾക്ക് ശ്വാസം മുട്ടുന്നു'

ഫാ. ബോബി ജോസ് കട്ടികാട്

ലോകത്തിന് ശ്വാസം മുട്ടുന്ന കാലമാണിത്; ജോർജ് ഫ്ളോയിഡിന്റെ നിലവിളിപോലെ, "I can't breathe, sir". കോവിഡ് ബാധിച്ച് അകാലത്തിൽ അരങ്ങു വിടേണ്ടിവന്ന പതിനായിരക്കണക്കിന് മനുഷ്യരുടെ അവസാനമൊഴിയും അതായിരുന്നു, 'ഞങ്ങൾക്ക് ശ്വാസം മുട്ടുന്നു.' ഭൂമി എന്ന പൊതുഭവനത്തിന് ശ്വാസം മുട്ടുന്നു എന്നോർമ്മിപ്പിക്കാനാണ് ഇന്നത്തെ ദിനം. ഒയിക്കോസ് – Oikos – എന്ന ഗ്രീക്ക് പദത്തിൽ നിന്നാണ് ഇക്കോളജി രൂപപ്പെടുന്നത്; ഇക്കണോമിക്സും അങ്ങനെതന്നെ. വീട്ടുകാര്യങ്ങളെന്ന് സൂചിതം. കുറേക്കൂടി ഈ വീടിനെ ശ്രദ്ധിക്കാനുണ്ടെന്നാണ് നമ്മളോട് പറയുന്നത്. ഭൂമി ഇഷ്ടമുള്ളതുപോലെ ചെലവഴിക്കാൻ നമുക്ക് ലഭിച്ച പൈതൃകസ്വത്തൊന്നുമല്ല; വരാനിരിക്കുന്ന തലമുറകളിൽ നിന്ന് നമ്മൾ പാട്ടത്തിനെടുത്തതാണ്. ലഭിച്ചതിനേക്കാൾ ഭേദപ്പെട്ട ഇടമായി അത് കൈമാറേണ്ട ബാദ്ധ്യതയുണ്ടുതാനും.

യേശു പറഞ്ഞ മടങ്ങിവന്ന മകന്റെ കഥയിൽ അവനോട് അനിഷ്ടം പുലർത്തുന്ന ജ്യേഷ്ഠനോട് അപ്പൻ പറയുന്ന ഒരു വാക്കുണ്ട്, "എനിക്കുള്ളതെല്ലാം നിനക്കാണ്." ഈ കാണുന്നതൊക്കെ അബ്ബാ എന്ന് നിങ്ങൾ വിളിക്കാൻ ധൈര്യപ്പെടുന്ന ഈശ്വരന്റേതാണെങ്കിൽ ഇതൊക്കെ എന്റെ കൂടി ധനമാണെന്ന് തിരിച്ചറിയുമ്പോഴാണ് പാരിസ്ഥിതികബോധത്തിന്റെ ആത്മീയത മുള പൊട്ടുന്നത്. ഈ ഋതുക്കൾ എന്റേതാണ്, ഈ പുലരിമഴ എന്റേതാണ്, ഈ കിളികളും പൂക്കളും പുഴകളും മലകളുമൊക്കെ എന്റേതാണ്. ആ അർത്ഥത്തിൽ ഭൂമിയിലേക്കുവച്ച് ഏറ്റവും ധനികനായ മനുഷ്യനായി ഞാൻ രൂപപ്പെടുന്നു. വളച്ചുകെട്ടിയ മണ്ണും പാർക്കുന്ന വീടും മാത്രമാണ് തങ്ങളുടേതെന്ന് തെറ്റിദ്ധരിച്ചവരാണ് ഭൂമിയിലേക്ക് ഏറ്റവും ദരിദ്രരായ മനുഷ്യർ. പാവങ്ങളുടെ ജീവിതം എത്ര ബുദ്ധിമുട്ടുള്ളതാണെന്ന് പറയാതെ പഠിപ്പിക്കാൻ ധനികനായ ഒരു അപ്പൻ മകനെ ഒരു വില്ലേജ് എക്സ്പോഷറിന് അയച്ച കഥയുണ്ട്. മടങ്ങിവന്ന മകൻ പറഞ്ഞത് ഇങ്ങനെയൊക്കെയാണ്: "കാര്യം ശരിയാണ്, നമുക്ക് കുളിക്കുവാൻ ഒരു കുളിത്തൊട്ടിയൊക്കെയുണ്ട്. പക്ഷേ നോക്കണം, അവർക്കുള്ളത് പുഴകളാണ്. നമ്മുടെ തീന്മേശയിൽ ഒരു തളിക നിറയെ പഴങ്ങളേയുള്ളൂ. പക്ഷേ, എത്രയൊക്കെ പഴങ്ങളാണ് അവർക്കുള്ളത്; പുഴയോരത്തെ പൂച്ചപ്പഴം തൊട്ട്..." ഒക്കെ നമ്മുടേതാണ്.

യേശുവിന്റെ പ്രലോഭനകഥയെ പരിസ്ഥിതിയുമായി ബന്ധപ്പെടുത്തി വായിച്ചെടുക്കുന്ന രീതിയുണ്ട്. എല്ലാത്തിനും അതിന്റെ നേരം കൊടുക്കാനും കുറുക്കുവഴികളില്ലാതെ സ്വാഭാവികമായി കാത്തിരിക്കാനുമുള്ള സൂചനയുണ്ട് അവൻ അഭിമുഖീകരിച്ച ആദ്യപ്രലോഭനത്തിൽ. കല്ല് അപ്പമാക്കുകയെന്നുള്ളതായിരുന്നല്ലോ അത്. ഇൻസ്റ്റന്റ് സമൃദ്ധികളേക്കുറിച്ചുള്ള സങ്കല്പമാണ് ഭൂമിയെ സ്നേഹിക്കുന്നവർ സദാ പ്രതിരോധിക്കേണ്ടത്. മറ്റൊന്ന് പള്ളിയുടെ മുഖപ്പിൽ നിന്ന് താഴേക്ക് ചാടാനുള്ള ചലഞ്ചാണ്. നിന്നെ മാലാഖമാർ കാത്തുകൊള്ളുമെന്നാണ് ചെകുത്താൻ വേദമോതുന്നത്. ലളിതമായ ജീവിതനിയമങ്ങൾ ലംഘിച്ചിട്ട് 'ദൈവം സംരക്ഷിക്കും' എന്ന തെറ്റിദ്ധാരണയാണ് യേശു തട്ടി മാറ്റുന്നത്. അതുവഴി പ്രകൃതിനിയമം തന്നെയാണ് ദൈവനിയമമെന്ന് അടിവരയിട്ടു. ഭൂമിയുടെ ആഡംബരങ്ങളെല്ലാം കാട്ടി അതെല്ലാം നിനക്ക് സമ്മാനിക്കാമെന്നാണ് ഒടുവിലത്തേത്. അതിനെതിരെ മുഖം വെട്ടിത്തിരിച്ചാണ് മരുഭൂമിയിലെ പ്രലോഭനവർത്തമാനം അവസാനിക്കുന്നത്. എന്തെങ്കിലും ഒരു സൗകര്യത്തെ വേണ്ടായെന്ന് വയ്ക്കുവാൻ ധൈര്യമില്ലാത്തവർ ഭൂമിയുടെ കിഞ്ചനവർത്തമാനങ്ങളിൽ ഏർപ്പെടരുത്. കുറഞ്ഞപക്ഷം നഗരത്തിലേക്കുള്ള പൊതുഗതാഗതത്തെ ഉപയോഗപ്പെടുത്തുകയെങ്കിലും ചെയ്യേണ്ട ബാദ്ധ്യതയില്ലേ?

ഭൂമിയുടെ ശ്വാസകോശം വനം തന്നെ. നമുക്ക് റിലേറ്റ് ചെയ്യാവുന്ന ഏറ്റവും സരളവും ഋജുവുമായ മാർഗ്ഗം അതിനെ ശ്രദ്ധിക്കുകയെന്നതാണ്. 'മിയാവാക്കി വനം' എന്നൊരു സന്തോഷവർത്തമാനം പലയിടങ്ങളിൽ നിന്നും കേൾക്കുന്നു. ഒരു വീട് വയ്ക്കുമ്പോൾ തോട്ടം നിർമ്മിക്കുന്നതിനേക്കാൾ നല്ലത് ഒന്നോ രണ്ടോ സെന്റ് സ്ഥലത്ത് ചെറിയൊരു വനം രൂപപ്പെടുത്തുകയാണ്. അതിന്റെ കൂടുതൽ കൗതുകങ്ങൾ ഗൂഗിൾ ചെയ്ത് മനസ്സിലാക്കിയാൽ നല്ലതായിരിക്കും. കുറച്ച് സ്നേഹിതന്മാർ അത്തരത്തിലൊന്ന് കൊച്ചിയിലെ മുളവുകാടിൽ രൂപപ്പെടുത്താനുള്ള തൂമ്പാപ്പണ്ണി തുടങ്ങിയിട്ടുണ്ട്. കൂടെക്കൂടാൻ താല്പര്യമുള്ളവർക്ക് അവരിൽ ചിലരെ വിളിച്ച് വിശേഷങ്ങൾ തിരക്കാവുന്നതാണ്. ഭൂമി കുറേക്കൂടി ഭേദപ്പെട്ട ഇടമായി മാറുന്നുണ്ടെന്നാണ് പൊതുവേ നല്ലതല്ലാത്ത ഈ കാലത്ത് നമ്മൾ കേട്ടുകൊണ്ടിരിക്കുന്ന ഏക സുവിശേഷം. ●



# ഡോ. വർഗ്ഗീസ് കുര്യൻ ഇൻഡ്യയുടെ പാൽക്കാരൻ

**എബി**

ഇൻഡ്യയിലെ ക്ഷീര വിപ്ലവത്തിന്റെ പിതാവാണ് മലയാളിയായ വർഗ്ഗീസ് കുര്യൻ. ക്ഷീരവ്യവസായത്തിൽ അത്ഭുതങ്ങൾ സൃഷ്ടിച്ച അതുല്യപ്രതിഭയാണ് അദ്ദേഹം. പാൽ ഉല്പാദനത്തിൽ പിന്നോക്കം നിന്നിരുന്ന ഇൻഡ്യയെ ലോകത്തെ മുൻനിര പാൽ ഉൽപ്പാദക രാജ്യമായി മാറ്റിയ മുന്നേറ്റമാണ് ധവളവിപ്ലവം എന്ന പേരിൽ അറിയപ്പെടുന്നത്. ഡോ. വർഗ്ഗീസ് കുര്യനാണ് അതിന് നേതൃത്വം നൽകിയത്. ഡെയറി സയൻസിനോട് താല്പര്യമില്ലാതിരുന്ന ഒരു മെക്കാനിക്കൽ എൻജിനിയറാണ് ഈ മേഖലയിലെ അനിഷേധ്യ നേതൃത്വമായി മാറിയെന്നുള്ളത് മറ്റൊരു അത്ഭുതപ്രതിഭാസം. പശുവിനെ വളർത്തിയും പാലു വിറ്റും ഉപജീവനം നടത്തിയിരുന്ന ഗുജറാത്തിലെ ഗ്രാമീണ ജനതയെ സഹകരണ പ്രസ്ഥാനത്തിലൂടെ കൈപിടിച്ചുയർത്തിയ മഹാവ്യക്തിത്വമാണ് വർഗ്ഗീസ് കുര്യൻ എന്ന മനുഷ്യസ്നേഹി.



1921 നവംബർ 26-ന് പുത്തൻപാറയ്ക്കൽ കുര്യൻ-ലിസി ദമ്പതിമാരുടെ മകനായി കോഴിക്കോട്ടെ ഒരു സിറിയൻ ക്രിസ്ത്യൻ കുടുംബത്തിൽ വർഗ്ഗീസ് കുര്യൻ ജനിച്ചു. സിവിൽ സർജനായിരുന്ന പിതാവിന്റെ സ്ഥലം മാറ്റത്തിനനുസരിച്ച് സ്കൂളുകൾ മാറിമാറി പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി. മദ്രാസിലെ ലയോള കോളജിൽ നിന്ന് ഫിസിക്സിലും ഗിണ്ടി എൻജിനിയറിംഗ് കോളജിൽ നിന്ന് എൻജിനിയറിംഗിലും ബിരുദം നേടി. പിന്നീട് ജംഷഡ്പൂരിലെ ടാറ്റാ സ്റ്റീൽ കമ്പനിയിൽ പരിശീലനത്തിനായി ചേർന്നു. ഈ സമയത്താണ് വിദേശത്ത് ഉപരിപഠനത്തിനായുള്ള സർക്കാർ സ്കോളർഷിപ്പ് നേടിയത്.

അമേരിക്കയിലെത്തിയ വർഗ്ഗീസ് കുര്യൻ മിഷിഗൺ യൂണിവേഴ്സിറ്റിയിൽ മെറ്റലർജി മുഖ്യവിഷയമായും പഠിച്ച് ബിരുദാനന്തര ബിരുദം നേടി. അങ്ങനെയാണ് ഇഷ്ടമില്ലാതിരുന്നിട്ടും ദൈവനിയോഗംപോലെ ഡെയറി എൻജിനിയറിംഗ് പഠിക്കേണ്ടി വന്നത്.

പഠനശേഷം 1945-ൽ ഗുജറാത്തിലുള്ള ആനന്ദിൽ സർക്കാരിന്റെ ഡെയറി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ ഡെയറി എൻജിനിയറായി. ഇഷ്ടമുണ്ടായിട്ടല്ല സർക്കാർ സ്കോളർഷിപ്പ് വാങ്ങി പഠിച്ചതിനാൽ അത് നിർബന്ധമായിരുന്നു. ആയിടക്കാണ് അടുത്തുള്ള 'കെയ്ര കോ-ഓപ്പറേറ്റീവ് സൊസൈറ്റി' എന്ന ഡെയറിയുടെ ചെയർമാൻ ത്രിഭുവൻദാസ് പട്ടേലുമായി പരിചയപ്പെട്ടത്. അത് കുര്യന്റെ ജീവിതത്തിൽ വഴിത്തിരിവായി അദ്ദേഹം സർക്കാർ ജോലി രാജിവച്ചു.

സർക്കാർ ജോലി ഉപേക്ഷിച്ച കുര്യൻ കെയ്ര കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ ചേർന്നു. പരിഷ്കാരങ്ങൾ വരുത്തി ഡെയറി ലാഭത്തിലാക്കിയശേഷം നാട്ടിലേക്കു മടങ്ങാനായിരുന്നു കുര്യന്റെ ഉദ്ദേശം. പാവപ്പെട്ട ക്ഷീരകർഷകരുടെ ഉന്നമനത്തിനു വേണ്ടി അവിടെത്തന്നെ തുടരാൻ ത്രിഭുവൻദാസ് സ്നേഹപൂർവ്വം നിർബന്ധിച്ചപ്പോൾ വഴങ്ങി. അങ്ങനെ 1961 ൽ അദ്ദേഹം കെയ്ര കോ-ഓപ്പറേറ്റീവിന്റെ ആദ്യത്തെ ജനറൽ മാനേജരായി. കുര്യന്റെ ചുമതലയിൽ കൃത്യമായ ഭരണ സംവിധാനത്തോടെ മുന്നേറിയ സ്ഥാപനം വിജയപതാക പാറിച്ചു. 1965 ൽ Amul എന്ന (Anand Milk Union Ltd.) പേരിൽ പുതിയ പ്ലാന്റ് തുടങ്ങി. പിന്നീടുള്ളത് ചരിത്രം "Amul the taste of India" ഭാരതീയ ജീവിതത്തിന്റെ ഭാഗമായി മാറി.

തന്റെ തൊഴിലാളികളെ എത്രമാത്രം ശ്രദ്ധയും കരുതലും കൊടുത്ത് കുര്യൻ സ്നേഹിച്ചിരുന്നു എന്ന് തെളിയിക്കുന്ന രണ്ടു സംഭവങ്ങൾ കൂടി പറയട്ടെ. ഒരിക്കൽ പ്ലാന്റിൽ ഉണ്ടായ അപകടത്തിൽ മേൽക്കൂര തകർന്നു വീണു. ഉടൻ തന്നെ ബുൾഡോസർ കൊണ്ടുവന്ന് ബീം വലിച്ചുമാറ്റാൻ മെക്കാനിക്കിനോട് പറഞ്ഞപ്പോൾ അതു കൂടുതൽ അപകടകരമാകുമെന്നു പറഞ്ഞ് അയാൾ ഒഴിഞ്ഞുമാറി. കുര്യൻ ഉടൻ തന്നെ അയാളെ ഇറക്കിയിട്ട് ബുൾഡോസറിൽ കയറി വേഗത്തിൽ ബീം വലിച്ചുമാറ്റി. താഴെ കുടുങ്ങിയ തൊഴിലാളികളെ രക്ഷിച്ചു.

ഒരു ദിവസം അപ്രതീക്ഷിതമായി കോൾഡ് സ്റ്റോറേജിൽ ചെന്നപ്പോൾ വൃദ്ധനായ ഒരു തൊഴിലാളി വലിയ പാൽ പാത്രം തുറന്ന് പാൽപാട ഊറ്റികുടിക്കുന്നതു കണ്ടു. പിടിക്കപ്പെട്ട തൊഴിലാളി പേടിച്ചു വിറച്ചു പോയി. കുര്യൻ പിറ്റേന്നു തന്നെ മാനേജരോടു നിർദ്ദേശിച്ചു. "ഡെയറിയിലെ ഓരോ തൊഴിലാളിക്കും ഒരു ഗ്ലാസ്സ് പാൽ വീതം നൽകുക. രാജ്യപുരോഗതിയിൽ വലിയൊരു മാറ്റത്തിന്റെ പങ്ക് വഹിക്കുന്ന ഈ തൊഴിലാളികൾ വിശന്നിരുന്നു കൂടാ".

അനേകം പുരസ്കാരങ്ങൾ കുര്യനെ തേടിയെത്തിയിട്ടുണ്ട്. മാഗ്സസെ അവാർഡ്, പത്മശ്രീ, പത്മഭൂഷൺ, ലോക ഭക്ഷ്യപുരസ്ക്കാരം എന്നിവ ചിലതു മാത്രം. വർഗ്ഗീസ് കുര്യനോടുള്ള ആദരസൂചകമായി അദ്ദേഹത്തിന്റെ ജന്മദിനമായ നവംബർ 26-ന് ദേശീയ ക്ഷീരദിനമായി ആചരിക്കുന്നു. അദ്ദേഹത്തിന്റെ ആത്മകഥയുടെ പേരാണ് "I too had a dream". കുര്യന്റെ ഭാര്യയുടെ പേര് മോളി കുര്യൻ. 1953 ൽ വിവാഹം കഴിഞ്ഞ അവർക്ക് ഒരു മകളുണ്ട് നിർമ്മല കുര്യൻ.

അമൂലിന്റെ വിജയം കണ്ട പ്രധാനമന്ത്രി ലാൽ ബഹദൂർ ശാസ്ത്രി സമാന രീതിയിലുള്ള ഡെയറികൾ രാജ്യത്തുടനീളം സ്ഥാപിക്കാനുള്ള ദൗത്യം കുര്യനെ ഏല്പിച്ചു. അങ്ങനെ ക്ഷീര വികസന ബോർഡ് 1965-ൽ രൂപം കൊണ്ടു. 1973-ൽ രൂപം നൽകിയ ഗുജറാത്ത് കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷന്റെയും ചെയർമാൻ കുര്യൻ തന്നെയായിരുന്നു.

സംഭവ ബഹുലമായ ഒരു ജീവിതത്തിനു ശേഷം 2012 സെപ്റ്റംബർ 9 ന് ഇൻഡ്യൻ ധവളവിപ്ലവത്തിന്റെ പിതാവ് അന്തരിച്ചു. മുജിലിഭായ് പട്ടേൽ യൂറോളജിക്കൽ ഹോസ്പിറ്റലിലായിരുന്നു അന്ത്യം. അന്ന് നരേന്ദ്ര മോദി പറഞ്ഞു: "Dr. Kurian was a man of one life-one mission. His demise will leave every speechless animal tearful".

നമുക്ക് ഒന്നാശ്വസിക്കാം. പാലും പാലുൽപ്പന്നങ്ങളും ഉള്ളടത്തോളം കാലം ഭാരതീയ ജനത ഈ പാൽക്കാരനെ മറക്കയില്ല.

# പഠനം എന്ന ജീവചൈതന്യം

**മീരാകൃഷ്ണ**

"The learning process involves a motive or drive, an attractive goal and a block to the attainment of the goal. All these are essential" (H. P. Smith)

പഠനമെന്നുള്ളത് ഒരു പ്രക്രിയയാണ്. അതൊരു ഉല്പ്പന്നമല്ല. തുടർ സ്വഭാവമുള്ള പ്രക്രിയയാണു പഠനം. വിദ്യാലയ കാലഘട്ടങ്ങളിൽ വിദ്യാവിനിമയത്തിൽ സർവ പ്രധാനമായ ഘടകം അദ്ധ്യാപകരാണ്. കുട്ടികൾ അനുകരണ സ്വഭാവമുള്ളവരാണ്. അദ്ധ്യാപകന്റെ നടപടികളും വേഷവിധാനങ്ങളും അഭിപ്രായങ്ങളും ഇഷ്ടാനിഷ്ടങ്ങളുമെല്ലാം വിദ്യാർത്ഥികളിൽ സംക്രമിച്ച് അവരുടെ സ്വഭാവത്തിന്റെ ഭാഗമായിത്തീരുന്നു. അതിനാൽ ഏറ്റവും ഉത്തമമായ സ്വഭാവഗുണത്തോടും വ്യക്തി വൈശിഷ്ട്യത്തോടും കൂടിയ ആളായിരിക്കണം ഗുരുനാഥൻ. കുട്ടികളുടെ വൈകാരിക സുരക്ഷിതത്വം ആണ് അവിടെ ഉറപ്പു വരുത്തേണ്ടത്. സത്യസന്ധത (Truthfulness)യും ആത്മാർത്ഥതയും (Earnestness) കഴിവും (ability) സ്വഭാവവും (Character) നിഷ്കപടതയും (Honest) അത്യുത്സാഹവും (Enthusiasm) വിവേചനശീലവും (Reasoning) ചേർന്നാണല്ലോ നല്ല അദ്ധ്യാപകർ (Teacher) ആകുന്നത്. Teacher എന്ന ഇംഗ്ലീഷ് പദത്തിലെ ഓരോ വർണ്ണവും അർത്ഥഭരിതമല്ലേ. വിദ്യാർത്ഥികളുടെ വ്യക്തിത്വ വികസനത്തിൽ വിദ്യാലയത്തിനു തന്നെ വളരെയധികം സ്വാധീനം ചെലുത്താനുള്ള കഴിവുണ്ട്. ഉത്തമ അദ്ധ്യാപകൻ വിദ്യാലയത്തിന്റെ ജീവനാഡിയാണ്. ഇന്നത്തെ വിദ്യാഭ്യാസ അന്തരീക്ഷത്തെക്കുറിച്ചോർക്കുമ്പോൾ ചില കാര്യങ്ങൾ സൂചിപ്പിക്കാതിരിക്കാൻ കഴിയുന്നില്ല.

മനുഷ്യന്റെ അടിസ്ഥാനാവശ്യം ഗോചരീയ സ്വത്വത്തിന്റെ (Phinominal sell) പരിരക്ഷണവും പ്രവർദ്ധനവുമാണെന്ന് കോംബസ്സ, സ്നിഗ് തുടങ്ങിയ മനശാസ്ത്രജ്ഞർ രേഖപ്പെടുത്തിയിട്ടുണ്ട്. അവരുടെ സിദ്ധാന്തങ്ങളിൽ ദൃശ്യപ്രപഞ്ചത്തിന്റെ അംശമെന്ന നിലയിൽ വീക്ഷിക്കപ്പെടുന്ന സ്വത്വത്തെയാണ് ഗോചരീയ സ്വത്വം എന്നു പറയുന്നത്. അത്യന്താപേക്ഷിതമായ ഒന്നിന്റെ അഭാവമാണ് ആവശ്യം. ആവശ്യങ്ങളെ അടിസ്ഥാനമാക്കിയാണ് മനുഷ്യന്റെ വ്യവഹാരങ്ങളെല്ലാം. മുതിർന്നവരെപ്പോലെ കുട്ടികൾക്കും ധാരാളം ആവശ്യങ്ങൾ ഉണ്ട്. കുട്ടികളുടെ മാനസികാവശ്യങ്ങൾ, സ്വാതന്ത്ര്യം, വിജയം, അംഗീകാരം, സ്നേഹം, സുരക്ഷിതത്വം എന്നിവയാണ്. സ്വാതന്ത്ര്യം എന്നു പറഞ്ഞാൽ തോന്നിയവാസം പ്രവർത്തിക്കുന്നതിനുള്ള സ്വാതന്ത്ര്യമല്ല മറിച്ച് നിയന്ത്രിത സ്വാതന്ത്ര്യമാണ് കരുതേണ്ടത്. കുട്ടികളെ സംബന്ധിച്ചിടത്തോളം പരാജയം അവർക്ക് അസഹനീയമാണ്. കുട്ടികളുടെ മാനസിക സംതൃപ്തിയാണ് അവരെ വിജയികളാക്കുന്നത്. അതുപോലെ മറ്റുള്ളവരുടെ അംഗീകാരം നേടുവാനും അവരാഗ്രഹിക്കുന്നു. നല്ല കാര്യങ്ങളിൽ അവരെ അംഗീകരിക്കുവാൻ അദ്ധ്യാപകരും രക്ഷകർത്താക്കളും തയ്യാറാവണം. കുട്ടികളോടുള്ള സ്നേഹം സ്പഷ്ടമായി പ്രകടിപ്പിക്കണം. സുരക്ഷിതത്വബോധമാണ് ഒരുവനെ കർമ്മോൻമുഖനാക്കുന്നത്. കുടുംബത്തിൽ നിന്നും വിദ്യാലയത്തിൽ നിന്നും അവനെ സ്നേഹം പഠിപ്പിക്കണം കൊടുക്കാനും വാങ്ങാനും.

ഇത്രയും സൂചിപ്പിച്ചതിനു കാരണം ഒരു മഹാവ്യാധിയുടെ വിഹ്വലതയിലാണ് പുതിയൊരു അദ്ധ്യയനവർഷം കടന്നു വന്നത്. പതിവുപോലെ വിദ്യാലയങ്ങൾ തുറന്നു പ്രവർത്തിക്കാൻ സാധ്യമാകാത്ത അവസ്ഥ. പുത്തനുടുപ്പുകളുടേയും പുതുപുസ്തകത്തിന്റേയും വർണ്ണക്കുടകളുടേയും മാസ്മരികലോകം മായക്കാഴ്ചയാകുന്നു. പകരം ശാസ്ത്രസാങ്കേതിക വിദ്യയുടെ പുരോഗതി മൂലം പുസ്തകത്താളുകളിലെ അറിവുകൾ വിളമ്പാൻ ചുമതലപ്പെടുത്തിയ പുതിയ അദ്ധ്യാപകർ ചാനലുകളിലൂടെ കടന്നുവരുന്നു. ഒരു പുത്തൻ പഠന സമ്പ്രദായം ഇവിടെ ഉടലെടുക്കുന്നു.

പല ഓൺലൈൻ ചാനലുകളും വിദ്യാഭ്യാസരംഗത്തെ കച്ചവടം ലക്ഷ്യമിടുന്നു. പക്ഷേ, ഒറ്റയ്ക്കായിരിക്കുമ്പോൾ ഒരു കുട്ടിയിൽ നിന്നുണ്ടാകുന്ന പ്രതികരണമല്ല സമൂഹത്തിൽ ഇടപെട്ട് അവൻ പ്രവർത്തിക്കുമ്പോഴുണ്ടാകുന്നത്. സമൂഹ മനഃശാസ്ത്രം വ്യക്തി മനഃശാസ്ത്രത്തിൽ നിന്നും ഭിന്നമാണ് എന്ന് പ്രസിദ്ധ ശാസ്ത്രജ്ഞർ പറഞ്ഞിട്ടുണ്ട്. അനുകമ്പ, അനുകരണം, സഹതാപം ഇവയെല്ലാം വിദ്യാലയങ്ങളിൽ ചെന്നുതന്നെ മനസ്സിലാക്കണം. അവിടെ ഒരു സമൂഹമാണ്. പല കുടുംബങ്ങളിൽ നിന്നു വന്ന കുട്ടികൾ, പല ആചാരങ്ങൾ ഉൾക്കൊണ്ടവർ എല്ലാം ഒത്തുചേർന്നയിടം മഹാവ്യാധികാലത്ത് ഓൺലൈൻ വിദ്യാഭ്യാസ രീതി തുടങ്ങിയെങ്കിലും വ്യാധിയുടെ ആദിയകലുമ്പോൾ വിദ്യാലയങ്ങൾ സജീവമാകട്ടെ എന്നാഗ്രഹിക്കുന്നു. കാരണം അപക്വമായ മനസ്സിൽ കിട്ടുന്ന പല ആധുനിക ജ്ഞാനങ്ങളും അത്യാപത്ത് വരുത്തുവാനിടയുണ്ട്. കമ്പ്യൂട്ടർ, മൊബൈൽ മുത



ലായവയിൽ കൂടിയുള്ള ഇന്റർനെറ്റിന്റെ ഉപയോഗം കുട്ടികളിൽ കഴിവതും എത്തിക്കാതിരിക്കുകയാണ് ഇന്നിന്റെ നന്മയ്ക്കുതകുന്നത്. പണ്ട് വിദ്യാഭ്യാസവും മതവും രണ്ടായിരുന്നില്ല. മതജീവിതത്തിന്റെ ഭാഗമായിരുന്നു വിദ്യാഭ്യാസം. മതം പഠിപ്പിച്ചാൽ ധർമ്മ ബോധവും നീതിശാസ്ത്ര ബോധവും ആത്മീയ അലങ്കാര ചമൽക്കാര മൂല്യങ്ങളും വ്യക്തിയിൽ വളരും. പള്ളികളും അമ്പലങ്ങളും മോസ്ക്കുകളും വിദ്യാഭ്യാസത്തിന്റെ നെടുംതൂണുകളായിരുന്നു. വിദ്യാർത്ഥികളിൽ സാമൂഹികമായി അഭികാമ്യമായ മൂല്യങ്ങൾ വളർത്തിയെടുക്കുക എന്നതായിരുന്നു ഈ പഠനാലയങ്ങളുടെ ലക്ഷ്യം.

നമ്മുടെ പൗരാണിക ഭാരതത്തിൽ ആത്മ സാക്ഷാത്കാരത്തിനുള്ള ഉപാധിയായിട്ടാണ് വിദ്യാഭ്യാസം പരിഗണിക്കപ്പെട്ടത്. ബുദ്ധകാലഘട്ടത്തിൽ ബുദ്ധവിഹാരങ്ങൾ (പള്ളികൾ) അവിടെ വിദ്യ അഭ്യസിച്ചിരുന്നു. ആത്മാവിന്റെ സ്വാതന്ത്ര്യമായിരുന്നു ലക്ഷ്യം. ഇസ്ലാമിക വിദ്യാഭ്യാസം ഖുർആനിലെ തത്വങ്ങൾക്കനുസരിച്ചായിരുന്നു. 11-ാം നൂറ്റാണ്ടിൽ മുഹമ്മദ് ഗസ്നിയാണ് ഇന്ത്യയിൽ മുസ്ലീം വിദ്യാലയങ്ങൾ സ്ഥാപിക്കാൻ ശ്രമിച്ചത്. മക്താബും മദ്രസയും അവരുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളായിരുന്നു.

നമ്മുടെ വിദ്യാഭ്യാസ രംഗത്ത് ക്രൈസ്തവ മിഷനറിമാർ ചെയ്ത സേവനം സ്തുത്യർഹമാണ്. 1813-ലെ ചാർട്ടർ നിയമം (charter act of 1813) പ്രകാരം ഒട്ടേറെ ഇന്ത്യൻ സംഘങ്ങൾ തങ്ങളുടെ സംസ്കാരവും നാഗരികതയും കാത്തുസൂക്ഷിക്കാൻ സ്വന്തമായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങി. അങ്ങനെ വിദ്യാഭ്യാസ വികസനം ഇവിടെ സംജാതമായി. മാനവ സംസ്കൃതിയുടെ പ്രാരംഭകാലം തൊട്ടുതന്നെ വിദ്യാഭ്യാസത്തിന്റെ പ്രധാനലക്ഷ്യം സ്വഭാവ രൂപവൽക്കരണമായിരുന്നു. വിവേകാനന്ദസ്വാമികൾ പറഞ്ഞത് ഒരു വായനശാല മുഴുവൻ കാണാതെ പഠിച്ച വ്യക്തിയേക്കാൾ ഏറ്റവും ഉദാത്തവും ദൈവികവുമായ ആശയങ്ങൾ കൊണ്ട് ജീവിതത്തിനും സ്വഭാവത്തിനും അടിത്തറ പാകിയ വ്യക്തി കൂടുതൽ സമ്പന്നനാണ് എന്നാണ്.

പഠനം ഒരിക്കലും അവസാനിക്കുന്നില്ല. ഒരു കുട്ടിയെ നിർബന്ധിക്കുകയും പ്രേരിപ്പിക്കുകയും ചെയ്യുന്ന ചലനാത്മക ശക്തിയാണ് ലക്ഷ്യം (motive) . ഒരു വ്യക്തിയുടെ ലക്ഷ്യത്തേയും ആവശ്യങ്ങളേയും തൃപ്തിപ്പെടുത്താൻ ശ്രദ്ധിക്കണം. മാറ്റങ്ങൾക്കനുസരണമായി സാക്ഷാത്ക്കരിക്കേണ്ടവയാണ് പുതിയ അറിവുകളും നൈപുണ്യങ്ങളും നേടുക എന്നത്. ഇതിനായുള്ള കഴിവ് ഉണ്ടാക്കിത്തരുന്നത് പഠനം എന്ന ജീവചൈതന്യമാണ്. ആ ചൈതന്യത്തിനെ പരിപോഷിപ്പിക്കാൻ വിദ്യാലയങ്ങൾ വഹിക്കുന്ന പങ്ക് വളരെ വലുതാണ് എന്നത് നാം മറക്കാതിരിക്കുക. ലക്ഷ്യബോധമില്ലാത്ത യുവത്വം ലോകനാശത്തിനു തന്നെ കാരണമായേക്കാം.

# ദിവ്യ ചൈതന്യം

**ശോശാമ്മ ജോസഫ്** പാട്ടാശ്ശേരിൽ, കുറിച്ചി

നിറമായി വരണേ, നിഴലായി വരണേ
നാഥനാം യേശുവേ
ആ ദിവ്യ ചൈതന്യം ഞങ്ങളിൽ എന്നും
നിറഞ്ഞു നിൽക്കേണമെ
എന്നും നിറഞ്ഞു നിൽക്കേണമെ
അലിവിന്റെ തണലേകി
കരുണതൻ കരം നീട്ടി
കാത്തരുളിടേണമേ എന്നും
കനിവിന്റെ കേതാരമേ (2)
അലയുന്ന മക്കൾക്ക് അഭയമേകി
ആശ്വസിപ്പിക്കുന്നു നാഥൻ (2)
പൊൻകരം നീട്ടി മാടി വിളിച്ച്
ചാരേ നിർത്തുന്നു നാഥൻ (2)
തെറ്റുകൾ എല്ലാം ക്ഷമിച്ചിടുന്നു
കുറവുകൾ എല്ലാം മാറ്റിടുന്നു
സ്നേഹത്തോടെ എന്നും നോക്കിടുന്നു
താതൻ തൻ മക്കൾക്കായ് പ്രാർത്ഥിക്കുന്നു.
പനിനീർ തളിച്ചു പനിമഞ്ഞ് പെയ്തു
ആശിർവദിച്ചീടുന്നു നാഥൻ ആശിർവദിച്ചിടുന്നു
തകരുകയില്ല തളർന്നുപോകില്ല
പത്രോസിൻ പാറയിൽ നിന്നും
വഴുതിപോകുമ്പോൾ കാക്കുന്ന നാഥൻ
വലിയ ഭുജത്താൽ താങ്ങിടുമേ
എന്നും വലിയ ഭുജത്താൽ താങ്ങിടുമേ
കഷ്ടത കഷ്ടപ്പാട് ഏറ്റുനാഥൻ
പാപികൾ നമ്മൾക്കായ് ക്രൂശിൽ ഏറി
ആ വലിയ ത്യാഗത്തേ ഓർത്തു നമ്മൾ
നാഥന്റെ പാദത്തിൽ ചേർന്നുനിൽക്കാം.




## വരനെ ആവശ്യമുണ്ട്

**M.360**

MA Literature, Sociology പാസ്സായി നാട്ടിൽ കൗൺസിലർ ആയി ജോലിചെയ്യുന്ന ക്നാനായ യുവതിയ്ക്ക് (26/155cms,) നല്ല വിദ്യാഭ്യാസമുള്ളവരും, ദൈവഭയമുള്ളവരുമായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. Ph: 9495320945
9446287741,
7994243244

**M.361**

Knanaya Parents invite proposals for their daughter (27/5'4) born and brought up in Kerala and presently doing Ph.D in USA. Seeking alliance from parents of qualified boys, preferably working in USA having Greencard/Citizenship.

Ph.9447072103

**M.361**

B.Sc Nursing കഴിഞ്ഞ് മൂന്നു വർഷമായി ജോലി ചെയ്യുന്ന ക്നാനായ യുവതിയ്ക്ക് (26/152 cms,) അനുയോജ്യരായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. (ഗവൺമെന്റ് ജോലിക്കാർക്ക് മുൻഗണന) Ph: 9446015655

**M.362**

B.Tech (CS) കഴിഞ്ഞ് കൊച്ചി Infopark ൽSoftware Engineer ആയി ജോലിചെയ്യുന്ന ക്നാനായ യുവതിയ്ക്ക് (25/152 cms,) അനുയോജ്യരായ ദൈവഭയമുള്ള ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph: 9747641608,
8156884277

## വധുവിനെ ആവശ്യമുണ്ട്

**M. 362**

+2, ITI കഴിഞ്ഞ് നാട്ടിൽ സ്വന്തമായി Electrical, Plumbing work കൾ കോൺട്രാക്ട് എടുത്ത് ചെയ്യുന്ന ക്നാനായ യുവാവ് (29/5'5" Gulf return) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. സാമ്പത്തികമോ വിദ്യാഭ്യാസമോ പ്രശ്നമല്ല. ദത്തുമാകാം.

Ph: 9447975995, 9495538353

പ്രിയ വായനക്കാരെ,

Covid 19 രോഗവ്യാപനം മൂലം ക്നാനായ ദീപത്തിന്റെ ഏപ്രിൽ, മെയ് ലക്കങ്ങൾ Printed Edition പുറത്തിറക്കുവാൻ സാധിച്ചില്ല. മാസികയുടെ ലക്കങ്ങൾ മുടങ്ങാതെ Online Edition ആയിട്ട് ഏപ്രിൽ, മെയ് ലക്കങ്ങൾ പുറത്തിറക്കിയിട്ടുണ്ട്. ക്നാനായദീപം മൊബൈൽ ആപ്പിലും, www.knanayadeepam.in ലും ഈ ലക്കങ്ങൾ വായിക്കാവുന്നതാണ്.

ലോകം മുഴുവൻ വ്യാപിച്ച കൊറോണാ രോഗ ഭീതിയിൽ ലോക്ഡൗൺ ആയിരുന്നതിൽ നിന്നും ഇളവുകളോടെ ലോകം ചലിച്ചു തുടങ്ങിയിരിക്കുന്നു. ഒത്തിരി നഷ്ടങ്ങൾ എല്ലാ മേഖലകളിലും ഉണ്ടായി. ആരാധനാലയങ്ങൾ അടച്ചിടപ്പെട്ടിരുന്നതിൽ നിന്നും ജൂൺ 8 മുതൽ തുറക്കുന്നതിലേയ്ക്ക് എത്തുന്നു.

രോഗം മാറിയിട്ടില്ല. സാമൂഹിക അകലം പാലിക്കുകയും ആരോഗ്യവകുപ്പിന്റെ നിർദ്ദേശങ്ങൾ പാലിക്കുകയും ചെയ്യുക. Covid 19 -ന്റെ പ്രയാസങ്ങളിൽ ആയിരുന്ന എല്ലാവരേയും, പ്രത്യേകിച്ച് നമ്മുടെ സഹോദരങ്ങൾ വിദേശത്തും, സ്വദേശത്തും ആയിരിക്കുന്നവരേയും ഓർത്ത് പ്രാർത്ഥിക്കാം. ആരോഗ്യമേഖലയിൽ പ്രവർത്തിക്കുന്നവരെയും ഓർത്തു പ്രാർത്ഥിക്കാം.

2020 ജൂൺ ലക്കം ക്നാനായദീപം മാസിക- പ്രിന്റഡ് എഡിഷൻ ജൂൺ 15-ന് RMS Post ചെയ്യുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. എന്നാൽ കേരളത്തിന് പുറത്തും വിദേശത്തും മാസിക അയയ്ക്കുവാൻ ഈ മാസം സാധിക്കില്ല. ക്നാനായ ദീപം മൊബൈൽ Android ലും IOS ലും ലഭ്യമാണ്. ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലേയ്ക്ക് ലഭിച്ചിരുന്ന പരസ്യങ്ങൾ ഈ ലക്കത്തിൽ ചേർത്തിട്ടുണ്ട്. എല്ലാവരെയും പ്രാർത്ഥനകളിൽ ഓർത്തുകൊണ്ട്,


**ഫാ. ജേക്കബ് കല്ലുകുളം**
മാനേജിംഗ് എഡിറ്റർ


## അറിയിപ്പ്

നമ്മുടെ സമുദായത്തിലെ പള്ളികളുടേയും അനുബന്ധ സ്ഥാപനങ്ങളുടേയും അച്ചടി ജോലികൾ (കളർ, ബ്ലായ്ക്ക് & വൈറ്റ്) നൽകി സമുദായത്തിന്റെ ഔദ്യോഗിക പ്രസ്സ് ആയ ക്ലീമ്മീസ് പ്രസ്സിന്റെ പ്രവർത്തനങ്ങളിൽ സഹകരിക്കുക


മാനേജർ
ക്ലീമ്മീസ് പ്രസ്സ്
ക്ലീമ്മീസ് സെന്റർ, ചിങ്ങവനം
Ph: 9605250791


**18 -ാം ചരമവാർഷികം**
**25 - 06 - 2020**



**ഫിലിപ്പ്കുട്ടി അലക്സ്**
**കാവുങ്കൽ**
**റാന്നി**
*സന്തപ്ത കുടുംബാംഗങ്ങൾ*

**11 -ാം ചരമവാർഷികം**
**09- 06 - 2020**




**ഷൈൻ ബിജു** (വാവച്ചി)
**പാറയിൽ**
**ആനത്തടം, റാന്നി**
*സന്തപ്ത കുടുംബാംഗങ്ങൾ*

*" നിന്റെ മഹത്വമുദിക്കുംനാൾ*
*നിൽക്കണമിവർ വലഭാഗത്തിൽ"*


**വേർപാടിന്റെ 23 -ാം വർഷം**

21-06-2020



**P. K. THOMAS**
**PAZHAYAPEEDIKAYIL**
**KALLISSERY**
**INSERTED BY: SORROWING FAMILY**
*മഡോണ മാർബിൾസ് & ഗ്രാനൈറ്റ്സ്*
**എം. സി. റോഡ്, പള്ളം, പാക്കിൽ പി. ഒ., കോട്ടയം**
Ph: 2362627 (Off) 0481 -2362628 (Fax)
0479 - 2426913 (Res)
**E:mail: madonamarblesandgranites@yahoo.in**


**12 – ാം ചരമവാർഷികം**
**02- 06- 2020**



**തോമാച്ചൻ**
**കളത്തിൽ**
**നീലംപേരൂർ**

*k ´ ]X I pSpw _ mwK § Ä*

**38 – ാം ചരമവാർഷികം**
**08- 06 - 2020**



**റ്റി. സി. ചാക്കോ (കുഞ്ഞച്ചൻ)**
**തൂമ്പുങ്കൽ**
**ചിങ്ങവനം**

*സന്തപ്ത കുടുംബാംഗങ്ങൾ*

**ഒന്നാം ചരമവാർഷികം**
**24- 05-2020**



**കുഞ്ഞമ്മ ഏബ്രഹാം**
**മേലേപറമ്പിൽ**
**പഴവങ്ങാടി, റാന്നി**

സന്തപ്ത കുടുംബാംഗങ്ങൾ

**14 – ാം ചരമവാർഷികം**
**04 -07 -2020**

**06 – ാം ചരമവാർഷികം**
**02 -06-2020**





**T .M. Mathew**

**Lizzykutty Mathew**

**Theverkuzhy**
**Jagathy, Trivandrum**

*സന്തപ്ത കുടുംബാംഗങ്ങൾ*

## ഒന്നാം ചരമവാർഷികം
**29- 06-2020**



## സി.എ. തോമസ്
**ചിറയിൽ മാക്കോന്തറ**
**ചാന്നാനിക്കാട്**

ഭാര്യ : കുഞ്ഞുമോൾ തോമസ്
മക്കൾ, മരുമക്കൾ,കൊച്ചുമക്കൾ

*" നിന്റെ മഹത്വമുദിക്കുംനാൾ*
*നിൽക്കണമിവൻ വലഭാഗത്തിൽ"*
*സന്തപ്തകുടുംബാംഗങ്ങൾ*

## 40 – ാം ചരമദിനം
**21- 06-2020**



## ശോശാമ്മ മാത്യു
**മാലത്തുശ്ശേരിൽ**
**ചിങ്ങവനം**

"I cpW \nd ª hs\ ]p\cp ° m\ ¯ nÂ
\n¶psS krjSnsb \o ]pXpXm¡oSWsa"
*സന്തപ്തകുടുംബാംഗങ്ങൾ*

**02 – ാം ചരമവാർഷികം**
**27 -06 -2020**

**10 – ാം ചരമവാർഷികം**
**24 -05 -2020**



**E.O. Punnoose**
**(George)**

**Achamma Punnoose**

**Elampallil**
**Thiruvanvandoor**

amtamZo ksb \nt¡ mÀ ¯ mÂ þap§msXmcp \uI
\mYm! \n³ Ir] ImWWtaþ Rm\p°m\¯nÂ


## 9 – ാം ചരമവാർഷികം
**14- 05-2020**



## തോമസ് ഇട്ടി (കുഞ്ഞൂഞ്ഞുകുട്ടി)
**കൊച്ചുപറമ്പിൽ**
**ചിങ്ങവനം**

*" നിന്റെ മഹത്വമുദിക്കുംനാൾ*
*നിൽക്കണമിവൻ വലഭാഗത്തിൽ"*
*സന്തപ്തകുടുംബാംഗങ്ങൾ*

**27 – ാം ചരമവാർഷികം**
**22- 6 -2020**




## വി. ഒ. ജോസഫ്

**വെളുത്തേടത്ത്  മാവേലിൽ**
**ചിങ്ങവനം**

**ദുഖാർത്തരായ കുടുംബാംഗങ്ങൾ**

**12 – ാം ചരമവാർഷികം**
**5- 6- 2020**

**04 – ാം ചരമവാർഷികം**
**24- 5- 2020**






**റ്റി. സി. ഇട്ടിയവര (ജോയി)**

**ശോശാമ്മ ജോയി**

**തൈക്കുറിഞ്ഞിയിൽ തോപ്പിൽ**
**തിരുവൻവണ്ടൂർ**

*നിന്റെ മഹത്വമുദിക്കുംനാൾ*
*നിൽക്കണമിവർ വലഭാഗത്തിൽ*
*സന്തപ്തകുടുംബാംഗങ്ങൾ*

**13 – ാം ചരമവാർഷികം**
**03- 06- 2020**



## മാത്തുകുട്ടി

**തേക്കുംമൂട്ടിൽ, വള്ളംകുളം**

*" നിന്റെ മഹത്വമുദിക്കുംനാൾ*
*നിൽക്കണമിവൻ വലഭാഗത്തിൽ"*
*സന്തപ്തകുടുംബാംഗങ്ങൾ*

**18 – ാം ചരമവാർഷികം**
**21- 04 - 2020**



## പി.യു. ജോസ്

**പാലക്കുടിയിൽ**
**ചിങ്ങവനം**

*സന്തപ്ത കുടുംബാംഗങ്ങൾ*

**33rd YEAR OF DEMISE**

**3 - 6 - 2020**



**P. A. JOSEPH**

**PALLIYAMBIL**

**KUTTOOR, THIRUVALLA**

**Sorrowing family**

**02 – ാം ചരമവാർഷികം**

**32- 05- 2020**



**അമ്മിണി മാമ്മൻ**

**കുറ്റിക്കാട്ടിൽ, മഴുക്കീർ**

*കരുണ നിറഞ്ഞവനെ പുനരുത്ഥാനത്തിൽ*
*നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ*

*സന്തപ്തകുടുംബാംഗങ്ങൾ*

**7 – ാം ചരമവാർഷികം**

**25-04-2020**



**എം. സി. മാത്യു**
**(മാത്തുക്കുട്ടി)**
**മാലത്തുശ്ശേരിൽ**
**ചിങ്ങവനം**

*സന്തപ്ത കുടുംബാംഗങ്ങൾ*

**15 – ാം ചരമവാർഷികം**

**12-05-2020**



**ലിസ്സി ഏബ്രഹാം**
**പള്ളിയമ്പിൽ**
**കാവുംഭാഗം, തിരുവല്ല**

*സന്തപ്ത കുടുംബാംഗങ്ങൾ*

**11 – ാം ചരമവാർഷികം**

**21-04-2020**



**എം. റ്റി. ജോസ്**
**പുത്തൻപറമ്പിൽ**
(കുന്നംകേരി)
**ചിങ്ങവനം**

*സന്തപ്ത കുടുംബാംഗങ്ങൾ*

**33 – ാം ചരമവാർഷികം**

**22- 06 - 2020**



**തങ്കമ്മ തോമസ്**
**ചെറുവട്ടയ്ക്കാട്ട്**
**ഐത്തല, റാന്നി**

*സന്തപ്ത കുടുംബാംഗങ്ങൾ*

*നല്ല പോർ പൊരുതി, ഓട്ടം തികച്ചു വിശ്വാസം കാത്തു*
*നീതിയുടെ കിരീടം എനിക്കായ് ഒരുക്കിവച്ചിരിക്കുന്നു.*

## 40 – ാം ചരമദിനം

15 – 05 – 2020



### സെനി ചാക്കോ

**കണ്ടല്ലൂമണ്ണിൽ, ഇരവിപേരൂർ**


ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള
പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

Advt -R

## 40th Day of Remembrance

21 – 05 – 2020



### C A George

**Chirayil**

6th May 1933 - 11th April 2020

Those who walk uprightly enter into peace;
they find rest as they lie in death.
(Isaiah 57 2)

Advt -O

## 35th year of Rememberance

21 – 02 – 1985



### T. Thomas Rajan

## 40th day of demise

27 – 03 – 2020



### Achamma Thomas (Pennamma Rajan)

**Thamarappaly, Aythala, Ranny**

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ"

Advt -O

## 4th Death Anniversary

26 – 06 – 2020



## P. A. Andrews (Kunjumon)

**Panthrandamkuzhi (Vakathanam)**

**Tripunithura**

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ "

By Sorrowing Family

Advt -O

## 13 – ാം ചരമവാർഷികം

9 – 5 – 2020

## 25 – ാം ചരമവാർഷികം

4 – 8 – 2020



## കെ. റ്റി. ജോസഫ്     ചിന്നമ്മ ജോസഫ്

**കണ്ണന്താനത്ത്, റാന്നി, വടശ്ശേരിക്കര**

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - S

## 13 – ാം ചരമ വാർഷികം

20 – 06 – 2020



## കെ. സി. ജോസഫ് (പാപ്പച്ചൻ)

**കോയിക്കൽ പുതുവേലിൽ**

**അങ്ങാടി, റാന്നി**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - S

## 2nd Death Anniversary

28- 06-2020



## T. T. Chacko

**Thekumthara (H) Kalamassery**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

ഭാര്യ – മേരിക്കുട്ടി ചാക്കോ
മക്കൾ – റെജി ജേക്കബ്, സജി ജേക്കബ്, ബെജി ജേക്കബ്, മഞ്ജു ജേക്കബ്
മരുമക്കൾ – സൂസൻ റെജി, ഷീല സജി, മിനി ബെജി, ജോസി ആലപ്പാട്ട്

Advt - S

# 10th Death Anniversary

04-06-2020



# Commander Bar Eto Mhaimno

# Dr. P. A. Jacob (Babu)

**Panachayil House, West Othera, Thiruvalla**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ"

Advt - S

**POABS GROUP**

17 – ാം ചരമവാർഷികം
29 – 03 – 2020

5 – ാം ചരമവാർഷികം
22 – 06 – 2020



അച്ചാമ്മ ലൂക്കോസ്

ഇ. റ്റി. ലൂക്കോസ്

ഇടവഴിക്കൽ, ചിങ്ങവനം

സന്തപ്ത കുടുംബാംഗങ്ങൾ



1 – ാം ചരമവാർഷികം
15 – 05 – 2020


**Capt. K.M. PHILIP**
**(Retd. Capt.)**

പടിഞ്ഞാറേ മുറിയിൽ,
ഐത്തല
റാന്നി

മരിക്കാത്ത ഓർമ്മകളുമായി നിത്യതയിൽ
കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

**25 –ാം ചരമവാർഷികം**
**14 - 04 - 2020**



## തോമസ് കുറിയാക്കോസ്

**മണലേൽചിറയിൽ**

**ചെങ്ങളം**

*നിന്റെ മഹത്വമുദിക്കുംനാൾ നിൽക്കണമിവൻ വലഭാഗത്തിൽ”*

*സന്തപ്ത കുടുംബാംഗങ്ങൾ*

**03 –ാം ചരമവാർഷികം**
**12- 06- 2020**



## എൻ. ഐ. കുര്യൻ


**നെടുന്തറ താഴ്ചയിൽ**

**കുറ്റൂർ, തിരുവല്ല**

“I cpW \nd ª hs\ ]p\cp° m\ ¯nÂ
\n¶psS krjSnsb \o ]pXpXm¡oSWsa”

*സന്തപ്തകുടുംബാംഗങ്ങൾ*

**വേർപാടിന്റെ 40 വർഷം**
**24-11-2020**




## എം. ഐ. ജോസഫ്

**(ഉപ്പായി സാർ)**

**മണിമലേത്ത്, റാന്നി**

**വേർപാടിന്റെ 20 വർഷം**
**19-04-2020**



## അന്നമ്മ ജോസഫ്

**മണിമലേത്ത്, റാന്നി**

സന്തപ്ത കുടുംബാംഗങ്ങൾ


**1-ാം ചരമവാർഷികം**
**09-04-2020**



**മറിയാമ്മ ഉതുപ്പാൻ**
**മൂഴിപ്പാറ**
**കുഴിമറ്റം**

സന്തപ്ത കുടുംബാംഗങ്ങൾ


**40-ാം ചരമദിനം**
**29-03-2020**



**ജേക്കബ് ജോൺ (77)**
(കുഞ്ഞുഞ്ഞൂകുട്ടി)
**പ്ലാന്തോട്ടത്തിൽ**
**പരുത്തുംപാറ**

സന്തപ്ത കുടുംബാംഗങ്ങൾ


**40-ാം ചരമദിനം**
**05-04-2020**



**വി. സി. ചാക്കോ** (പാപ്പച്ചൻ)
**വലിയപറമ്പിൽ**
**കുറിച്ചി**

*" നിന്റെ മഹത്വമുദിക്കുംനാൾ*
*നിൽക്കണമിവൻ വലഭാഗത്തിൽ"*
*സന്തപ്ത കുടുംബാംഗങ്ങൾ*

**42 – ാം ചരമവാർഷികം**
**16 - 04 - 2020**




**സി. യു. ജോൺ** (ബേബി)
**ചിറയിൽപീടിക**
**ജോയിഹോം, തേക്കടി**

*സന്തപ്ത കുടുംബാംഗങ്ങൾ*

**Jungle Park Resorts**
**Kripa Restaurant**
**Lake Road, Thekkady**

**1-ാം ചരമവാർഷികം**
**26-03-2020**



**ഡോ. പി. സി. തോമസ്**
**പാലക്കുടിതോപ്പിൽ**
**ചിങ്ങവനം**

*സന്തപ്ത കുടുംബാംഗങ്ങൾ*

**25 – ാം ചരമവാർഷികം** 27- 04 - 2020
**35 – ാം ചരമവാർഷികം** 30- 06 - 2020



**ചാക്കോ ഏബ്രഹാം** **ഏലിയാമ്മ ഏബ്രഹാം**

**പാറപ്പുഴകുന്നിൽ**
**കവിയൂർ**


*" നിന്റെ മഹത്വമുദിക്കുംനാൾ*
*നിൽക്കണമിവർ വലഭാഗത്തിൽ"*
*മക്കൾ, കൊച്ചുമക്കൾ, കുഞ്ഞുമക്കൾ*

**47 – ാം ചരമവാർഷികം**
**12- 04- 2020**



**സുബേദാർ കെ.സി. ജോർജ്**

**07 – ാം ചരമവാർഷികം**
**05- 06- 2020**




**മറിയാമ്മ ജോർജ്**

**കങ്ങഴ, മഴുക്കീർ**

*" നിന്റെ മഹത്വമുദിക്കുംനാൾ നിൽക്കണമിവർ വലഭാഗത്തിൽ"*
*സന്തപ്തകുടുംബാംഗങ്ങൾ*


**18 –ാം ചരമവാർഷികം**
**14- 06- 2020**



**പി. പി. ഏബ്രഹാം** (കുഞ്ഞവറാച്ചൻ)
**പുല്ലമ്പള്ളിൽ, റാന്നി**

*" നിന്റെ മഹത്വമുദിക്കുംനാൾ*
*നിൽക്കണമിവൻ വലഭാഗത്തിൽ"*
*സന്തപ്തകുടുംബാംഗങ്ങൾ*

**1-ാം ചരമവാർഷികം**
**29-04-2020**



**ഇട്ടി ഏബ്രഹാം**
**തുരുത്തിക്കോണത്ത്**
**വള്ളംകുളം, തിരുവല്ല**


*സ്നേഹിച്ചു കൊതിതീരുംമുമ്പേ ഞങ്ങളിൽനിന്ന്*
*വേർപ്പെട്ടുപോയ ഞങ്ങളുടെ അപ്പന്*
*സന്തപ്ത കുടുംബാംഗങ്ങൾ*

**10th Death Anniversary**
**02-04-2020**



**Abraham K. M.**
**Karugayil House**
**Mannar**
**Sorrowing Family**


**19 –ാം ചരമവാർഷികം**
**25 - 04 - 2020**



**കെ. ടി. സഖറിയ**
(Rtd. Health Inspector)
**കുന്നിരിക്കൽ, റാന്നി**

*" നിന്റെ മഹത്വമുദിക്കുംനാൾ*
*നിൽക്കണമിവൻ വലഭാഗത്തിൽ"*
*സന്തപ്ത കുടുംബാംഗങ്ങൾ*

**16 – ാം ചരമവാർഷികം**
**27- 06- 2020**




## പി.സി. തോമസ് (തോമ്മാച്ചൻ)
**വളഞ്ഞൻതുരുത്തിൽ**
**റാന്നി**

*കരുണ നിറഞ്ഞവനെ പുനരുത്ഥാനത്തിൽ*
*നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ*

*k ´ ]X I pSw_ mwK § Ä*

**16 – ാം ചരമവാർഷികം**
**12 - 04 - 2020**



## വി. കെ. സെഫനി
**വൈക്കത്തുശ്ശേരിൽ**
**മാമ്പുഴക്കരി, (വെണ്ണിക്കുളം)**

*“ നിന്റെ മഹത്വമുദിക്കുംനാൾ*
*നിൽക്കണമിവൻ വലഭാഗത്തിൽ”*
*സന്തപ്ത കുടുംബാംഗങ്ങൾ*

**19 – ാം ചരമവാർഷികം**
**12 - 04 - 2020**



## K. O. Zachariah
**Kavumkal**
**Nellickamon, Ranni**
**Sorrowing Family**

**8 – ാം ചരമവാർഷികം**
**17- 04 - 2020**





## K. M. Raju
**Kuttikattil**
**Mazhukeer, Kallissery**

“ I cpW \nd ª hs\ ]p\cp° m\ ¯ nÂ
\n¶ psS krj Snsb \o ]pXpXm¡ oSWsa”
*k ´ ]X I pSw_ mwK § Ä*

**22 – ാം ചരമവാർഷികം**
**03 - 05- 2020**

**9 – ാം ചരമവാർഷികം**
**04- 04 - 2020**





**എം. സി. ചാക്കോ** **ചിന്നമ്മ ചാക്കോ**

**മേപ്പുറത്ത്**
**മുണ്ടപ്പുഴ, റാന്നി**


*" നിന്റെ മഹത്വമുദിക്കുംനാൾ*
*നിൽക്കണമിവർ വലഭാഗത്തിൽ"*
*സന്തപ്ത കുടുംബാംഗങ്ങൾ*

**k t \ l kacWb ¡**

**10 – ാം ചരമവാർഷികം**
**11- 04 - 2020**

**15 – ാം ചരമവാർഷികം**
**22 - 04 - 2020**






**T. M. Abraham (**Babu )
**തോമ്പുമണ്ണിൽ**
**ഇടക്കുളം, റാന്നി**

**T. O. Kuruvilla**
(Rtd. Insp.K.S.R.T.C)
**തുണ്ടിയിൽ**
**കറ്റോട്**

*" നിന്റെ മഹത്വമുദിക്കുംനാൾ*
*നിൽക്കണമിവർ വലഭാഗത്തിൽ"*
*സന്തപ്ത കുടുംബാംഗങ്ങൾ*

**20 – ാം ചരമവാർഷികം**
**15- 06- 2020**




**കെ.കെ. കുരുവിള**
**ആറൊന്നിൽ, റാന്നി**


*" നിന്റെ മഹത്വമുദിക്കുംനാൾ*
*നിൽക്കണമിവൻ വലഭാഗത്തിൽ"*
*സന്തപ്തകുടുംബാംഗങ്ങൾ*

**സ്നേഹസ്മരണയ്ക്ക്**

**19 – ാം ചരമവാർഷികം**
**25- 06- 2020**

**12 – ാം ചരമവാർഷികം**
**14- 6-2020**





**ചാക്കോ ഏബ്രഹാം**
**(തങ്കച്ചൻ)**

**കെ. എ. പുന്നൂസ്**
**(ജോയി)**

**കൊറ്റുചാലിൽ, ഇരവിപേരൂർ**

*" നിന്റെ മഹത്വമുദിക്കുംനാൾ*
*നിൽക്കണമിവർ വലഭാഗത്തിൽ"*
*സന്തപ്തകുടുംബാംഗങ്ങൾ*

17 – ാം ചരമവാർഷികം
26- 05- 2020

15 – ാം ചരമവാർഷികം
21- 07- 2020



വി.കെ. മത്തായി    മേരിക്കുട്ടി മത്തായി

വെച്ചൂപ്പറമ്പിൽ
വാകത്താനം

“IcpW \nd ª hs\ ]p\cp°m\ ¯nÂ
\n¶psS krjSnsb \o ]pXpXm¡oSWsa’’
സന്തപ്തകുടുംബാംഗങ്ങൾ

**16th Death Anniversary**
**26- 04 - 2020**



**Aleyamma Uthuppan**
**Pazhayakalam Neisseril**
**Kurichy**


നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൾ വലഭാഗത്തിൽ”
സന്തപ്ത കുടുംബാംഗങ്ങൾ

**10th Death Anniversary**
**18- 07- 2020**



**Mathew T**

05 – ാം ചരമവാർഷികം
14- 07-2020



മേരി ഉതുപ്പാൻ

14 – ാം ചരമവാർഷികം
22- 08-2020




റ്റി. യു. ഉതുപ്പാൻ

തെക്കേമൂഴിപ്പാറ, ചിങ്ങവനം

സന്തപ്തകുടുംബാംഗങ്ങൾ

**18 –ാം ചരമവാർഷികം**
**25-04-2020**



**ശോശാമ്മ മാത്യു**
**നൈപ്പള്ളിയൂഴത്തിൽ**
**കല്ലിശ്ശേരി**

*സന്തപ്ത കുടുംബാംഗങ്ങൾ*

---

**17 –ാം ചരമവാർഷികം**
**23-04-2020**




**കെ. യു. അന്ത്രയോസ്**
**കിഴക്കേക്കുറ്റ്**
**വാകത്താനം**

*സന്തപ്ത കുടുംബാംഗങ്ങൾ*

---

**20 –ാം ചരമവാർഷികം**
**05-04-2020**



**പി. എ. ഉതുപ്പാൻ**
**കുനിയാടത്ത്**
**കുറിച്ചി**

*സന്തപ്ത കുടുംബാംഗങ്ങൾ*

---

**11 –ാം ചരമവാർഷികം**
**18-03-2020**



**അച്ചാമ്മ തോമസ്**
**പൂവക്കുളത്ത്**
**മഴുക്കീർ, കല്ലിശ്ശേരി**

*സന്തപ്ത കുടുംബാംഗങ്ങൾ*

---


**25th Death Anniversary**
**16 - 04 - 2020**



**C. A. Abraham (Sunny)**
**Cherutharayil**
**Kaviyoor (Bangalore)**
**Family Members**

---

**4 –ാം ചരമവാർഷികം**
**10-04-2020**



**പാപ്പച്ചൻ (67)**
**ചെരിക്കലേത്ത്**
**ഐത്തല, റാന്നി**

*സന്തപ്ത കുടുംബാംഗങ്ങൾ*

---

**10 –ാം ചരമവാർഷികം**
**16-04-2020**



**പി. റ്റി. പുന്നൂസ്**
**പ്ലാന്തോട്ടത്തിൽ മലയിൽ**
**ഇരവിപേരൂർ, തിരുവല്ല**


*സന്തപ്ത കുടുംബാംഗങ്ങൾ*

---

**“ I cpW**
**\nd ª hs**
**]p\cp ° m\ ¯nÂ**
**\n¶psS**
**krjSnsb \o**
**]pXpXm¡oSWsa”**

---

**28th Death Anniversary**
**8-4-2020**



**C. K. Joseph**
**(Pappachen)**
**Cherivuparampil**
**Angadi, Ranny**

**Sorrowing Family**

---

**21 –ാം ചരമവാർഷികം**
**24-04-2020**




**Chinnamma Pothen**
**Kavumkal**
**Angadi, Ranny**

**Sorrowing Family**

---

**39 –ാം ചരമവാർഷികം**
**16-04-2020**



**എ. സി. കുറിയാക്കോസ്**
**ആലുങ്കൽ**
**നീലംപേരൂർ**

*സന്തപ്ത കുടുംബാംഗങ്ങൾ*

---

**15 –ാം ചരമവാർഷികം**
**22-04-2020**



**സാറാമ്മ ജേക്കബ്**
**തൈക്കുറിഞ്ഞി**
**കുറിച്ചി**

*സന്തപ്ത കുടുംബാംഗങ്ങൾ*



## 02 – ാം ചരമവാർഷികം
13- 06 - 2020

## എൻ. പി. ചാക്കോ
(കുഞ്ഞുമോൻ)

**നടുവിലേപറമ്പിൽ**
**കാവാലം (തിരുവല്ല)**

ഞാൻ നിങ്ങളിൽ നിന്ന് അകന്നുപോയെങ്കിലും എന്റെ സ്നേഹം എന്നും നിങ്ങളോടുകൂടി ഉണ്ടായിരിക്കും. സ്വർഗ്ഗരാജ്യത്തിൽ നാം ഒരുമിക്കുന്നതുവരെ നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കണമേ

സന്തപ്തകുടുംബാംഗങ്ങൾ



## 40 – ാം ചരമദിനം
09 – 06 – 2020

## എം. ജെ. ഏബ്രഹാം
## (അമ്പി)

മള്ളൂശ്ശേരിൽ, റാന്നി
26-09-1939 to 01-05-2020

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

ദു:ഖാർത്തരായ കുടുംബാംഗങ്ങൾ

Advt -O


Registered No. KL/CHC/29/2018-20
Published on 15 June 2020

KNANAYA DEEPAM
Chingavanam

RNI No. KERBIL/2006/19210
Vol. 31, Issue: 6 ` 15

# 10th Birthday in Heaven

07-05-2020



# Adv. Julian Kuruvilla Jacob

## Aronnil, Ranny

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

By Sorrowing Family

Printed And Published By **FR. JAICOBKUTTY K.S. KALLOOKULAM**, Owned By The Malankara Syrian Knanaya Archdiocese, Printed At Clemis Press, Clemis Centre, Chingavanam Kottayam And Published At Clemis Centre, Chingavanam, Kottayam. Editor : **ROY MATHEW COR-EPISCOPA MULAMOOTTIL**